പഞ്ചായത്ത് രാജ്

പുസ്തകം 55 ◆ ലക്കം 2 | പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം | മേയ് 2015

ദേശീയ പഞ്ചായത്ത് രാജ് അവാർഡുകൾ
കേരളം ഒന്നാമത്

International Conference on Deepening Democracy
ICODD 2015
Thiruvananthapuram May 15, 16, 17

ജനാധിപത്യ ശാക്തീകരണം
രണ്ടാം അന്താരാഷ്ട്ര സമ്മേളനം

കേരളം അനുകരണീയ മാതൃക ▸ കേന്ദ്രമന്ത്രി ചൗധരിബിരേന്ദർസിംഗ്

കുടുംബശ്രീയും ആശ്രയ പദ്ധതിയും മാതൃകയാവുന്നു ▸ മുഖ്യമന്ത്രി ഉമ്മൻചാണ്ടി

അവകാശങ്ങളും വികസനവും ▸ പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീർ

'നമ്മുടെ പഞ്ചായത്ത്
ശുചിത്വത്തിന്റെ പാതയിൽ

പഞ്ചായത്തിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'

- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

നമ്മുടെ ലക്ഷ്യം
മാലിന്യമുക്ത കേരളം

മാലിന്യമുക്ത കേരളം

പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

പഞ്ചായത്ത് രാജ്
മേയ് 2015

ഉള്ളടക്കം

5 എഡിറ്ററുടെ പേജ്

6 അവകാശാധിഷ്ഠിത വികസനം
ഡോ. എം.കെ. മുനീർ

8 ജനാധിപത്യ ശാക്തീകരണം
രണ്ടാം അന്താരാഷ്ട്ര സമ്മേളനം

11 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ
നിയോജകമണ്ഡല/വാർഡ് വിഭജനം
സി.എൻ. ബാബു

14 ഗാർഹിക പീഡനം: സ്ത്രീകൾക്ക് സംരക്ഷണം
നൽകാനുള്ളള നിയമം 2015

17 നിയമസഹായത്തിനുള്ള അവകാശം:
ഭരണഘടനാപരമായ പ്രതിബദ്ധത
പൂജാ പി. വർദ്ധൻ

20 ഗ്രാമപഞ്ചായത്തുകളിലൂടെ

22 അതുല്യം 2014-15: സമ്പൂർണ്ണ പ്രാഥമിക
വിദ്യാഭ്യാസം രണ്ടാംഘട്ടം വീണ്ടും മാതൃക
കൊല്ലയിൽ ശ്രീകണ്ഠൻ നായർ

24 "കോഞ്ഞാക്ക്"
ഇന്ത്യക്കിണങ്ങിയ പുതിയ ചേനവിള
എം. എ. സുധീർ ബാബു പട്ടാമ്പി

27 സമൃദ്ധിയുടെ നല്ല നാളെകൾ വാഗ്ദാനം
ചെയ്ത് സുകന്യ സമൃദ്ധി യോജന

29 ചേലോറ ഗ്രാമപഞ്ചായത്ത്
മികവിന്റെ കേന്ദ്രമായി പെരിങ്ങളായി ശിശുമന്ദിരം

31 പ്രധാനമന്ത്രിയുടെ പൊതുഭരണ അവാർഡ്
ഇരവിപേരൂർ ഗ്രാമപഞ്ചായത്തിന്

33 ആണവോർജ്ജകോർപ്പറേഷനും
പരിസ്ഥിതിയും
ജെ. ദേവപ്രകാശ്

37 അവകാശങ്ങളും വികസനവും

ദേശീയ പഞ്ചായത്ത് രാജ് അവാർഡുകൾ
കേരളം ഒന്നാമത്

പ്രധാനമന്ത്രിയിൽ നിന്ന് പഞ്ചായത്ത് വകുപ്പുമന്ത്രി അവാർഡ് ഏറ്റുവാങ്ങുന്നു

2014-15ലെ അധികാര വികേന്ദ്രീകരണത്തിനും പഞ്ചായത്ത് രാജ് ശാക്തീകരണത്തിനുമുള്ള ഏറ്റവും മികച്ച സംസ്ഥാന അവാർഡ് കേരളത്തിന് ലഭിച്ചു. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ പ്രവർത്തനത്തിനുള്ള ഏറ്റവും മികച്ച സാഹചര്യങ്ങൾ ഏർപ്പെടുത്തിയ സംസ്ഥാനമായി കേരളം റാങ്കിംഗിൽ ഏറ്റവും മുന്നിലെത്തി. ഏപ്രിൽ 24ന് ദേശീയ പഞ്ചായത്ത് രാജ് ദിനാഘോഷവേളയിൽ ന്യൂഡൽഹിയിൽ വച്ച് പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദിയിൽ നിന്ന് പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പുമന്ത്രി ഡോ. എം.കെ. മുനീർ അവാർഡ് ഏറ്റുവാങ്ങി.

കൂടാതെ താഴെപ്പറയുന്ന പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കും പഞ്ചായത്തിരാജ് സശാക്തീകരൺ അവാർഡുകൾ ലഭിക്കുകയുണ്ടായി. കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രി ഏപ്രിൽ 24ന് ഡൽഹിയിൽ വച്ച് അവാർഡുകൾ വിതരണം ചെയ്തു.

	അവാർഡുകൾ ലഭിച്ച തദ്ദേശഭരണ സ്ഥാപനങ്ങൾ	അവാർഡ് തുക
1.	കൊല്ലം ജില്ലാ പഞ്ചായത്ത്	30 ലക്ഷം
2.	ഇടുക്കി ബ്ലോക്ക് പഞ്ചായത്ത്	20
3.	വെളിയനാട് ബ്ലോക്ക് പഞ്ചായത്ത്	20
4.	നാദാപുരം ഗ്രാമപഞ്ചായത്ത്	15
5.	മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്ത്	15
6.	കവിയൂർ ഗ്രാമപഞ്ചായത്ത്	15

ഏറ്റവും മികച്ച ഗ്രാമസഭാ പ്രവർത്തനങ്ങൾ നടത്തിയ ഗ്രാമപഞ്ചായത്തിനുള്ള രാഷ്ട്രീയ ഗൗരവ് ഗ്രാമസഭാ പുരസ്കാർ എറണാകുളം ജില്ലയിലെ മണീട് ഗ്രാമപഞ്ചായത്തിന് ലഭിച്ചു. അവാർഡ് തുക 10 ലക്ഷം രൂപ.

പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

മേയ് 2015 | പുസ്തകം 55 | ലക്കം 2 | വാർഷിക വരിസംഖ്യ: ₹120

www.lsgkerala.gov.in

ഉപദേശക സമിതി

ചെയർമാൻ

ഡോ. എം.കെ. മുനീർ
പഞ്ചായത്ത് സാമൂഹ്യനീതിവകുപ്പ് മന്ത്രി

അംഗങ്ങൾ

ജയിംസ് വർഗ്ഗീസ്, ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി
തദ്ദേശസ്വയംഭരണവകുപ്പ്

മിനി ആന്റണി, ഐ.എ.എസ്.
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

പി.ടി. മാത്യു
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

പി.പി. ജയിംസ്
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം

എ. ഹാഷിം
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ

സി.എ. ലത ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ

സി.എ. ലത ഐ.എ.എസ്.
e-mail: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ

എ. ഹാഷിം
e-mail: prodp12@gmail.com
Ph: 0471-2321280

കവർ ഡിസൈൻ & ലേ ഔട്ട്
mayasanthoshm@gmail.com

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്വമില്ല.

മേൽവിലാസം

എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം - 695033.

എഡിറ്റോറിയൽ

കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ഒരിക്കൽ കൂടി ദേശീയതലത്തിൽ അംഗീകാരം ലഭിച്ചിരിക്കുന്നു. 2014-15ലെ അധികാര വികേന്ദ്രീകരണത്തിനും പഞ്ചായത്ത് രാജ് ശാക്തീകരണത്തിനുമുള്ള ഏറ്റവും മികച്ച സംസ്ഥാനമായി തെരഞ്ഞെടുത്തത് കേരളത്തെയാണ്. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ പ്രവർത്തനത്തിനുള്ള ഏറ്റവും മികച്ച സാഹചര്യങ്ങൾ ഏർപ്പെടുത്തിയ സംസ്ഥാനമെന്ന നിലയിൽ കേരളം റാങ്കിംഗിൽ ഏറ്റവും മുന്നിലെത്തി. ഏപ്രിൽ 24-ാം തീയതി ഡൽഹിയിൽ വച്ച് ബഹു.പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദിയിൽ നിന്നും പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീർ അവാർഡ് ഏറ്റുവാങ്ങുമ്പോൾ കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് അത് അഭിമാനത്തിന്റെ നിമിഷങ്ങളായിരുന്നു. സംസ്ഥാനത്തിന് അവാർഡ് ലഭിച്ചതിനോടൊപ്പം വിവിധ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കും പഞ്ചായത്തിരാജ് സശാക്തീകരൺ അവാർഡുകൾ ലഭിക്കുകയുണ്ടായി. പ്രസ്തുത അവാർഡുകൾ കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രിയിൽ നിന്നും തദ്ദേശ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാർ ഏറ്റുവാങ്ങി. കേരളത്തിലെ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെക്കുറിച്ച് കൂടുതൽ പഠിക്കാനും നേരിൽ കാണാനും മറ്റ് ഇതര സംസ്ഥാനങ്ങളിൽ നിന്നും മന്ത്രിമാർ ഉൾപ്പെടെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥ പ്രമുഖർ തുടങ്ങിയവർ നിരന്തരം നമ്മുടെ ഗ്രാമപഞ്ചായത്തുകൾ സന്ദർശിച്ചുകൊണ്ടിരിക്കുന്നു.

ഇത്തരത്തിൽ നമ്മുടെ ഗ്രാമപഞ്ചായത്തുകൾ ആർജ്ജിച്ച പേരും പ്രശസ്തിയും നിലനിർത്താനും കൂടുതൽ സേവന, വികസന മാതൃകകൾ സ്വീകരിക്കാനും ഇത്തരം അവാർഡുകൾ നമ്മുടെ ഗ്രാമപഞ്ചായത്തുകൾക്ക് പ്രചോദനമാകേണ്ടതാണ്.

മേയ് 15, 16, 17 തീയതികളിലായി കോവളത്ത് വച്ച് നടന്ന 'രണ്ടാം ICODD' ജനാധിപത്യം പ്രാദേശിക സർക്കാരുകളിലൂടെ, കൂടുതൽ ആഴത്തിൽ ജനങ്ങളിലേക്ക് എത്തിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്ന തരത്തിലുള്ളതായിരുന്നു. പ്രാദേശിക സർക്കാരുകളും അവകാശാധിഷ്ഠിത വികസനവും എന്നതായിരുന്നു രണ്ടാം ഐക്കോഡിന്റെ മുഖ്യ അജണ്ട. അവിടെ നടന്ന പ്രസംഗങ്ങളും ചർച്ചകളും അധികാരവികേന്ദ്രീകരണത്തിൽ പ്രാദേശിക സർക്കാരുകൾ ഇനിയും കൂടുതൽ മുന്നോട്ട് പോകേണ്ടതുണ്ട് എന്ന് വെളിവാകുന്ന തരത്തിലുള്ളതായിരുന്നു. അധികാരവികേന്ദ്രീകരണം രണ്ട് പതിറ്റാണ്ടുകൾ പിന്നിടുമ്പോൾ പാർശ്വവൽക്കരിക്കപ്പെട്ടവരുടെ അവസ്ഥ ഇനിയും മെച്ചപ്പെടേണ്ടതുണ്ടെന്ന് നാം മനസിലാക്കണം.

നിലവിലുള്ള പഞ്ചായത്ത് ഭരണസമിതിയുടെ കാലാവധി 2015 ഒക്ടോബർ 31ന് അവസാനിക്കുകയാണ്. പുതിയ ഭരണ സമിതികളെ തെരഞ്ഞെടുക്കാൻ തെരഞ്ഞെടുപ്പ് നടപടികൾ തുടങ്ങിക്കഴിഞ്ഞു. പുതുതായി രൂപീകരിക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെയും അർത്തി മാറ്റം വരുന്ന മറ്റ് ഗ്രാമപഞ്ചായത്തുകളുടെയും വാർഡ് വിഭജനം ഡി ലിമിറ്റേഷൻ കമ്മീഷന്റെ മേൽനോട്ടത്തിൽ നടന്നുവരുന്നു. നിലവിലുള്ള പഞ്ചായത്ത് ഭരണസമിതികൾ ഇലക്ഷൻ പ്രവർത്തനങ്ങളിൽ വ്യാപൃതരാകുന്നതിന് മുമ്പുതന്നെ അവരുടെ സഹകരണത്തോടെ 2015-16ലെ പദ്ധതികൾ നടപ്പിലാക്കാൻ പഞ്ചായത്തുസെക്രട്ടറിമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. നമ്മുടെ ഗ്രാമപഞ്ചായത്തു കാര്യാലയങ്ങൾ മറ്റ് ഇതര സർക്കാർ വകുപ്പുകളേക്കാൾ പ്രവർത്തനമികവിൽ വളരെ മുന്നിലാണ്. ഈ സ്ഥാനം നിലനിർത്താനും കൂടുതൽ മുന്നേറാനും നാം ശ്രമിക്കണം. ചുരുക്കം ചില ഗ്രാമപഞ്ചായത്തുകളിൽ സെക്രട്ടറിമാരുടെ തസ്തിക ബഹു. കേരള ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ് നിലവിലുണ്ടായിരുന്നതിനാൽ ഒഴിഞ്ഞു കിടന്നിരുന്നു. ബഹു. കോടതിയുടെ അനുമതിയോടെ ഉടൻ അതിനു പരിഹാരം ഉണ്ടാകും. ഇത്തരം സാഹചര്യങ്ങളിൽ ജീവനക്കാരുടെ ആത്മാർത്ഥമായ സഹകരണം ഉണ്ടാകേണ്ടതാണ്.

ചുരുക്കത്തിൽ കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങളുടെ മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്ക് സംസ്ഥാനത്തിനു ലഭിച്ച ദേശീയ അവാർഡും, തദ്ദേശ സ്ഥാപനങ്ങൾക്ക് ലഭിച്ച പ്രവർത്തന മികവിനുള്ള അവാർഡും വരും വർഷങ്ങളിലും നിലനിർത്താൻ കഴിയുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ ഉണ്ടാകണമെന്ന് ജനപ്രതിനിധികളോടും ജീവനക്കാരോടും അഭ്യർത്ഥിക്കുന്നു.

സി.എ. ലത ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

അവകാശാധിഷ്ഠിത വികസനം

ഡോ. എം.കെ. മുനീർ
പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി

അവകാശത്തിൽ അധിഷ്ഠിതമായ വികസനം എന്ന ആശയത്തിന് കൂടുതൽ പ്രാധാന്യം കൈവന്നു എന്നതാണ് ഐക്കോഡ്, 2015 ൽ വിവിധ സെഷനുകളിൽ നടന്ന ചർച്ചകളിൽ നിന്ന് ഞാൻ മനസ്സിലാക്കുന്നു. അവകാശത്തിൽ അധിഷ്ഠിതമായ വികസനം എന്നാൽ സാമൂഹ്യനീതിയുടെ സാക്ഷാത്കാരമാണ്. അധികാരവികേന്ദ്രീകരണത്തിന്റെയും തദ്ദേശഭരണത്തിന്റ മനുഷ്യപക്ഷ സേവനത്തിന്റെയും വിജയം അളക്കാൻ കഴിയുക സാമൂഹ്യനീതി എത്രത്തോളം ലഭ്യമാക്കി എന്നതിലൂടെയാണ്. സാമൂഹ്യനീതിയും അവകാശങ്ങളും അർഹരിൽ എത്തിക്കുക എന്നത് കർത്തവ്യമായി ഏറ്റെടുത്ത ഗവൺമെന്റാണ് കേരളത്തിലുള്ളത്. ഗവൺമെന്റിന്റെ പ്രഖ്യാപിതലക്ഷ്യം തന്നെ കരുതലും വികസനവും എന്നതാണ്. കരുതലും വികസനവും എന്നത് അവകാശാധിഷ്ഠിതമാണ് ഈ ദൗത്യപൂർത്തീകരണത്തിൽ നമ്മൾ ഒട്ടേറെ ദൂരം പിന്നിട്ടുകഴിഞ്ഞു. പാർശ്വവൽക്കൃത വിഭാഗത്തിന്റെ സാമൂഹ്യാവകാശങ്ങൾ നിറവേറ്റാനായി 10% പദ്ധതിത്തുക എങ്കിലും ചെലവിടാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ട്. പരമാവധി എത്ര തുക വേണമെങ്കിലും ചെലവിടാം.

കരുതൽ അല്ലെങ്കിൽ അവകാശം അർഹരിൽ എത്തിക്കുന്നതിൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ പ്രശംസനീയമായ സേവനമാണ് കാഴ്ചവയ്ക്കുന്നത്. ശ്രുതിതരംഗം പദ്ധതിയിലൂടെ 500 ൽ അധികം കുഞ്ഞുങ്ങൾക്ക് സംസാര ശ്രവണശേഷി കൈവരുത്തി. 5 ലക്ഷം രൂപ ചെലവുള്ള ശസ്ത്രക്രിയ സൗജന്യമായിട്ടാണ് ഈ കുട്ടികൾക്ക് നടത്തിയത്. മാതാപിതാക്കൾ ഇരുവരുമോ ഒരാളോ നഷ്ടമായ 60000 കുട്ടികൾക്ക് കോളജ് തലം വരെ ഗാർഹികാന്തരീക്ഷത്തിൽ താമസിച്ച് വിദ്യാഭ്യാസം ചെയ്യുന്നതിനായി പ്രതിമാസം 500 രൂപ മുതൽ 1200 രൂപ വരെ 'സ്നേഹപൂർവം' പദ്ധതി പ്രകാരം സ്കോളർഷിപ്പ് നൽകുന്നു. സ്ഥിരം കിടപ്പിലായ 55,000 ആളുകളുടെ കൂട്ടിരിപ്പുകാർക്ക് പ്രതിമാസം 525 രൂപ നിരക്കിൽ സമാശ്വാസധനം മിഷൻ നൽകുന്നു. എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള പെൻഷനായി പ്രതിവർഷം 120 കോടി രൂപ സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന വിതരണം ചെയ്യുന്നുണ്ട്. വിശപ്പ് രഹിത നഗരം പദ്ധതിയിലൂടെ അഞ്ച് നഗരങ്ങളിൽ സൗജന്യ ഉച്ചഭക്ഷണം ദിവസേന പതിനായിരത്തോളം പേർക്ക് ലഭ്യമാക്കുന്നു. കാൻസർസുരക്ഷ, ഹീമോഫീലിയ രോഗികൾക്കുള്ള പെൻഷൻ, 'പ്രത്യാശ' വിവാഹധനസഹായം എന്നിങ്ങനെ സമൂഹശ്രേണിയിലെ ദുർബലർക്ക് ആശ്വാസം പകരുന്ന നിരവധി പദ്ധതികളിലൂടെ മനുഷ്യാവകാശം അർഹരിൽ എത്തിക്കുന്നതിൽ ഫലപ്രദമായി പ്രവർത്തിക്കാൻ നമുക്ക് കഴിയുന്നുണ്ട്. ഈ പദ്ധതികളുടെ വിജയത്തിന് സ്വന്തം ഫണ്ട് സംഭാവന ചെയ്തുകൊണ്ട് കേരളത്തിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഉദാര സമീപനം സ്വീകരിക്കുകയുണ്ടായി. യഥാർത്ഥ സാമൂഹ്യ പ്രശ്നം പരിഹരിക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനങ്ങളും സാമൂഹ്യനീതി വകുപ്പും കൈകോർക്കുന്നതിന്റെ മികവാർന്ന അനുഭവമാണിത്.

കേരള സ്ത്രീയുടെ സാമൂഹ്യ-സാമ്പത്തിക സ്ഥിതിയിൽ ഘടനാപരമായ മാറ്റം സൃഷ്ടിച്ച കുടുംബശ്രീയെ ഇന്ന് ഏവരും പ്രകീർത്തിക്കുന്നു. 'ആശ്രയ' കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ്. സമൂഹത്തിലെ അതിദുർബലർക്ക് സമാശ്വാസമാകുന്നതാണ് ഇത്. സ്നേഹിത ഷെൽട്ടർ ഹോമുകൾ, 53 ബഡ്സ് സ്കൂളുകൾ എന്നിവയും മിഷന്റെ പ്രവർത്തന പദ്ധതിയിൽ ഉൾപ്പെടുന്നു. കേരളം ഇന്നേവരെ അതിന്റെ മനുഷ്യ വിഭവശേഷിയാണ് കയറ്റുമതി ചെയ്തിരുന്നതെങ്കിൽ കുടുംബശ്രീയിലൂടെ അത് അനുഭവവൈദഗ്ദ്ധ്യത്തിന്റെ കയറ്റുമതിയാവുകയാണ്. എത്യോപ്യൻ ഗവൺമെന്റുമായി ഈ കൈമാറ്റം സംബന്ധിച്ച് കുടുംബശ്രീ ഒരു ഉടമ്പടിയിൽ ഏർപ്പെടുകയാണ്. ദുബായ് ഫെസ്റ്റിൽ 'കഫേ' കുടുംബശ്രീ സാർവത്രിക പ്രശംസ നേടി. ഭാവിയിലും പുതിയ വിജയചരിത്രം കുറിച്ചുകൊണ്ട് കുടുംബശ്രീ മുന്നേറുക തന്നെ ചെയ്യും.

27 ലക്ഷത്തിലധികം ആളുകൾക്ക് അവരുടെ സ്വന്തം ബാങ്ക് അക്കൗണ്ടുകളിലേക്ക് പ്രതിമാസം ക്ഷേമ പെൻഷനുകൾ എത്തുന്ന ഡയറക്ട് ബനിഫിഷ്യറി ട്രാൻസ്ഫർ (DBT) സമ്പ്രദായം ഏർപ്പെടുത്തി. ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചെടുത്ത സോഫ്റ്റ് വെയറിലൂടെയാണിത്. തദ്ദേശഭരണ സ്ഥാപനങ്ങളിലേക്കുള്ള അപേക്ഷാ സമർപ്പണവും സർട്ടിഫിക്കറ്റ് ലഭ്യതയും ഇപ്പോൾ മിക്കവാറും ഓൺലൈനാണ് അംഗീകൃത ആശുപത്രികളിലെ പ്രസവത്തിന് 10-60 മിനിട്ടുകൾക്കുള്ളിൽ കുഞ്ഞിന്റെ രക്ഷകർത്താവിന് എസ്.എം.എസ് അലർട്ടിലൂടെ ജനന സർട്ടിഫിക്കറ്റ് ലഭിക്കുന്നു. 92% തദ്ദേശ ഭരണസ്ഥാപനങ്ങൾ ഇടമലക്കുടി ആദിവാസി പഞ്ചായത്ത് ഉൾപ്പെടെ നാഷണൽ ഓപ്റ്റിക്കൽ ഫൈബർ നെറ്റ്വർക്കിൽ കണക്ട് ചെയ്യപ്പെട്ടു കഴിഞ്ഞു. ഈ മാസത്തോടെ 100% NOFN കണക്ഷൻ പൂർത്തിയാക്കും. ഇതിനർത്ഥം ഗ്രാമീണർക്ക് തങ്ങളുടെ അവകാശം കലാതാമസം കൂടാതെ ലഭിക്കാനുള്ള അവസരം കൈവരുന്നു എന്നാണ്. വിവരാവകാശ നിയമം ഇതിന് കൂടുതൽ ആക്കം പകരും.

സംസ്ഥാനങ്ങൾക്ക് ഇനിയും കൂടുതൽ അധികാരം കൈമാറുക കേന്ദ്ര നയമാണെന്ന് ഞാൻ മനസ്സിലാക്കുന്നു. അങ്ങനെയെങ്കിൽ 2019 ആകുമ്പോഴേക്കും കേന്ദ്രാവിഷ്കൃത പദ്ധതികൾ പരിമിതമാകും. ഇതിന്റെ പരിണിതഫലമായി തദ്ദേശ സ്ഥാപനങ്ങൾക്ക് സംസ്ഥാനങ്ങളും കൂടുതൽ അധികാരം കൈമാറേണ്ടതായിവരും. അതോടെ ഈ സ്ഥാപനങ്ങൾ ഇനിയും ശക്തിപ്പെടും.

അവകാശാധിഷ്ഠിത വികസനം എത്രയും വേഗം എങ്ങനെ പ്രാവർത്തികമാക്കാം എന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ വിചിന്തനം നടത്തേണ്ട അവസരമാണിത്. ഇവിടെ അനേകം പ്രതിനിധികൾ പങ്ക് വച്ച ഈ ദിശയിലെ അനുഭവ പരിജ്ഞാനം നമ്മെ പുതിയ ആശയ ലോകത്തേക്കും പ്രായോഗിക യാഥാർത്ഥ്യങ്ങളിലേക്കും കൊണ്ടുപോവുകയുണ്ടായി. സാധാരണ മനുഷ്യന്റെ ഒരിക്കലും മരിക്കാത്ത ശുഭാപ്തി വിശ്വാസവും സാമൂഹ്യനീതിക്കായുള്ള ഭരണാധിപന്മാരുടെ നിശ്ചയ ദാർഢ്യവും ഇവിടെ അനാവൃതമാവുകയുണ്ടായി. നമ്മുടെ തദ്ദേശഭരണ സ്ഥാപനങ്ങൾ അവകാശങ്ങളിൽ അധിഷ്ഠിതമായ ഒരു വികസന പരിപ്രേക്ഷ്യം രൂപപ്പെടുത്തുന്നതിനും ഉത്തേജനം പകരുന്നതിനും ഈ ചർച്ചകൾ സഹായകമാകും എന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ◆

(ഐക്കോഡ് 2015 ന്റെ സമാപന സമ്മേളനത്തിൽ ബഹു. മന്ത്രി നടത്തിയ അദ്ധ്യക്ഷ പ്രസംഗത്തിന്റെ സംക്ഷിപ്തം)

ജനാധിപത്യ ശാക്തീകരണം രണ്ടാം അന്താരാഷ്ട്ര സമ്മേളനം

ICODD 2015

ജനാധിപത്യ ശാക്തീകരണം ഉന്നം വെച്ച് കൊണ്ടുള്ള രണ്ടാം അന്താരാഷ്ട്ര സമ്മേളനം (ICODD 2015) കോവളം സമുദ്ര, ഉദയസമുദ്ര എന്നിവിടങ്ങളിലായി 2015 മെയ് 15,16,17 തീയതികളിൽ നടന്നു. "പ്രാദേശിക സർക്കാരുകളും അവകാശാധിഷ്ഠിത വികസനവും" എന്ന വിഷയത്തിനാണ് ഇത്തവണ സമ്മേളനം ഊന്നൽ നൽകിയത്. കഴിഞ്ഞ വർഷം ജനുവരിയിൽ നടന്ന ഒന്നാം ഐക്കോഡ് പോലെ തന്നെ വൻവിജയമായ രണ്ടാം അന്താരാഷ്ട്ര സമ്മേളനത്തിലും ഇൻഡ്യയിൽ നിന്നും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുമുള്ള വിദഗ്ദർ പങ്കെടുത്തു. വിവിധ വിഷയങ്ങളിലായി പതിനാറ് സാങ്കേതിക സെക്ഷനുകളിൽ ഉന്നതനിലവാരമുള്ളതും ആനുകാലിക പ്രസക്തങ്ങളുമായ ഒട്ടനവധി പ്രബന്ധങ്ങൾ അവതരിക്കപ്പെട്ടു.

കോവളം സമുദ്ര ഹോട്ടൽ ആഡിറ്റോറിയത്തിലെ നിറഞ്ഞുകവിഞ്ഞ സദസ്സിനെ സാക്ഷിയാക്കി മെയ് 15-ാം തീയതി വെള്ളിയാഴ്ച രാവിലെ 10 മണിക്ക് സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ.എം.കെ. മുനീറിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ഉത്ഘാടന യോഗത്തിൽ കേന്ദ്ര പഞ്ചായത്ത് രാജ് ഗ്രാമവികസന വകുപ്പ് മന്ത്രി ചൗധരി ബീരേന്ദ്ര സിംഗ് ഭദ്രദീപം

ശേഷം 10-ാം പേജിൽ

കേരളം അനുകരണീയ മാതൃക
കേന്ദ്രമന്ത്രി ചൗധരിബിരേന്ദർസിംഗ്

ഭരണനിർവഹണം അർത്ഥ പൂർണമായി നിർവഹിക്കാൻ പ്രാദേശിക ഭരണ സമ്പ്രദായത്തിന് മാത്രമേ കഴിയൂ എന്ന് ലോകത്തെല്ലായിടത്തും തെളിയിക്കപ്പെട്ടിട്ടുള്ള വസ്തുതയാണെന്നും ഇക്കാര്യത്തിൽ കേരളം അനുകരണീയ മാതൃകയാണെന്നും കേന്ദ്രമന്ത്രി ചൗധരി ബീരേന്ദർസിംഗ് പറഞ്ഞു. കോവളത്ത് വച്ച് നടന്ന രണ്ടാം ICODD 2015 ന്റെ ഉദ്ഘാടന സെഷനിൽ ഉദ്ഘാടന പ്രസംഗം നടത്തുകയായിരുന്നു മന്ത്രി. പ്രാദേശികമായി, ഒരു പൗരന് പൗരാവകാശത്തോടെ ഇടപെടാൻ കഴിയുന്ന ഇടമാണ് ജനാധിപത്യ അധികാര വികേന്ദ്രീകരണത്തിലൂടെ ലഭിക്കുന്നത്. അടുത്ത അഞ്ചു വർഷം ഇന്ത്യയിലുടനീളമുള്ള പഞ്ചായത്തുകൾ ഗുണനിലവാരത്തോടെ, തദ്ദേശീയ സേവനങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് ഗ്രാമീണ ജനങ്ങൾക്കിടയിൽ പ്രവർത്തിക്കാനുള്ള പദ്ധതികൾ തയ്യാറാക്കിയിരിക്കുകയാണെന്നും മന്ത്രി പറഞ്ഞു. കേരള സർക്കാരിന്റെ അനുഭവവും പ്രവർത്തന നൈപുണ്യവും പഞ്ചായത്തുകളുടെ വികേന്ദ്രീകൃത പദ്ധതികൾക്ക് ഏറെ പ്രയോജനം ചെയ്യുന്നതാണ്. കേരളസർക്കാരിന്റെ അനുഭവ പരിചയം ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്കും മാതൃകയാക്കാവുന്നതാണ്.

കേരളത്തതിലെ പഞ്ചായത്തിരാജ് പ്രവർത്തനങ്ങൾക്ക്, പഞ്ചായത്ത് രാജ് മന്ത്രാലയത്തിനും മറ്റ് സംസ്ഥാനങ്ങൾക്കും വികസനത്തെക്കുറിച്ച് ഏറെ പഠിക്കാനുള്ള പ്രേരണയായിട്ടുണ്ട്. കേരളവികസനത്തിന്റെ മറ്റൊരു പ്രധാന മുഖമുദ്ര കുടുംബശ്രീ പദ്ധതികളുടെ വിജയകരമായ നടത്തിപ്പാണെന്നും മന്ത്രി പറഞ്ഞു.

കുടുംബശ്രീയും ആശ്രയ പദ്ധതിയും മാതൃകയാകുന്നു
മുഖ്യമന്ത്രി ഉമ്മൻചാണ്ടി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റടുത്ത പദ്ധതികളിൽ മാതൃകാപദ്ധതിയായി തന്റെ മനസ്സിൽ ആദ്യം വരുന്നത് കുടുംബശ്രീയും ആശ്രയപദ്ധതിയുമാണെന്ന് മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. മേയ് 17-ാം തീയതി കോവളത്ത് വച്ച് നടന്ന രണ്ടാം ICODD 2015ന്റെ സമാപന സമ്മേളനം സമുദ്രാ ഹോട്ടലിൽ ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. രാജ്യത്തിന്റെ പുരോഗതിക്കായി നല്ല മാതൃകാപദ്ധതികൾ ഉണ്ടാകേണ്ടതാണെന്നും ഇത്തരം പദ്ധതികൾ സംസ്ഥാനങ്ങൾ തമ്മിലും രാജ്യങ്ങൾ തമ്മിലും പകർത്താവുന്നവയാണെന്നും മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രാദേശിക സർക്കാരുകളായി പ്രവർത്തിക്കുന്നതിനാവശ്യമായ സാമ്പത്തിക സ്രോതസ്സും ജീവനക്കാരും വളരെ അത്യന്താപേക്ഷിതമായതിനാൽ സർക്കാർ അക്കാര്യത്തിൽ നിതാന്ത ജാഗ്രത പുലർത്തുന്നുണ്ടെന്നും സർക്കാരിന്റെ പ്രധാന മുദ്രാവാക്യം “വികസനവും കരുതലും” എന്നാണെന്നും, ഈ ആശയം ഉൾക്കൊള്ളാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുന്നോട്ട് വരണമെന്നും മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. പഞ്ചായത്ത് സാമൂഹ്യനീതിവകുപ്പ് മന്ത്രി എം.കെ. മുനീർ അദ്ധ്യക്ഷത വഹിച്ച സമാപന സമ്മേളനത്തിന് പഞ്ചായത്ത് ഡയറക്ടർ സി.എ. ലത ഐ.എ.എസ്. സ്വാഗതവും, പ്രോഗ്രാം ചീഫ് കോ-ഓർഡിനേറ്റർ എസ്. ദിവാകരൻപിള്ള നന്ദിയും പറഞ്ഞു.

8-ാം പേജിൽ നിന്നും തുടർച്ച

തെളിയിച്ചതോടെ രണ്ടാം അന്താരാഷ്ട്ര സമ്മേളനത്തിന് തിരശ്ശീല ഉയർന്നു.

സിക്കിം പഞ്ചായത്ത് രാജ് മന്ത്രി ഷേർ ബഹാദൂർ സുബേദി (S.B.Subedi), കർണ്ണാടക മന്ത്രി എച്ച്.കെ. പാട്ടീൽ, ശശി തരൂർ എം.പി, തിരുവനന്തപുരം നഗരസഭാ മേയർ കെ. ചന്ദ്രിക, സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ കെ.എം.ചന്ദ്രശേഖർ, സംസ്ഥാന ആസൂത്രണ ബോർഡ് അംഗം സി.പി.ജോൺ, എസ്.എം.വിജയാനന്ദ് ഐ.എ.എസ്., ജെയിംസ് വർഗ്ഗീസ് ഐ.എ.എസ്, പഞ്ചായത്ത് ഡയറക്ടർ ലത ഐ.എ.എസ്, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറി സുപ്പി നരിക്കാട്ടേരി, UNFPA-യുടെ ഇന്ത്യാ-ഭൂട്ടാൻ തലവൻ Frederika Meijer, UNDP യുടെ Deputy Country Director Marina Walter, KILA ഡയറക്ടർ ഡോ. പി.പി.ബാലൻ എന്നിവർ സംസാരിച്ചു.

ഉച്ചതിരിഞ്ഞ് 2.30 മുതൽ വിവിധ വിഷയങ്ങളെ സംബന്ധിച്ച് നാല് വേദികളിലായി ടെക്നിക്കൽ സെക്ഷനുകൾ നടന്നു. വേദി ഒന്നിൽ പ്രാദേശിക സർക്കാരുകളും അറിയവാനുള്ള അവകാശവും വേദി രണ്ടിൽ “പ്രാദേശിക സർക്കാരുകളും, വയോധികരുടെ അവകാശവും” വേദി മൂന്നിൽ “പ്രാദേശിക സർക്കാരുകളും, തൊഴിലിനുള്ള അവകാശവും” വേദി നാലിൽ “പ്രാദേശിക സർക്കാരുകളും, ആരോഗ്യത്തിനുള്ള അവകാശവും” എന്ന വിഷയത്തെ ആസ്പദമാക്കിയും ഉള്ള സെമിനാറുകൾ നടന്നു. ആരോഗ്യ സെമിനാർ ആരോഗ്യവകുപ്പു മന്ത്രി വി.എസ്. ശിവകുമാർ ഉദ്ഘാടനം ചെയ്തു. സെമിനാറുകളിൽ വിവിധ യൂണിവേഴ്സിറ്റികളിൽ നിന്നും എത്തി ചേർന്ന വിദഗ്ദരും, ഗവേഷകരും പഠനാർഹമായ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

ഉത്ഘാടന ദിവസം വൈകിട്ട് 5.30 മുതൽ നടന്ന അനുഭവങ്ങൾ പങ്കുവയ്ക്കൽ (Sharing experience) എന്ന പരിപാടി അന്താരാഷ്ട്ര സമ്മേളനത്തിൽ പൊതു ശ്രദ്ധ പിടിച്ചുപറ്റി. പഞ്ചായത്ത് വകുപ്പ് മന്ത്രി. ഡോ. എം. കെ. മുനീർ, സിക്കിം പഞ്ചായത്ത് രാജ് വകുപ്പ് മന്ത്രി എസ്. ബി. സുബേഡി, കർണ്ണാടക മന്ത്രി എച്ച്. കെ. പാട്ടീൽ, ഗുജറാത്ത് റൂറൽ ഹെൽത്ത് ആന്റ് റൂറൽ ഡെവലപ്പ്മെന്റ് പ്രിൻസിപ്പൽ സെക്രട്ടറി പി.കെ. പാർമർ എന്നിവർ പങ്കെടുത്ത് അവരുടെ സംസ്ഥാനത്തെ അധികാര വികേന്ദ്രീകരണത്തിന്റെ നേട്ടങ്ങൾ വിശദീകരിക്കുകയും സംസ്ഥാനങ്ങൾ തമ്മിൽ അവരുടെ നേട്ടങ്ങൾ തമ്മിൽ താരതമ്യം ചെയ്തും മികവുറ്റ പദ്ധതികൾ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് പഠിക്കാനും, ഉൾക്കൊള്ളാനും ഈ പരിപാടി വേദിയൊരുക്കി. 8.00 മണി മുതൽ വേദി ഒന്നിൽ വിവിധ കലാപരിപാടികൾ അരങ്ങേറി.

രണ്ടാം ദിനത്തിൽ രാവിലെ 9.30

ശേഷം 35-ാം പേജിൽ

സി.എൻ. ബാബു
പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നിയോജകമണ്ഡല/വാർഡ് വിഭജനം

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതുതെരഞ്ഞെടുപ്പിന്റെ മുന്നോടിയായി വീണ്ടും വാർഡ് വിഭജനത്തിന്റെ നടപടികൾ നടന്നുവരികയാണ്. എന്നാൽ ഇത്തവണ മുൻ തെരഞ്ഞെടുപ്പുകളിൽ നിന്ന് വ്യത്യസ്തമായി, പുതുതായി രൂപീകരിക്കപ്പെടുന്നതും ഭൂപ്രദേശത്തിൽ മാറ്റം വരുന്നതുമായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മാത്രമാണ് വാർഡ് വിഭജനം നടത്തുന്നത്. പുതിയ ഗ്രാമ പഞ്ചായത്തുകളും നഗരസഭകളും രൂപീകരിച്ചുകൊണ്ടും ചില ഗ്രാമ പഞ്ചായത്തുകളിൽ നിന്ന് ചില പ്രദേശങ്ങൾ പൊതുജനങ്ങളുടെ സൗകര്യാർത്ഥം സമീപ പഞ്ചായത്തിലോ നഗരസഭയിലോ കൂട്ടിച്ചേർത്തും പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനങ്ങളുടെ അടിസ്ഥാനത്തിൽ 204 ഗ്രാമ പഞ്ചായത്തുകളുടെയും 32 മുനിസിപ്പാലിറ്റികളുടെയും 4 മുനിസിപ്പൽ കോർപ്പറേഷനുകളുടെയും വാർഡ് വിഭജന നടപടികളാണ് ആരംഭിച്ചിട്ടുള്ളത്.

നിയമവും ചട്ടങ്ങളും

ഇന്ത്യൻ ഭരണഘടനയുടെ 243 സി അനുച്ഛേദം അനുസരിച്ച് പഞ്ചായത്തുകളെയും 243 ആർ അനുച്ഛേദം അനുസരിച്ച് നഗരസഭകളെയും നിയോജകമണ്ഡലങ്ങൾ അഥവാ വാർഡുകളായി വിഭജിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം പഞ്ചായത്തുകളെയും നഗരസഭകളെയും വാർഡുകളായി വിഭജിക്കുന്നതിന് 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 10-ാം വകുപ്പും 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, 69-ാം വകുപ്പും അനുസരിച്ച് ഡീലിമിറ്റേഷൻ കമ്മിഷനെയാണ് അധികാരപ്പെടുത്തിയിട്ടുള്ളത്. സംസ്ഥാന തെരഞ്ഞെടുപ്പു കമ്മിഷൻ അദ്ധ്യക്ഷനായും ഗവൺമെന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത നാല് ഉദ്യോഗസ്ഥർ അംഗങ്ങളായും സർക്കാർ ഗസറ്റ് വിജ്ഞാപനം മുഖേന ഡീലിമിറ്റേഷൻ കമ്മിഷൻ രൂപീകരിക്കുന്നതിനാണ് മേൽപ്പറഞ്ഞ ആക്ടുകളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഡീലിമിറ്റേഷൻ കമ്മിഷൻ, പഞ്ചായത്ത് രാജ് ആക്ട്, മുനിസിപ്പാലിറ്റി ആക്ട്, കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള (ഡീലിമിറ്റേഷൻ കമ്മിഷൻ) ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡുകളുടെ അതിർത്തികൾ നിശ്ചയിക്കുന്നത്.

ഡീലിമിറ്റേഷൻ കമ്മിഷൻ

ജി.ഒ.(പി).നം.4/2015/തസ്വഭവ പ്രകാരം രൂപീകരിച്ച ഡീലിമിറ്റേഷൻ കമമിഷനിൽ അദ്ധ്യക്ഷനായ സംസ്ഥാന തെരഞ്ഞെടുപ്പു കമ്മിഷൻ കെ.ശശിധരൻ നായരെക്കൂടാതെ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ജെയിംസ് വർഗീസ്, തദ്ദേശ സ്വയംഭരണ (നഗരകാര്യ) വകുപ്പ് സെക്രട്ടറി എ.പി.എം.മുഹമ്മദ് ഹനീഷ്, പൊതുഭരണ വകുപ്പ് സെക്രട്ടറി കെ.ആർ.ജ്യോതിലാൽ, ആരോഗ്യവകുപ്പ് സെക്രട്ടറി ഡോ. കെ.ഇളങ്കോവൻ എന്നിവരാണ് അംഗങ്ങളായുള്ളത്. പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ സി.എൻ. ബാബു കമ്മിഷൻ സെക്രട്ടറിയാണ്.

അംഗസംഖ്യ

പഞ്ചായത്തുകളെയും നഗരസഭകളെയും വാർഡുകളായി വിഭജിക്കുന്നത് ഏറ്റവും ഒടുവിൽ പ്രസിദ്ധപ്പെടുത്തിയ സെൻസസ് കണക്കുകളുടെ അടിസ്ഥാനത്തിലാണ്. കേരള പഞ്ചായത്ത് രാജ് ആക്ടിലെ 6-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് (അംഗസംഖ്യ നിശ്ചയിക്കൽ) ചട്ടങ്ങളും അനുസരിച്ച് ഗ്രാമ പഞ്ചായത്തുകളിൽ പതിനയ്യായിര

ത്തിൽ കവിയാത്ത ജനസംഖ്യയ്ക്ക് 13 അംഗങ്ങളും പതിനയ്യായിരത്തിൽ അധികമുള്ള ഓരോ 2500 ജനസംഖ്യയ്ക്കും ഓരോ അധിക അംഗവും എന്ന ക്രമത്തിൽ പരമാവധി 23 അംഗങ്ങളുമാണ് ഉണ്ടായിരിക്കേണ്ടത്. കേരള മുനിസിപ്പാലിറ്റി ആക്ട്, 6–ാം വകുപ്പ് പ്രകാരം ഒരു മുനിസിപ്പാലിറ്റിയിൽ 20000 ൽ കവിയാത്ത ജനസംഖ്യയ്ക്ക് 25 കൗൺസിലർമാരും അതിലധികമുള്ള ഓരോ 2500 ജനസംഖ്യയ്ക്ക് ഓരോ അധിക കൗൺസിലർ എന്ന ക്രമത്തിൽ പരമാവധി 52 കൗൺസിലർമാരും മുനിസിപ്പൽ കോർപ്പറേഷനിൽ 4 ലക്ഷം വരെ ജനസംഖ്യയ്ക്ക് 55 കൗൺസിലർമാരും അതിലധികമുള്ള ഓരോ 10000 ജനസംഖ്യ.യ്ക്കും ഓരോ അധിക കൗൺസിലർ എന്ന ക്രമത്തിൽ പരമാവധി 100 കൗൺസിലർമാരും ഉണ്ടായിരിക്കും. ഇപ്രകാരം പഞ്ചായത്തുകളിലെയും നഗരസഭകളിലെയും അംഗസംഖ്യ നിശ്ചയിക്കുന്നതിനുള്ള അധികാരം സർക്കാരിനാണ്. എന്നാൽ പഞ്ചായത്തുകളിലെ അംഗസംഖ്യ നിശ്ചയിക്കുന്നതിന് ഗസറ്റ് വിജ്ഞാപനം മുഖേന പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സർക്കാരും പഞ്ചായത്ത് ഡയറക്ടറും അംഗസംഖ്യ നിശ്ചയിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ് വിഭജന നടപടികളാണ് കമ്മിഷൻ ആരംഭിച്ചിട്ടുള്ളത്.

വാർഡ് വിഭജനം

2005 ലെ കേരള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള (ഡീലിമിറ്റേഷൻ കമ്മിഷൻ) ചട്ടങ്ങൾ അനുസരിച്ച് ജില്ലാ തെരഞ്ഞെടുപ്പ് അധികാരി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് വിവരങ്ങൾ ശേഖരിച്ച് ഡീലിമിറ്റേഷൻ കമ്മിഷൻ നൽകുന്ന നിർദ്ദേശങ്ങൾ പരിശോധിച്ച് അതിർത്തി നിർണ്ണയം സംബന്ധിച്ച കരട് വിജ്ഞാപനം ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചുകൊണ്ട് കമ്മിഷൻ പുറപ്പെടുവിക്കുന്നതും അതിന്മേൽ ആക്ഷേപാഭിപ്രായങ്ങൾ ഡീലിമിറ്റേഷൻ കമ്മിഷൻ സെക്രട്ടറി മുമ്പാകെ നേരിട്ടോ രജിസ്റ്റർ ചെയ്ത തപാൽ മുഖേനയോ നൽകാവുന്നതുമാണ്. ആക്ഷേപത്തോടൊപ്പം സമർപ്പിക്കാൻ ആഗ്രഹിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും നൽകേണ്ടതാണ്. ആക്ഷേപാഭിപ്രായങ്ങളിന്മേൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് വിവരങ്ങൾ ശേഖരിച്ചശേഷം കമ്മിഷന് യുക്തമെന്ന് തോന്നുന്ന പക്ഷം ആക്ഷേപമോ അഭിപ്രായമോ നൽകിയ ആളെ നേരിൽ കേട്ട് തീരുമാനമെടുക്കുന്നതും വാർഡ് വിഭജനം സംബന്ധിച്ച അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതുമാണ്. കമ്മിഷന് അതിന്റെ ചുമതലകൾ നിർവ്വഹിക്കുമ്പോൾ ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണെന്നും ചട്ടപ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ അതിർത്തി നിർണ്ണയം സംബന്ധിച്ച മറ്റു മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനും കമ്മിഷന് അധികാരമുണ്ട്.

മാർഗ്ഗനിർദ്ദേശങ്ങൾ

2015 ലെ പൊതു തെരഞ്ഞെടുപ്പിനായി വാർഡുകളുടെ അതിർത്തി പുനർനിർണ്ണയം നടത്തേണ്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡ് വിഭജനത്തിനായി കമ്മിഷൻ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇന്ത്യൻ ഭരണ ഘടനയിലെയും പഞ്ചായത്ത് രാജ് മുനിസിപ്പാലിറ്റി ആക്ടുകളിലും വ്യവസ്ഥ ചെയ്തിട്ടുള്ളതു പോലെ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വാർഡുകളിലെ ജനസംഖ്യ കഴിയുന്നിടത്തോളം തുല്യമായിരിക്കത്തക്കവിധത്തിൽ വാർഡ് വിഭജന നിർദ്ദേശം തയ്യാറാക്കണമെന്ന് മാർഗനിർദ്ദേശങ്ങളിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇതിനായി 2011 ലെ സെൻസസ് പ്രകാരമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ജനസംഖ്യയെ ആകെ വാർഡുകളുടെ എണ്ണം കൊണ്ട് ഹരിച്ച് ഒരു വാർഡിലെ ശരാശരി ജനസംഖ്യ കണ്ടെത്തേണ്ടതും പ്രസ്തുത ശരാശരി ജനസംഖ്യ എല്ലാ വാർഡുകളിലും വരത്തക്കവിധം വാർഡ് വിഭജനം നടത്തേണ്ടതുമാണ്. നിർദ്ദിഷ്ട വാർഡിന്റെ പരിധിയിൽ വരുന്ന വാസഗൃഹങ്ങളുടെ എണ്ണത്തിന് ആനുപാതികമായാണ് വാർഡിലെ ജനസംഖ്യ കണക്കാക്കേണ്ടത്. പ്രകൃത്യാലുള്ള അതിരുകൾ കണ്ടെത്തുന്നതിന് വാർഡിലെ ജനസംഖ്യ ശരാശരിയിൽ അല്പസ്വല്പം കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യാവുന്നതാണ്. എന്നാൽ വ്യത്യാസം യാതൊരു കാരണവശാലും 10 ശതമാനത്തിൽ കവിയാൻ പാടില്ല. വാർഡ് വിഭജനം നടത്തുമ്പോൾ വാർഡുകൾക്ക് നമ്പർ നൽകുന്നത് വടക്കുപടിഞ്ഞാറ് നിന്ന് ആരംഭിച്ച് ക്ലോക്ക്‌വൈസായി ആയിരിക്കണം, അതിരുകൾ കഴിയുന്നതും പ്രകൃത്യാലുള്ളവ ആയിരിക്കണം, പഞ്ചായത്തിന്റെ ജനസാന്ദ്രതയും ആകൃതിയും കണക്കിലെടുത്ത് വാർഡുകളുടെ ആകൃതിയും വലിപ്പവും നിശ്ചയിക്കണം തുടങ്ങിയവയാണ് വാർഡ് വിഭജനം സംബന്ധിച്ച് കമ്മിഷൻ നൽകിയിട്ടുള്ള മറ്റു പ്രധാന നിർദ്ദേശങ്ങൾ. ഇപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ തയ്യാറാക്കി ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ പരിശോധിച്ച് സമർപ്പിക്കുന്ന കരട് വിഭജന നിർദ്ദേശങ്ങൾ പരിശോധിച്ച് ആക്ടിലും ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം കരട് വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്.

നടപടിക്രമങ്ങൾ

കരട് വിജ്ഞാപനത്തിന്മേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും കമ്മിഷൻ സെക്രട്ടറിക്കോ ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനോ സമർപ്പിക്കാവുന്നതാണ്. ലഭിക്കുന്ന ആക്ഷേപങ്ങളും അഭിപ്രായങ്ങളും ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ നിയോഗിക്കുന്ന ജില്ലാതല ഉദ്യോഗസ്ഥന്റെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥൻ മുഖേന അന്വേഷണം നടത്തുന്നതും യുക്തമെന്നു തോന്നുന്ന സംഗതികളിൽ പരാതിക്കാരെ നേരിൽ കേൾക്കുന്നതുമാണ്. ഇപ്രകാരമുള്ള നടപടികളുടെയും ആവശ്യമായ സംഗതികളിൽ നേരിട്ടുള്ള സ്ഥലപരിശോധനയുടെയും അടിസ്ഥാനത്തിൽ കമ്മിഷൻ നിയോജകമണ്ഡലവിഭജനം സംബന്ധിച്ച തീരുമാനം കൈക്കൊണ്ട് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. വാർഡ് വിഭജന നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി ഒരു സമയക്രമവും കമ്മിഷൻ നിശ്ചയിച്ച് നൽകിയിട്ടുണ്ട്.

വാർഡ് വിഭജനം നടത്തുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ

മുനിസിപ്പൽ കോർപ്പറേഷൻ	
കണ്ണൂർ	
മുനിസിപ്പാലിറ്റി	
1.	കഴക്കൂട്ടം
2.	കൊട്ടാരക്കര
3.	പന്തളം
4.	ഹരിപ്പാട്
5.	ഈരാറ്റുപേട്ട
6.	ഏറ്റുമാനൂർ
7.	കട്ടപ്പന
8.	പിറവം
9.	കൂത്താട്ടുകുളം
10.	വടക്കാഞ്ചേരി
11.	പട്ടാമ്പി
12.	ചെർപ്പു ഉള്ശ്ശേരി
13.	മണ്ണാർക്കാട്
14.	താനൂർ
15.	പരപ്പനങ്ങാടി
16.	വളാഞ്ചേരി
17.	തിരൂരങ്ങാടി
18.	പയ്യോളി
19.	രാമനാട്ടുകര
20.	കൊടുവള്ളി
21.	മുക്കം
22.	എലത്തൂർ
23.	ബേപ്പൂർ
24.	ചെറുവണ്ണൂർ നല്ലളം
25.	മാനന്തവാടി
26.	സുൽത്താൻബത്തേരി
27.	പാനൂർ
28.	കീഴൂർചാവശ്ശേരി
29.	ശ്രീകണ്ഠപുരം
30.	ആന്തൂർ
ഗ്രാമ പഞ്ചായത്ത്	
1.	കുടവൂർ
2.	നരുവാമൂട്
3.	പെരുമാതുറ
4.	വട്ടപ്പാറ
5.	അറയ്ക്കൽ
6.	കണ്ണനല്ലൂർ
7.	മടത്തറ
8.	പാരിപ്പള്ളി
9.	പുന്നല
10.	പുതിയകാവ്
11.	പുത്തൂർ
12.	വടക്കുംതല
13.	ഏനാത്ത്
14.	കൂടൽ
15.	പെരിങ്ങനാട്
16.	അർത്തുനങ്കൽ
17.	ചാരുംമൂട്
18.	കൊല്ലാട്
19.	മുക്കൂട്ടുതറ
20.	പട്ടംകോളനി
21.	വാളറ
22.	അറയ്ക്കപ്പടി
23.	കുറുപ്പംപടി
24.	മുളവൂർ
25.	നേര്യമംഗലം
26.	പട്ടിമറ്റം
27.	തൃക്കാരിയൂർ
28.	അഴീക്കോട്
29.	എളനാട്
30.	മരത്താക്കര
31.	വെള്ളിക്കുളങ്ങര
32.	എടത്തനാട്ടുകര
33.	കാരക്കാട്
34.	മംഗലം ഡാം
35.	അനന്താവൂർ
36.	അരക്കുപറമ്പ്
37.	അരിയല്ലൂർ
38.	ചെമ്പ്രശ്ശേരി
39.	എളങ്കൂർ
40.	കുറുമ്പലങ്ങോട്
41.	കരിപ്പൂർ
42.	കൂട്ടായി
43.	മരുത
44.	പാങ്ങ്
45.	വാണിയമ്പലം
46.	വെളിമുക്ക്
47.	ചെറുകുളത്തൂർ
48.	കൈവേലി
49.	മേമുണ്ട
50.	നെല്ലിപ്പൊയിൽ
51.	പാലയാട്
52.	പന്തീരാങ്കാവ്
53.	പുനൂർ
54.	ചീരാൽ
55.	കെല്ലൂർ
56.	നടവയൽ
57.	അഴീക്കൽ
58.	കരുവഞ്ചാൽ
59.	കാട്ടാമ്പള്ളി
60.	മമ്പറം
61.	പട്ടാന്നൂർ
62.	പൊയിലൂർ
63.	പുത്തൂർ
64.	തേർത്തല്ലി
65.	വള്ളിത്തോട്
66.	കളനാട് ചെമ്മനാട്
67.	മാണിക്കോത്ത്
68.	പനയാൽ
69.	പരപ്പ

നിലവിലുള്ള സ്ഥാപനങ്ങൾ കോർപ്പറേഷൻ	
1.	തിരുവനന്തപുരം
2.	കൊല്ലം
3.	കോഴിക്കോട്
മുനിസിപ്പാലിറ്റി	
1.	തളിപ്പറമ്പ്
2.	നീലേശ്വരം
ഗ്രാമ പഞ്ചായത്ത്	
1.	പള്ളിച്ചൽ
2.	കഠിനംകുളം
3.	കരകുളം
4.	നാവായിക്കുളം
5.	അഴൂർ

ശേഷം 19-ാം പേജിൽ

ഗാർഹിക പീഡനം
സ്ത്രീകൾക്ക് സംരക്ഷണം നൽകാനുള്ള നിയമം 2015

സാധാരണ ഉന്നയിക്കപ്പെടുന്ന ചോദ്യങ്ങൾ (ഒന്നാം ഭാഗം)

കടപ്പാട്: ലോയേഴ്സ്കളക്ടീവ് വിമൻസ്റൈറ്റ്സ് ഇനിഷ്യേറ്റീവ്

? പ്രായപൂർത്തി ആകാത്തവർക്കായി ഈ നിയമത്തിൽ ആശ്വാസ നടപടികളുണ്ടോ?

✓ ഉണ്ട്. കുട്ടികളെക്കുറിച്ച് നിയമത്തിനു കീഴിൽ വ്യാഖ്യാനം ഉള്ളതു പോലെ, പ്രായപൂർത്തിയാവാത്തവരും 'ഗാർഹിക ബന്ധം' എന്ന നിർവ്വചനത്തിനു കീഴിൽവരും. നിയമത്തിലെ 2(6) വകുപ്പു പ്രകാരം 18 വയസ്സിനു താഴെയുള്ള ഏത് വ്യക്തിയും അത്ദത്തെടുക്കപ്പെട്ടതായാലും സംരക്ഷണച്ചുമതലയിലുള്ളതായാലും കുട്ടിയായാണ് പരിഗണിക്കപ്പെടുക.

? പ്രായപൂർത്തിയാവാത്ത ആൺകുട്ടിക്ക് നിയമത്തിനു കീഴിൽ സഹായം ആവശ്യപ്പെടാമോ?

✓ ആൺകുട്ടിയായാലും പെൺകുട്ടിയായാലുംഅവർക്കുവേണ്ടിമാതാവിന് കോടതിയിൽ അപേക്ഷ നൽകാം. ഇതിൽ സഹ അപേക്ഷകരായികുട്ടികളുടെ പേര് ചേർക്കാം. കുട്ടിയെ പ്രതിനിധീകരിക്കാൻ കോടതിക്ക്രക്ഷിതാവിനെയോമുതിർന്ന സുഹൃത്തുക്കളെയോ നിയോഗിക്കാം.

? 'ഗാർഹിക ബന്ധങ്ങൾ' എന്ന വിഭാഗത്തിൽവിവാഹ രൂപത്തിലുള്ള ബന്ധങ്ങൾ എന്നതുകൊണ്ട്എന്താണുദ്ദേശിക്കുന്നത്?

✓ ഒരുമിച്ചുതാമസിക്കുന്ന കക്ഷികൾ തമ്മിൽ നിയമപ്രകാരംവിവാഹം നടന്നിട്ടില്ലായെങ്കിൽഅത്തരം ബന്ധങ്ങളെയാണിത്സൂചിപ്പിക്കുന്നത്. ഇവരുടെ ബന്ധംതുടർച്ചയായുള്ളതുംശക്തവുമായിരിക്കണം.

- പൊതുവായുള്ള പേര് ഉപയോഗിക്കുക, പൊതു റേഷൻ കാർഡ്, ഒരേ അഡ്രസ്സ്എന്നിവ ഇത്തരം ബന്ധങ്ങൾക്ക്തെളിവാണ്.
- ദക്ഷിണാഫ്രിക്കയിൽ എഥൻ റോബിൻസൺ ലീഗൽസെന്റർ ട്രസ്റ്റുംറിച്ചാർഡ്ഗോർഡോൺ വോൾകാസുംകക്ഷികളായുള്ളകേസ്സിൽകേപ് പ്രോവിൻസ് ഡിവിഷൻ ഹൈക്കോടതിഒരു ബന്ധംവിവാഹ രൂപത്തിലുള്ള ബന്ധമായി കണക്കാക്കാൻ താഴെപ്പറയുന്ന ഘടകങ്ങളുണ്ടാവണമെന്ന്ചൂണ്ടിക്കാട്ടി.
  - പങ്കുവെക്കുന്ന വീടുമായിഇരുകക്ഷികൾക്കുമുള്ള പ്രതിബദ്ധത
  - കുറഞ്ഞതല്ലാത്ത കാലയളവിൽ ഒരുമിച്ച് താമസിക്കൽ
  - ഇരുകക്ഷികളും തമ്മിലുള്ള സാമ്പത്തികവും മറ്റുള്ളതുമായ ആശ്രയത്വം
  - ബന്ധത്തിൽ നിന്നുംകുട്ടികൾഉണ്ടാവൽ
  - ഗാർഹിക പരിപാലനത്തിലുംകുട്ടികളെസംരക്ഷിക്കുന്നതിലുംഇരുകക്ഷികൾക്കുമുള്ള പങ്ക്.
  - വിവാഹതുല്യ ബന്ധവുമായി ബന്ധപ്പെട്ട ഇന്ത്യൻ കേസ്സുകൾ:

- ഭാര്യയും ഭർത്താവുമായി പങ്കാളികൾദീർഘകാലം ഒന്നിച്ചുകഴിഞ്ഞാൽവിവാഹത്തിനനുകൂലമായശക്ത മായതോന്നലുണ്ടാകുമെന്ന്1978-ലെ ഓൾഇന്ത്യാറി പ്പോർട്ടറിലെസുപ്രീംകോടതികേസ്സുകളുടെവിഭാഗ ത്തിൽ (പേജ് നമ്പർ 1557) ബദരിപ്രസാദ്കേസ്സിൽ സുപ്രീംകോടതിവിവക്ഷിച്ചിട്ടുണ്ട്.
- ഒരു ബന്ധംവിവാഹത്തിന്റെസ്വഭാവത്തിലുള്ളതാ ണോഎന്ന് നിർണ്ണണയിക്കുന്നതിന് എത്രകാലമാ യികക്ഷികൾഒന്നിച്ചുകഴിയുന്നു, സമൂഹംഅവരെ ഭാര്യാഭർത്തതാക്കന്മാരായികാണുന്നുണ്ടോതുടങ്ങിയ പ്രസക്തമായവസ്തുതകൾ പരിഗണിക്കണമെന്ന്സു പ്രീംകോടതി 1985-ലെ സുമിത്രാദേവികേസ്സിൽവ്യക്തമാ ക്കിയിട്ടുണ്ട് (സുപ്രീംകോർട്ട്കേസസ് പേജ് നമ്പർ 637).

- മൂന്നുവിഭാഗംസ്ത്രീകളെയാണ്വിവാഹതുല്യ ബന്ധത്തിൽഏർപ്പെടുന്നതായികണക്കാക്കിയിട്ടുള്ളത്.
  - നിയമപ്രകാരംവിവാഹബന്ധംറദ്ദായ, റദ്ദാക്കപ്പെട്ട ബന്ധംമറ്റെല്ലാവിധത്തിലുംതുടരുന്നുണ്ടെങ്കിൽ
  - വിവാഹബന്ധത്തിലേർപ്പെടാതെഒരുവീട്ടിൽഒരുമിച്ച് ദാമ്പത്യ ജീവിതം നയിക്കൽ
  - വർഷങ്ങളായി ഭാര്യാഭർത്താക്കന്മാരായിപരസ്പരം അംഗീകരിച്ച്ഒരുമിച്ച്കഴിയുന്നവർ.

? 'വിവാഹതുല്യമായ ബന്ധത്തെ' വിവാഹമായി നിയ മംഅംഗീകരിക്കുന്നുവോ?

ഗാർഹിക പീഡനത്തിൽ നിന്ന് സ്ത്രീകൾക്ക്സംര ക്ഷണം നൽകാനുള്ള നിയമത്തിന്റെ ഉദ്ദേശ്യം എല്ലാ വിഭാഗം സ്ത്രീകൾക്കും സംരക്ഷണം നൽകുകഎന്ന താണ്. അതേസമയം, നിയമസാധുതയില്ലാത്ത വിവാ ഹങ്ങൾക്ക്അത്ഒരിക്കലുംഅംഗീകാരം നൽകുന്നില്ല. അതേസമയം, പുരുഷ പങ്കാളിയുടെസ്വത്തിന്റെ പിന്തു ടർച്ചാവകാശം, കുട്ടികളുടെഅവകാശംഎന്നിവരാ ജ്യത്ത് നിലവിലുള്ളമറ്റു നിയമങ്ങൾക്കുംവ്യക്തികൾ പിന്തുടരുന്ന നിയമവ്യവസ്ഥയ്ക്കും ബാധകമായിരി ക്കും.

എതിർകക്ഷികൾ

? ആർക്കെതിരെയെല്ലാം ഒരുസ്ത്രീക്ക് പരാതി നൽകാം?

അതിക്രമംകാണിക്കുന്ന ഏത്വ്യക്തിക്കെതി രെയും നിയമത്തിലെ 2(ക്യു)വകുപ്പനുസരിച്ച് പരാതി നൽകാം. പരാതി നൽകുന്ന സ്ത്രീ വിവാഹിതയോ / വിവാഹതുല്യ ബന്ധത്തിൽഏർപ്പെ ടുന്നവരോആണെങ്കിൽഅതിക്രമംകാട്ടിയഭർത്താവിന്റെ / പങ്കാളിയുടെ ബന്ധുക്കൾക്കെതിരെയും പരാതി നൽകാം.

? 2(ക്യു) വകുപ്പ് അനുസരിച്ചുള്ള ബന്ധുക്കളുടെ നിർവ്വചനത്തിൽആരെല്ലാംഉൾപ്പെടും?

ബന്ധുക്കൾഎന്ന പദത്തിന് സാധാരണ നൽകുന്ന അർത്ഥംഇക്കാര്യത്തിലും ബാധകമാ വും. അച്ഛൻ, അമ്മ, സഹോദരൻ, സഹോദരി, അമ്മാവൻ എന്നിവരെല്ലാംഇതിൽഉൾപ്പെടും.

ഭർത്താവിന്റെ ബന്ധുക്കളായസ്ത്രീകൾക്കെതിരെ പരാതി നൽകാമോ?

നൽകാം. ഭർത്താവിന്റെ അമ്മ, ഭർത്താവിന്റെസഹോദരിതുടങ്ങിയസ്ത്രീകളായ ബന്ധുക്കൾക്കെതിരെ പരാതി നൽകാൻ കഴിയും.

മരുമകൾക്കെതിരെ പരാതി നൽകാൻ അമ്മായിഅമ്മയ്ക്ക് സാധിക്കുമോ?

ഇല്ല.മരുമകൾക്കെതിരെ പരാതി നൽകാൻ അമ്മായിഅമ്മയ്ക്ക് ഈ നിയമത്തിലെ2(ക്യു) വകുപ്പ് അനുസരിച്ച് സാധിക്കില്ല. അതേസമയം, മകനിൽ നിന്നുംമരുമകളിൽ നിന്നുംഅതിക്രമം നേരിടേണ്ടിവന്നാൽ അമ്മായിഅമ്മയ്ക്ക് പരാതി നൽകാം. എന്നാൽ വീട്ടിൽ നിന്ന്മരുമകളെ പുറത്താക്കണമെന്ന് ആവശ്യപ്പെടാൻ സാധിക്കില്ല.

എന്താണ് ഗാർഹിക സംഭവ റിപ്പോർട്ട് അഥവാ ഡി.ഐ.ആർ?

ഡി.ഐ.ആറിന്റെ രൂപരേഖ നിയമത്തിന്റെഫോറം ഒന്നിൽ കൊടുത്തിട്ടുണ്ട്. പ്രൊട്ടക്ഷൻ ഓഫീസറുടെയോ സേവനദാതാവിന്റെയോ മുമ്പാകെ ഗാർഹിക പീഡനത്തിന് ഇരയായസ്ത്രീ സമർപ്പിക്കുന്ന പരാതിരേഖപ്പെടുത്താനാണ് ഇതുപയോഗിക്കുന്നത്. പീഡനം നടന്നതായി പരാതിപ്പെട്ടതിന്റെരേഖയാണത്. നേരിട്ട് നടപടിയെടുക്കാനാവാത്ത കുറ്റകൃത്യങ്ങളുടെറിപ്പോർട്ടിന് (എൻ.സി.ആർ) സമാനമാണിത്.ഇതു പൂരിപ്പിക്കുന്ന പ്രൊട്ടക്ഷൻ ഓഫീസറോഅംഗീകൃതസേവനദാതാവോപരാതിയുടെതാഴെഒപ്പുവെച്ചിരിക്കണം. ഇതൊരു പൊതുരേഖയാണ്.

എങ്ങനെയാണ് ഡി.ഐ.ആർ രേഖപ്പെടുത്തേണ്ടത്?

സ്ത്രീ പറയുന്നതിന്റെസത്യസന്ധമായരേഖയായിരിക്കണംഡി.ഐ.ആർ. ഗാർഹിക പീഡനത്തിൽ നിന്ന്സംരക്ഷണം നൽകാനുള്ള നിയമത്തിന്റെ പരിധിയിൽവരുന്നതാണെങ്കിൽസ്ത്രീയുടെഎല്ലാ പരാതികളും പക്ഷപാതരഹിതമായവിധത്തിൽരേഖപ്പെടുത്തേണ്ടതാണ്. തന്റെ അനുഭവം വിവരിക്കാൻ സ്ത്രീക്ക് പറ്റാത്ത സാഹചര്യമാണെങ്കിൽ പ്രൊട്ടക്ഷൻ ഓഫീസർക്ക്ഡി.ഐ.ആർ പൂരിപ്പിക്കാൻ അവരെമറ്റൊരവസരത്തിൽവിളിച്ചുവരുത്താവുന്നതാണ്. ഓരോ പരാതിക്കാരുടെയുംസന്ദർശനം സംബന്ധിച്ച വിശദാംശങ്ങൾരേഖപ്പെടുത്തിയ പ്രതിദിന ഡയറി പ്രൊട്ടക്ഷൻ ഓഫീസർക്ക്സൂക്ഷിക്കാവുന്നതാണ്.

ഒരിക്കൽഡി.ഐ.ആർരേഖപ്പെടുത്തിയാൽ പിന്നെ എന്താണ്ചെയ്യേണ്ടത്?

പ്രൊട്ടക്ഷൻ ഓഫീസർഡി.ഐ.ആർമജിസ്ട്രേറ്റിന് അയച്ചുകൊടുക്കണം. ബന്ധപ്പെട്ട പോലീസ്സ്റ്റേഷനിലെ അധികാരിക്കുംഡി.ഐ.ആറിന്റെഒരുകോപ്പിഅയച്ചുകൊടുക്കണം. പരാതിക്കാരി ആവശ്യപ്പെട്ടാൽസേവനദാതാവ്രേഖപ്പെടുത്തിയഡി.ഐ.ആർപ്രൊട്ടക്ഷൻ ഓഫീസർക്കുംമജിസ്ട്രേറ്റിനും അയച്ചുകൊടുക്കേണ്ടതാണ്. ഡി.ഐ.ആർരേഖപ്പെടുത്തിയശേഷം പരാതിക്കാരിക്ക് ആഗ്രഹമുണ്ടെങ്കിൽ നഷ്ടപരിഹാരംതേടിക്കൊണ്ടുള്ള അപേക്ഷ ഫയൽചെയ്യുന്നതിന് പ്രൊട്ടക്ഷൻ ഓഫീസർക്കോസേവനദാതാവിനോ അവരെ സഹായിക്കാവുന്നതാണ്. അത്തരംകേസ്സുകളിൽകോടതിയിൽ നൽകുന്ന അപേക്ഷയോടൊപ്പംഡി.ഐ.ആറും അനുബന്ധമായിചേർത്തിരിക്കണം.

ഒരുഡി.ഐ.ആർലഭിച്ചാൽമജിസ്ട്രേറ്റ്എന്തുചെയ്യണം?

രേഖ എന്ന നിലയ്ക്ക്മജിസ്ട്രേറ്റ്അതിനെ സൂക്ഷിച്ചുവയ്ക്കണം. പരാതിക്കാരി നേരിട്ടു ഫയൽ ചെയ്യുന്ന കേസ്സുകളിൽ അവ റഫർചെയ്യാവുന്നതാണ്. പിന്നീടൊരവസരത്തിൽ പ്രൊട്ടക്ഷൻ ഓഫീസറുടെസഹായത്തോടെ നൽകുന്ന അപേക്ഷകളിൽഇത് ഉപയോഗിക്കാം.

ഡി.ഐ.ആർ ഫയൽചെയ്യേണ്ടത് പരാതിക്കാരിയാണോ, അവരുടെഅഭിഭാഷകനാണോ?

പ്രൊട്ടക്ഷൻ ഓഫീസർക്കോഅംഗീകൃതസർവ്വീസ് പ്രൊവൈഡർക്കോ മാത്രമേഡി.ഐ.ആർ ഫയൽചെയ്യാനാവൂ. ഫോറംഒന്നിൽഇവരിൽഒരാളുടെഒപ്പ്ആവശ്യമാണ്. ഡി.ഐ.ആർഒരു പൊതുരേഖയാണെന്നിരിക്കെ ഒരു പൊതുജനസേവകന് മാത്രമേഅത് ഫയൽചെയ്യാനാകൂ. ഗാർഹിക പീഡനത്തിൽ നിന്ന്സംരക്ഷണം നൽകുന്ന നിയമത്തിന്റെ 30-ാം വകുപ്പ് പ്രകാരംഎല്ലാ പ്രൊട്ടക്ഷൻ ഓഫീസർമാരുംസേവനദാതാക്കളും പൊതുജന സേവകരാണ്.

ഡി.ഐ.ആർഇല്ലാതെഒരു പരാതിക്കാരിക്ക് അപേക്ഷ ഫയൽചെയ്യാമോ?

ചെയ്യാം.ഒരു പരാതിക്കാരിക്ക്ഡി.ഐ.ആർ ഫയൽ ചെയ്യാതെതന്നെ നഷ്ടപരിഹാരത്തിനുള്ള അപേക്ഷ നൽകാം.

ഒരിക്കൽകേസ് ഫയൽചെയ്താൽ നഷ്ടപരിഹാരത്തിനായി പരാതിക്കാരി നേരിട്ട് അപേക്ഷിക്കുന്ന വേളകളിൽമജിസ്ട്രേറ്റ്ഡി.ഐ.ആർആവശ്യപ്പെടേണ്ടതുണ്ടോ?

കോടതിയിൽ അപേക്ഷ ഫയൽചെയ്യുന്ന വേളയിൽഡി.ഐ.ആറിന്റെആവശ്യമില്ല. നടന്നുകഴിഞ്ഞ പീഡനത്തിന്റെവിശദാംശങ്ങൾരേഖപ്പെടുത്തുന്നതാണ്ഡി.ഐ.ആർ. ഒരിക്കൽകോടതിയിൽ അപേക്ഷ നൽകിക്കഴിഞ്ഞാൽ പ്രൊട്ടക്ഷൻ ഓഫീസറോട് ഭവനസന്ദർശനം നടത്താൻ മജിസ്ട്രേറ്റിന് ഉത്തരവിടാം. സാഹചര്യംആവശ്യപ്പെടുന്നുവെങ്കിൽചട്ടം 10(1) പ്രകാരമുള്ളറിപ്പോർട്ട്ആവശ്യപ്പെടാം.

ഡി.ഐ.ആർരേഖപ്പെടുത്തുന്നതിന് പ്രൊട്ടക്ഷൻ ഓഫീസർക്ക് ഭവനസന്ദർശനം നടത്താമോ?

പാടില്ല. കോടതിഉത്തരവ്കൂടാതെഒരു പ്രൊട്ടക്ഷൻ ഓഫീസർ ഭവനസന്ദർശനം നടത്താൻ പാടുള്ളതല്ല.

◆

പൂജാ പി വർദ്ധൻ

നിയമസഹായത്തിനുള്ള അവകാശം: ഭരണഘടനാപരമായ പ്രതിബദ്ധത

രാഷ്ട്രീയ തത്വചിന്തകനായ ചാൾസ് ഡി മോണ്ടസ്ക്യു പറഞ്ഞിട്ടുണ്ട്: “പ്രകൃതിയിൽ എല്ലാ മനുഷ്യരുംതുല്യരായാണ് ജനിക്കുന്നത്. പക്ഷേ ഈ തുല്യത അവർക്ക്തുടരാനാകില്ല. സമൂഹം അവർക്കത് നഷ്ടമാക്കുന്നു. നിയമത്തിന്റെസംരക്ഷണത്തോടെ മാത്രമേഅവർക്കത്‌വീണ്ടെടുക്കാനാകൂ”. പാവപ്പെട്ടവർക്കും നിരക്ഷരർക്കും ദുർബലർക്കുംതുല്യനീതിഉറപ്പാക്കുന്നതിന് നിയമത്തിന്റെസംരക്ഷണം പ്രധാനമാണ്. ദാരിദ്ര്യത്തിന്റെയോ നിരക്ഷരതയുടെയോ പേരിൽഒരാൾക്കും നീതിലഭിക്കാനുള്ളഅവസരങ്ങൾനിഷേധിക്കുന്നില്ലെന്ന്ഉറപ്പ്വരുത്താനുള്ളമാർഗ്ഗങ്ങളിൽഒന്നാണ് നിയമസഹായം.

നിയമം അനുശാസിക്കുന്ന അവകാശങ്ങൾ നേടിയെടുക്കുന്നതിന് സമൂഹത്തിലെ പാവപ്പെട്ടവർക്കും ദുർബലവിഭാഗക്കാർക്കുംസൗജന്യമായിലഭ്യമാക്കുന്നതാണ് നിയമസഹായം. ജസ്റ്റിസ് പി.എൻ. ഭഗവതി ഒരിക്കൽകൃത്യമായി പറഞ്ഞിട്ടുണ്ട്.

“പാവപ്പെട്ടവർക്കും നിരക്ഷരർക്കുംകോടതിയെസമീപിക്കാൻ കഴിയണം. കോടതികളിൽ നിന്ന് നീതിലഭിക്കുന്നതിൽദാരിദ്ര്യവുംഅറിവില്ലായ്മയുംഒരിക്കലും തടസ്സമാകാൻ പാടില്ല”.

നിയമവാഴ്ചയ്ക്ക് ഇന്ത്യൻ ഭരണഘടന വർദ്ധിച്ച പ്രാധാന്യമാണ് നല്കുന്നത്. ഇന്ത്യയിൽ നിയമവാഴ്ച ഭരണഘടനയുടെയുംസ്വാഭാവിക നീതിയുടെയുംഅടിസ്ഥാനരൂപമായിട്ടാണ്കണക്കാക്കപ്പെടുന്നത്. സ്വന്തംവിഷയവുംഅതിനുള്ളമറുപടിയുംഅവതരിപ്പിക്കാനുള്ളഅവസരംന്യായമായഓരോവ്യക്തിക്കും നൽകണം.

പൗരന്മാർക്ക്സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതി ഭരണഘടനയുടെആമുഖത്തിൽതന്നെ ഉറപ്പാക്കിയിട്ടുണ്ട്. ഒരു വ്യക്തിക്കും നിയമത്തിന് മുന്നിൽതുല്യഅവസരം നിഷേധിക്കപ്പെടരുതെന്ന് ഭരണഘടനയുടെ14-ാം അനുഛേദത്തിൽവ്യക്തമാക്കിയിട്ടുണ്ട്.തുല്യ നീതിഉറപ്പുവരുത്തുകയാണ് 14-ാം അനുഛേദത്തിന്റെലക്ഷ്യം.ദാരിദ്ര്യം, നിരക്ഷരത,ദൗർബല്യംഎന്നിവമൂലംആർക്കെങ്കിലുംതങ്ങളുടെഅവകാശങ്ങൾ നേടിയെടുക്കാൻ

കഴിഞ്ഞില്ലെങ്കിൽതുല്യ നീതിയെന്ന വാഗ്ദാനം അർത്ഥമില്ലാത്തതാകും.

ഭരണഘടനയുടെ 38 ഉം 39 ഉംഅനുഛേദങ്ങൾഇക്കാര്യത്തിൽ വ്യക്തമായഅനുശാസനം നല്കുന്നുണ്ട്. 38 (1) അനുഛേദംജനങ്ങളുടെക്ഷേമത്തിനായിപൊതുജീവിതത്തിൽ അവർക്ക് എല്ലാവിധത്തിലുമുള്ളസാമൂഹിക സാമ്പത്തിക രാഷ്ട്രീയ നീതിഉറപ്പാക്കുന്നു.

സാമ്പത്തികമോമറ്റ് പരാധീനതകളോമൂലംഒരു പൗരനും നീതിലഭ്യമാക്കാനുള്ളഅവസരം നിക്ഷേധിക്കപ്പെടാതിരിക്കാൻ അനുയോജ്യമായ നിയമനിർമ്മാണത്തിലൂടെ സൗജന്യ നിയമസഹായംനല്കിക്കൊണ്ട്തുല്യഅവസരത്തിൽ അധിഷ്ഠിതമായ നീതി നല്കുന്ന നിയമവ്യവസ്ഥിതി ഉറപ്പാക്കാൻ അനുഛേദം 39 (എ) വ്യവസ്ഥചെയ്യുന്നു.

ഭരണഘടന ഉറപ്പ് നല്കുന്ന അടിസ്ഥാന അവകാശങ്ങളിൽഒന്നാണ്സൗജന്യ നിയമസഹായത്തിനുള്ളഅവകാശംഅഥവാസൗജന്യ നിയമസേവനം. ഭരണഘടനയുടെ അനുഛേദം 21 ന്റെഅടിസ്ഥാനവും ഇതാണ്.

സ്റ്റേറ്റ്ഓഫ്മഹാരാഷ്ട്ര vs മനുഭായ് പ്രഗാജിവാഷികേസിൽപ്രതിക്ക്സൗജന്യ നിയമസഹായംലഭ്യമാക്കുന്നതിലെവീഴ്ചവിചാരണയെ പ്രതികൂലമായി ബാധിക്കുമെന്ന്സുപ്രീംകോടതിവ്യക്തമാക്കിയിട്ടുണ്ട്. എം.എച്ച്. ഹോസ്കോട്ട്സ്റ്റേറ്റ്ഓഫ് മഹാരാഷ്ട്രകേസിൽസൗജന്യ നിയമസഹായം നല്കുകഎന്നത് ഭരണകൂടത്തിന്റെകടമയാണെന്നുംഗവൺമെന്റിന്റെദാനമല്ലെന്നുംജസ്റ്റിസ്വി.ആർ.കൃഷ്ണയ്യർ നിരീക്ഷിച്ചിട്ടുണ്ട്.

ക്രിമിനൽ നടപടി ചട്ടത്തിലും സിവിൽ നടപടി ചട്ടത്തിലുംസൗജന്യ നിയമസഹായംസംബന്ധിച്ച് നിരവധി വകുപ്പുകളുണ്ട്.ക്രിമിനൽ നടപടികോഡിലെ 304-ാം ചട്ടപ്രകാരംസെഷൻസ്കോടതിയിലെവിചാരണയിൽപ്രതിക്ക് ഒരുവക്കീലിനെ വെയ്ക്കാൻ സാമ്പത്തികമായി വേണ്ടത്ര കഴിവില്ലെങ്കിൽകോടതിയ്ക്ക്ഒരുവക്കീലിനെ വയ്ക്കാമെന്നുംഅതിനുവേണ്ടിവരുന്ന ചെലവ് ഭരണകൂടംവഹിക്കണമെന്നുംവ്യവസ്ഥയുണ്ട്. സെഷൻസ്കോടതിയിൽകുറ്റംചുമത്തപ്പെട്ട വ്യക്തിക്ക് നിയമസഹായം നല്കേണ്ട ബാധ്യത ഭരണകൂടത്തിനാണെന്ന് ഈ വകുപ്പ്വ്യക്തമാക്കുന്നു. മറ്റ്കോടതികളിലുംഇത് ബാധകമാക്കാൻ ഗവൺമെന്റുകൾക്ക്ഇതുവഴി സാധിക്കും. സിവിൽ നടപടിചട്ടപ്രകാരവുംനിർദ്ധനരായ വ്യക്തികൾക്കുംഅവരുടെ അനന്തരാവാശികൾക്കുംസൗജന്യ നിയമസഹായം ലഭിക്കാൻ അർഹതയുണ്ടാകും.

1987 ൽ കൊണ്ട് വന്ന ലീഗൽസർവ്വീസസ്അതോറിറ്റി നിയമപ്രകാരംസമൂഹത്തിലെദുർബല വിഭാഗത്തിൽപ്പെട്ടവർക്ക്സൗജന്യ നിയമസഹായംലഭ്യമാക്കിവരുന്നു. ദേശീയസംസ്ഥാന ജില്ലതലങ്ങളിൽലീഗൽസർവ്വീസസ്അതോറിറ്റികൾരൂപീകരിക്കാനും കുറഞ്ഞ ചെലവിൽവേഗത്തിലുള്ള നീതി നിർവ്വഹണംഉറപ്പാക്കാനും ഈ നിയമംവഴി സാധിക്കും. സാമൂഹികവുംരാഷ്ട്രീയവുമായഅവകാശങ്ങൾക്കായുള്ളഅന്താരാഷ്ട്ര ഉടമ്പടിയിലും സൗജന്യ നിയമസഹായത്തിന് വ്യവസ്ഥയുണ്ട്.

നിയമം പരമപ്രധാനമായഒരു ജനാധിപത്യവ്യവസ്ഥയിൽ, ഭരണകൂടത്തിന്റെയോസ്വകാര്യവ്യക്തിയുടെയോമര്യാദയില്ലാത്ത ഏതെങ്കിലും നടപടിമൂലംപാവപ്പെട്ടവരിൽ പാവപ്പെട്ടവരുംദുർബലരിൽദുർബലരുമായഒരാൾക്കുപോലും നീതിലഭ്യമാകാതെ പോകരുതെന്ന്ഉറപ്പുവരുത്തണം. സൗജന്യ നിയമസഹായ പ്രസ്ഥാനത്തിന്റെമുന്നോട്ടുള്ളയാത്രയിൽഅതിന്റെശേഷി വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ്. ഇതിനായി നിയമസഹായമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന നിയമ അധ്യാപകർ, അഭിഭാഷകർ, നിയമ വിദ്യാർത്ഥികൾ, അംഗൻവാടി പ്രവർത്തകരെപോലുള്ള സന്നദ്ധ പ്രവർത്തകർ, പഞ്ചായത്ത്അംഗങ്ങൾതുടങ്ങിയവരുടെനൈപുണ്യംശക്തിപ്പെടുത്തേണ്ടതുണ്ട്. രാജ്യത്ത്സൗജന്യ നിയമസഹായം ഉറപ്പാക്കാൻ മികച്ച പരിശീലനം കിട്ടിയഅഭിഭാഷകരുടെ ആവശ്യകതസുപ്രീംകോടതിഎടുത്ത് പറഞ്ഞിട്ടുണ്ട്. ആവശ്യമായഅടിസ്ഥാന സൗകര്യങ്ങളോടുംമികച്ച അധ്യാപകരോടുംകൂടിയ ലോ കോളേജുകൾഉണ്ടെങ്കിൽ മാത്രമേഇത് സാധ്യമാകൂഎന്നുംകോടതിചൂണ്ടിക്കാട്ടിയിട്ടുണ്ട്.

നിയമ പരിജ്ഞാനത്തിന്റെകുറവാണ്ഇന്ത്യയിലെ നിയമസഹായപ്രസ്ഥാനം നേരിടുന്ന പ്രധാന ന്യൂനത. നിയമം അനുശാസിക്കുന്ന അവകാശങ്ങളെയുംസംരക്ഷണങ്ങളെയും കുറിച്ച് ജനങ്ങൾക്ക്വേണ്ടത്ര അറിവില്ല. നിയമസഹായംസംബന്ധിച്ച അവബോധം വളർത്തേണ്ടത്അഭിഭാഷകസമൂഹത്തിന്റെ മാത്രംജോലിയല്ലെന്ന്തിരിച്ചറിയണം. അത്സമൂഹത്തിന്റെമൊത്തത്തിലുള്ളഉത്തരവാദിത്വമാണ്.ഇരയാക്കപ്പെടാൻ ഏറ്റവുംസാധ്യതയുള്ളവിഭാഗങ്ങൾക്ക് പരിരക്ഷ ഉറപ്പാക്കാൻ സമൂഹംമുന്നോട്ട്വന്നാൽ മാത്രമേ ഭരണഘടന ഉറപ്പ് നല്കുന്ന നിയമസഹായം പരിലാളിക്കപ്പെടുകയുള്ളൂ. ◆

13-ാം പേജിൽ നിന്നും തുടർച്ച

6.	ചിറയിൻകീഴ്
7.	കുലശേഖരപുരം
8.	കുളക്കട
9.	പവിത്രേശ്വരം
10.	പിറവന്തൂർ
11.	കുളത്തൂപ്പുഴ
12.	ഇടമുളക്കൽ
13.	ആര്യങ്കാവ്
14.	നെടുവത്തൂർ
15.	കിഴക്കേ കല്ലട
16.	പേരയം
17.	പന്മന
18.	ഇളമ്പള്ളൂർ
19.	തൃക്കോവിലവലട്ടം
20.	കല്ലുവാതുക്കൽ
21.	നെടുമ്പന
22.	ചിതറ
23.	ഏറത്ത്
24.	ഏഴംകുളം
25.	കലഞ്ഞൂർ
26.	പള്ളിക്കൽ
27.	ചേര്ത്തകല തെക്ക്
28.	കാർത്തികപ്പള്ളി
29.	ചിങ്ങോലി
30.	പള്ളിപ്പാട്
31.	ചുനക്കര
32.	നൂറനാട്
33.	മാവേലിക്കര താമരക്കുളം
34.	കൂരോപ്പട
35.	പള്ളിക്കത്തോട്
36.	പനച്ചിക്കാട്
37.	എരുമേലി
38.	അടിമാലി
39.	പാമ്പാടുംപാറ
40.	കരുണാപുരം
41.	നെടുങ്കം
42.	ഉടുമ്പന്നൂർ
43.	വെള്ളിയാമറ്റം
44.	രായമംഗലം
45.	വെങ്ങോല
46.	കിഴക്കമ്പലം
47.	എടക്കാട്ടുവയൽ
48.	ആമ്പല്ലൂർ
49.	കുന്നത്തുനാട്
50.	നെല്ലിക്കുഴി
51.	പിിമന
52.	കോട്ടപ്പടി
53.	കവളങ്ങാട്
54.	കുട്ടമ്പുഴ
55.	പായിപ്ര
56.	ചേലക്കര
57.	പഴയന്നൂർ
58.	പുത്തൂർ
59.	വെങ്കിടങ്ങ്
60.	വാടാനപ്പള്ളി
61.	കൊടകര
62.	മറ്റത്തൂർ
63.	എറിയാട്
64.	ഓങ്ങല്ലൂർ
65.	തൃക്കടീരി
66.	അലനല്ലൂർ
67.	തെങ്കര
68.	കുഴർമൂന്ദം
69.	മാത്തൂർ
70.	എലവഞ്ചേരി
71.	പല്ലശ്ശന
72.	എരിമയൂർ
73.	കിഴക്കഞ്ചേരി
74.	വാഴി
75.	ചാലിയാർ
76.	ചുങ്കത്തറ
77.	വഴിക്കടവ്
78.	പോത്തുകൽ
79.	ചെറുകാവ്
80.	പള്ളിക്കൽ
81.	വാഴയൂർ
82.	പാിക്കാട്
83.	തൃക്കലങ്ങോട്
84.	തുവ്വൂർ
85.	വൂർ
86.	പൊന്മള
87.	ആനമങ്ങാട്
88.	കീഴാറ്റൂർ
89.	താഴെക്കോട്
90.	കുറുവ
91.	മൂർക്കോനാട്
92.	പുഴക്കാട്ടിരി
93.	വള്ളിക്കുന്ന്
94.	മുന്നിയൂർ
95.	പുറത്തൂർ
96.	തിരുനാവായ
97.	മംഗലം
98.	കായക്കൊടി
99.	നരിപ്പറ്റ
100.	വില്ല്യാപ്പള്ളി
101.	മണിയൂർ
102.	തിരുവള്ളൂർ
103.	ഉണ്ണിക്കുളം
104.	മാവൂർ
105.	കുന്ദമംഗലം
106.	ചാത്തമംഗലം
107.	കോടഞ്ചേരി
108.	പെരുവയൽ
109.	ഒളവണ്ണ
110.	വെള്ളമുണ്ട
111.	എടവക
112.	പനമരം
113.	നെന്മേനി
114.	പൂതാടി
115.	നൂൽപ്പുഴ
116.	കണിയാമ്പറ്റ
117.	നടുവിൽ
118.	ആലക്കോട്
119.	ഉളിക്കൽ
120.	ചിറക്കൽ
121.	അഴീക്കോട്
122.	തൃപ്രങ്ങോട്ടൂർ
123.	കുന്നോത്തുപറമ്പ്
124.	വേങ്ങാട്
125.	അയ്യൻകുതന്ന്
126.	കൂടാളി
127.	പായം
128.	തെക്കിൽ പെരുമ്പള
129.	ഉദുമ
130.	അജാനൂർ
131.	ബളാൽ
132.	കോടോം ബേളൂർ
133.	പള്ളിക്കര
134.	കിനാനൂർ കരിന്തളം
135.	പടന്ന

◆

എടക്കാട് (കണ്ണൂർ) കുടുംബശ്രീ യോഗ പരിശീലനത്തിൽ

എടക്കാട് ഗ്രാമപഞ്ചായത്ത് കുടുംബശ്രീയിലെ 40 അംഗങ്ങൾ കഴിഞ്ഞ മൂന്ന് മാസമായി യോഗപരിശീലന പരിപാടിയിലാണ്. ശാരീരികവും മാനസികവുമായ കരുത്തും രോഗപ്രതിരോധ ശക്തിയും വർദ്ധിപ്പിച്ച് ജീവിത ശൈലീ രോഗങ്ങളിൽ നിന്നും മുക്തി നേടുന്നതിനുള്ള ഒരു ഉപാധിയായാണ് ഈ യോഗ പരിശീലനം ആരംഭിച്ചിട്ടുളളത്. പഞ്ചായത്ത് സാംസ്ക്കാരിക നിലയത്തിൽ വെച്ച് ആഴ്ചയിൽ രണ്ടു ദിവസം വൈകുന്നേരം 5 മുതൽ 6 വരെയാണ് ഈ സൗജന്യ യോഗപരിശീലനം- കുടുംബശ്രീയിലെ 40 അംഗങ്ങൾ വളരെ ആവേശത്തോടെ സന്തോഷകരമായി ഈ മൂന്ന് മാസത്തെ പരിശീലനം പൂർത്തീകരിച്ചു. അമിത വണ്ണമുള്ളവർ, നടുവേദന, കൈകാൽ കടച്ചിൽ, തരിപ്പ് പ്രമേഹം, കൊളസ്ട്രോൾ, ബി.പി., ആസ്ത്മ അലർജി, ആർത്തവ സംബന്ധമായ പ്രശ്നമുള്ളവർ തുടങ്ങി നിരവധി രോഗങ്ങൾ ഉള്ളവരും ഇല്ലാത്തവരും പരിശീലനത്തിൽ പങ്കാളികളായി. നിരന്തരമായ പരിശീലനം ഇവരിൽ പ്രകടമായ മാറ്റങ്ങൾ വരുത്തിയതായി ഇവർ സാക്ഷ്യപ്പെടുത്തുന്നു. കാലത്തെ എഴുന്നേറ്റ് 45 മിനിറ്റ് യോഗപരിശീലനം ഒരു ശീലമായി മാറുന്നതിലൂടെ ജീവിത ശൈലി രോഗങ്ങളിൽ നിന്നും അമിതമായ മാനസിക പിരിമുറുക്കത്തിൽ നിന്നും മുക്തമാകും എന്നവർ തിരിച്ചറിഞ്ഞിട്ടുണ്ട്.

തിങ്കൾ, വ്യാഴം ദിവസങ്ങളിൽ വളരെ ആവേശത്തോടെ സന്തോഷത്തോടെ ഇവർ സാംസ്ക്കാരിക നിലയത്തിൽ പരിശീലനത്തിന് കൂട്ടമായി എത്തിച്ചേരുന്നു.

എടക്കാട് ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറിയും കുടുംബശ്രീ ചാർജ്ജ് ഓഫീസറുമായ എം.ഹരിദാസനാണ് യോഗ പരിശീലനം നൽകുന്നത്. ഇദ്ദേഹം യോഗശാസ്ത്രത്തിൽ കണ്ണൂർ യൂണിവേഴ്സിറ്റിയിൽ നിന്നും പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമയും, ഋഷികേശിലെ യോഗ വേദാന്ത ഫോറസ്റ്റ് അക്കാദമിയിൽ നിന്ന് യോഗ വേദാന്ത പരിശീലനവും പൂർത്തിയാക്കിയിട്ടുള്ള

വ്യക്തിയാണ്. അദ്ദേഹത്തിന്റെ ഭാര്യ ബിന്ദു സി.പിയും യോഗപരിശീലന ത്തിൽ സഹായിക്കുന്നു. കഴിഞ്ഞ പത്തു വർഷത്തിലേറെയായി യോഗ പരിശീലിപ്പിക്കുന്നുണ്ട്. യോഗാസന വും, സൂര്യനമസ്ക്കാരവും പ്രാണാ യാമവും ഉൾപ്പെടെയുള്ള പാഠ്യപദ്ധ തിയാണ് നൽകിവരുന്നത്. അമിത വണ്ണം, പ്രമേഹം, ബി.പി., ആസ്ത്മ അലർജി, ആർത്തവ സംബന്ധമായ പ്രശ്നങ്ങൾ കൂടാതെ വിദ്യാർത്ഥി കളുടെ ഓർമ്മശക്തിയും, ബുദ്ധി ശക്തിയും വർദ്ധിപ്പിക്കുന്നതിനുള്ള കർമ്മ പദ്ധതികളും നടത്തിവരു ന്നുണ്ട്. പഞ്ചായത്ത് ജീവനക്കാർ ക്കുള്ള യോഗപരിശീലനം വർഷ ങ്ങൾക്കു മുൻപ് കണ്ണൂർ പഞ്ചായത്ത് ഭവനിൽ ഇദ്ദേഹം ആരംഭിച്ചിരുന്നു. പഞ്ചായത്ത് റിക്രിയേഷൻ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ അന്ന് ഒരു ബാച്ച് പൂർത്തീകരിച്ചു. എന്നാൽ പലകാ രണങ്ങൾ കൊണ്ട് ആയത് തുട രാൻ കഴിഞ്ഞില്ല. പഞ്ചായത്തിലെ വാർഷിക പദ്ധതിയുടെ ഭാഗമായി മുഴുവൻ ജീവനക്കാർക്കും യോഗ പരിശീലനം നൽകുന്നതിനുള്ള പദ്ധതി വേണമെന്ന് അദ്ദേഹം പറയു ന്നു. ഇത്തരത്തിൽ യോഗപരിശീ ലനം ലഭിക്കുകയും നിരന്തരമായി അഭ്യാസം ചെയ്യുകയും ചെയ്യുന്ന ജീവനക്കാരുടെ മനോഭാവത്തിൽ ഏറെ മാറ്റം വരുമെന്നും അത് പൊ തുജനങ്ങളോടുള്ള സമീപന രീതി യിൽ കാതലായ മാറ്റം വരുത്താൻ സഹായിക്കുന്നതുമാണ്. കൂടാതെ അമിത ഭക്ഷണവും, വ്യായാമക്കു റവും, മാനസിക പിരിമുറുക്കവും അനുഭവിക്കുന്ന ജീവനക്കാർ കുടവ യറൻമാരും പ്രമേഹം, ബി.പി, കൊള സ്ട്രോൾ, ഹൃദ്രോഗം എന്നിവയ്ക്കു അടിമകളായി തീരുകയും ചെയ്യുന്നു. സർവ്വീസിൽ നിന്നും വിരമിക്കുന്ന തോടെ ജീവിത ശൈലീരോഗങ്ങൾ ക്ക് അടിമകളാകുന്നു. സർവ്വീസിൽ നിന്നും വിരമിക്കുമ്പോൾ ലഭിക്കുന്ന തുക മുഴുവൻ പിന്നീടുള്ള ചികി ത്സക്കായി സൂപ്പർ സ്പെഷാലിറ്റി

ആശുപത്രിയിലേക്ക് നൽകേണ്ട ഗതികേടിലേക്ക് എത്തിച്ചേരുന്നു. ഈ ഒരവസ്ഥ മാറ്റിയെടുക്കുന്നതി നും ജീവനക്കാർക്ക് പൊതുജന സേവനം നൽകുന്ന കാര്യത്തിലുള്ള മനോഭാവം മാറ്റിയെടുക്കുന്നതിനും ചിട്ടയായ യോഗപരിശീലനം ഏറെ പ്രയോജനകമാകും.

ആരോഗ്യ രംഗത്ത് ആശുപത്രി കളിലും മരുന്നിനുമായി കോടികൾ ചെലവഴിക്കുന്ന സർക്കാർ തുച്ഛമായ ചെലവിൽ രോഗപ്രതിരോധ ശക്തി വർദ്ധിപ്പിച്ച് മാനവ വിഭവശേഷി വർദ്ധിപ്പിക്കാൻ ഉതകുന്ന ഇത്തരം പൈതൃക വിദ്യകളെ അർഹിക്കുന്ന പ്രാധാന്യത്തിൽ കാണുന്നില്ല എന്ന അഭിപ്രായമുണ്ട്. ആയത് അർഹി ക്കുന്ന പ്രാധാന്യത്തിൽ കാണുക യും നമ്മുടെ സ്ക്കൂളുകളിൽ യോ ഗപരിശീലനം പാഠ്യവിഷയമായി മാറ്റേണ്ടതും ജയിലുകളിലും ആശു പത്രികളിലും സ്ഥിരമായി യോഗപ രിശീലനം ആരംഭിക്കുന്നതും ഗുണ കരമായ ഏറെ മാറ്റങ്ങൾ ഉണ്ടാക്കും എന്ന തിരിച്ചറിവ് നമ്മുടെ ഭരണകർ ത്താക്കൾ ക്കുണ്ടാകേണ്ടതുണ്ട്.

എടക്കാട് കുടുംബശ്രീയു ടെ യോഗപരിശീലത്തിന്റെ ഒന്നാം ബാച്ച് അവസാനിച്ചപ്പോൾ അടുത്ത ബാച്ചിലേക്കുള്ള തള്ളിക്കയറ്റമാണ് ദൃശ്യമായത്. 40 പേർക്കുള്ള പരി ശീലനത്തിന് ഇപ്പോൾ നൂറോളം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇവർ ക്ക് രണ്ടു ബാച്ചിലായി പരിശീലനം ആരംഭിച്ചിരിക്കയാണ്. ചിട്ടയായ പരിശീലനം ദിനചര്യയാക്കുന്നതിലൂ ടെ ശാരീരികവും മാനസികവുമായ മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടി രിക്കയാണ് എടക്കാട് കുടുംബശ്രീ യിലെ അംഗങ്ങൾ. ◆

കൊല്ലയിൽ ശ്രീകണ്ഠൻ നായർ

അതുല്യം 2014–15

സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം രണ്ടാംഘട്ടം വീണ്ടും മാതൃക

അതുല്യമായ നേട്ടങ്ങൾക്ക് വേണ്ടിയും നിരക്ഷരതാ നിർമ്മാർജ്ജനത്തിന് വേണ്ടിയും'അതുല്യം രണ്ടാംഘട്ടം' എന്ന പേരിൽ ഒരു സാക്ഷരതാ യജ്ഞം തുടങ്ങിക്കഴിഞ്ഞു. ജീവിതത്തിന്റെ വസന്തകാലത്ത് പഠിക്കാൻ കഴിയാത്തവർക്ക് വീണ്ടുമൊരു അവസരം കൂടി സർക്കാർ നൽകുകയാണ്. 1990 കളിൽ നാം കണ്ട ആവേശം ഇന്ന് കാണാൻ കഴിയുമോയെന്ന് നോക്കേണ്ടിയിരിക്കുന്നു. 1990 ഏപ്രിൽ 18 ന് കേരളം സമ്പൂർണ്ണ സാക്ഷരത കൈവരിച്ച് ലോകത്തിന് തന്നെ മാതൃകയായി. നമ്മുടെ സംസ്ഥാനം ചിട്ടയായും സമയബന്ധിതമായും നടപ്പിലാക്കിയ ഈ മഹായജ്ഞം ലോകത്തിന് തന്നെ മാതൃകയായി. കേരളത്തിന്റെ സാമൂഹിക സാമ്പത്തിക-സാംസ്കാരിക-വിദ്യാഭ്യാസ രംഗങ്ങളിൽ വമ്പിച്ച മാറ്റത്തിന് സാക്ഷരതാ യജ്ഞം വഴിതെളിച്ചു. സ്ത്രീകൾ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് വന്നു. ആസൂത്രണവും വിഭവസമാഹരണവും ജനകീയാസൂത്രണവും കുടുംബശ്രീയുമൊക്കെ ഒരു പരിധിവരെ സാക്ഷരതയ്ക്ക് കാരണമായി എന്നതാണ് പരമാർത്ഥം.

1991 സമ്പൂർണ്ണ സാക്ഷരതാ പ്രഖ്യാപനത്തിന് ശേഷം 7 വർഷം കഴിഞ്ഞാണ് തുടർ സാക്ഷരത ആരംഭിച്ചത്. 1998 ഒക്ടോബർ 2 ന് തുടർ വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ചു. നീണ്ട 7 വർഷം നവസാക്ഷരർ പലരും അക്ഷരങ്ങളും അക്കങ്ങളും മറക്കാൻ തുടങ്ങിക്കാണുമല്ലോ! ചിലരെല്ലാം സാക്ഷരതാ ഊർജ്ജം ഉൾക്കൊണ്ട് തൊഴിൽ കണ്ടെത്തുകയും ഉപരിപഠനം നടത്തുകയും ചെയ്യുകയുണ്ടായി.

കേരളത്തിൽ 2010 ലാണ് 'അതുല്യ' എന്ന പേരിൽ സമ്പൂർണ്ണ നാലാം തരം തുല്യതയെ ലക്ഷ്യമിട്ട് സാക്ഷരതാ പദ്ധതിക്ക് തുടക്കം കുറിച്ചത്. ഇപ്പോൾ ഇത് ഹയർസെക്കന്ററി തുല്യതാതലം വരെ എത്തിനിൽക്കുന്നു. ഗൾഫ് നാടുകളിലും ഇതര സംസ്ഥാനങ്ങളിലും പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു. ഒന്നാംഘട്ടമെന്ന നിലയിൽ കേരളത്തിലെ 120 നിയോജക മണ്ഡലങ്ങളിലേയും തെരഞ്ഞെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും 127 ഗ്രാമപഞ്ചായത്തുകളിലും 80 കോർപ്പറേഷൻ വാർഡുകളിലും 5 മുൻസിപ്പൽ വാർഡുകളിലും പദ്ധതി വിജയകരമായി നടപ്പിലാക്കി. അതുല്യം രണ്ടാംഘട്ടം തുടങ്ങുമ്പോൾ ഒന്നാംഘട്ടം നടപ്പിലാക്കിയതിന്റെ അനുഭവ സമ്പത്ത് ധാരാളമുണ്ട്.

പ്രാഥമിക വിദ്യാഭ്യാസം നേടാൻ കഴിയാതെ പോയ 15 നും 50നുമിടയിൽ പ്രായമുള്ളവർക്കാണ് നാലാം തുല്യത നൽകേണ്ടത്. മലയാളം, ഇംഗ്ലീഷ്, കണക്ക് കമ്പ്യൂട്ടർ വിദ്യാഭ്യാസം തുടങ്ങിയ വിഷയങ്ങൾ നവസാക്ഷരർക്ക് പഠന വിഷയമായി തീരുമാനിച്ച് ട്രെയിനിംഗ് ഇൻസ്ട്രക്ടർമാർക്ക് കൊടുത്തിട്ടുണ്ട്. ഇപ്പോൾ സാക്ഷരതാ പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത്



ഒന്നാംഘട്ടം അതുല്യം പദ്ധതിയുടെ മാതൃക പിന്തുടർന്നാണ് രണ്ടാംഘട്ടം തുടങ്ങിയത് .15 നും 50നും ഇടയിൽ പ്രായമുള്ളവർക്ക് മുൻഗണന നൽകി കൊണ്ടാണ് അതുല്യം രണ്ടാംഘട്ടം തുടങ്ങിയിരിക്കുന്നത്. പ്രാഥമിക വിദ്യാഭ്യാസം നേടാൻ കഴിയാത്തവക്ക് എഴുത്തും വായനയും കണക്കു കൂട്ടലും കമ്പ്യൂട്ടർ സാക്ഷരതയും നൽകുകയെന്നതാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

തലത്തിൽ നേതൃത്വം കൊടുക്കാൻ പഞ്ചായത്ത് കമ്മിറ്റിയും പ്രേരക്മാരുമുണ്ട്. പല പഞ്ചായത്തുകളിലും പ്രസിഡന്റോ സെക്രട്ടറിയോ മെമ്പർമാരോ ആരുമായും ബന്ധമില്ലാതെ തുടർവിദ്യാകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. പ്രേരക്മാരും അസിസ്റ്റന്റ് പ്രേരക്മാരും സാമ്പത്തികനേട്ടം മാത്രം ലക്ഷ്യംവെച്ചുള്ള പ്രവർത്തനം സാക്ഷരതക്ക് കളങ്കമാണ്. 90കളിൽ സാക്ഷരതാ പ്രവർത്തനം ജനകീയ മുന്നേറ്റമായിരുന്നുവെന്ന് മനസ്സിലാക്കണം.

കേരളത്തിൽ 1998ൽ തുടർ വിദ്യാഭ്യാസ പരിപാടിക്കും 2000ത്തിൽ നാലാംതരം തുല്യതയും ആരഭിച്ചു. 2006 ൽ നിലമ്പൂർ-പേരാമ്പ്ര ഗ്രാമപഞ്ചായത്തുകളും പയ്യന്നൂർ നഗരസഭയും കൂടി ജനകീയ ക്യാമ്പയിനായി സമ്പൂർണ്ണ നാലാംതരം തുല്യതാ പരിപാടി ആരംഭിച്ചു. 2007 ൽ മെയ് 1 ന് പയ്യന്നൂർ നഗരസഭയും 2008 ജനുവരി 8 ന് നിലമ്പൂർ ഗ്രാമപഞ്ചായത്തും ആദ്യത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായി പ്രഖ്യാപിച്ചു. തുടർന്ന് 2010 സെപ്റ്റംബറിൽ 'കിരൺ' പദ്ധതിയിലൂടെ കണ്ണൂർ ജില്ല സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം നേടുന്ന ഇന്ത്യയിലെ ആദ്യത്തെ ജില്ലയായി പ്രഖ്യാപിക്കപ്പെട്ടു. ഇപ്പോൾ കേരളത്തിലെ 140 നിയോജക മണ്ഡലങ്ങളിലും പദ്ധതി നടപ്പിലാക്കി. 127 ഗ്രാമപഞ്ചായത്തുകളിലും കോർപ്പറേഷനിലും 5 മുൻസിപ്പൽ വാർഡുകളിലും പദ്ധതി വിജയകരമായി നടപ്പിലാക്കി. സംഘാടക സമിതി രൂപീകരിച്ച്15 പഠിതാക്കൾക്ക് ഒരു ഇൻസ്ട്രക്ടറെ വീതം കണ്ടെത്തി. വിഭവ സമാഹരണം, പഠനോപകരണങ്ങൾ ശേഖരിച്ച് വിതരണം ചെയ്തു. കലോത്സവങ്ങൾ, പഠനയാത്ര, തൊഴിൽ പരിശീലനം എന്നിവ പാഠ്യേതര പദ്ധതിയിൽ സംഘടിപ്പിച്ചത് പഠിതാക്കൾക്ക് പ്രോത്സാഹനമായി. അങ്ങനെ അതുല്യം നാലാംതരം പഠനം ഒന്നാംഘട്ടം വിജയത്തിലെത്തി.

അതുല്യം 2014 – 2015

ഒന്നാംഘട്ടം അതുല്യം പദ്ധതിയുടെ മാതൃക പിന്തുടർന്നാണ് രണ്ടാംഘട്ടം തുടങ്ങിയത് .15 നും 50നും ഇടയിൽ പ്രായമുള്ളവർക്ക് മുൻഗണന നൽകി കൊണ്ടാണ് അതുല്യം രണ്ടാംഘട്ടം തുടങ്ങിയിരിക്കുന്നത്. പ്രാഥമിക വിദ്യാഭ്യാസം നേടാൻ കഴിയാത്തവർക്ക് എഴുത്തും വായനയും കണക്കു കൂട്ടലും കമ്പ്യൂട്ടർ സാക്ഷരതയും നൽകുകയെന്നതാണ് ലക്ഷ്യമിട്ടിരിക്കുന്നത്. മലയാളം, ഇംഗ്ലീഷ്, കണക്ക്, നമ്മളും നമ്മുക്കു ചുറ്റും എന്നീവിഷയങ്ങളാണ് പാഠാവലയിൽ ഉൾ ക്കൊള്ളിച്ചിരിക്കുന്നത്. കമ്പ്യൂട്ടർ പഠനവും പാഠാവലിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. 4 മാസമാണ് കാലാവധി. 100 മണിക്കൂറെങ്കിലും പഠിതാക്കളുമായി ആശയവിനിമയം നടത്തണം. പാഠാവലികൾ പരിചയപ്പെടുത്തുമ്പോൾ പഠിപ്പിക്കലാണെന്ന തോന്നൽ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. മുതിർന്നവർ പഠനം പാൽപ്പായസം കഴിച്ച മാതിരി രസാവഹമായിരിക്കണം.

പഞ്ചായത്ത് തല സംഘാടക സമിതികൾ വിളിച്ചു ചേർക്കൽ, വാർഡുതല സമിതികൾ കൂടൽ, കുടുംബശ്രീ പ്രവർത്തകരേയും തൊഴിലുറപ്പ്, അംഗൻവാടികളിലെ ആയമാർ തുടങ്ങിയ പ്രവർത്തകരുടെ ഒത്തുചേരൽ, സർവ്വെ എടുക്കൽ എന്നിവയൊക്കെ കഴിഞ്ഞ് പഞ്ചായത്തുകളിൽ ഭാഗികമായിട്ടെങ്കിലും കുറേ തുടർ വിദ്യാഭ്യാസ ക്ലാസ്സുകൾ നടന്നുവരുന്നുണ്ട്. 'അതുല്യം' എന്നാണ് പേര് നൽകിയിരിക്കുന്നത്. ക്ലാസ്സുകളിൽ ഇനിയുമെത്താൻ കഴിയാത്തവരുണ്ടെങ്കിൽ അവർക്കും പങ്കെടുക്കാൻ അവസരങ്ങളുണ്ട്.

കേരള സംസ്ഥാന സാക്ഷരതാ മിഷൻ ആണ് അതുല്യം പദ്ധതിയുടെ ചുക്കാൻ പിടിക്കുന്നത്. പി.എൻ. പണിക്കർ അനുസ്മരണ ദിനവും വായനാദിനവുമായ 2015 ജൂൺ 19 ന് പഞ്ചായത്ത്-മുൻസിപ്പൽ-കോർപ്പറേഷൻ തലത്തിൽ സമ്പൂർണ്ണ തുല്യതാ നാലാംതരം പ്രഖ്യാപനം. അതായത് സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം നേടിയ സംസ്ഥാനമായി പ്രഖ്യാപിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. നമ്മുടെ സംസ്ഥാനം ഒരിക്കൽ കൂടി സാക്ഷരതയക്ക് മാതൃകയാകാൻ പോകുന്നു. ◆

എം.എ സുധീർ ബാബു, പട്ടാമ്പി
കൃഷി - മണ്ണു വിദഗ്ധൻ

“കോഞ്ഞാക്ക്” ഇന്ത്യക്കിണങ്ങിയ പുതിയ ചേനവിള

“കുംഭ ചേന കുടത്തോളം” എന്ന ചൊല്ല് നമ്മുടെ നാടൻ ചേനയെപ്പറ്റിയാണ്. എന്നാൽ ചേന വർഗ്ഗത്തിൽപ്പെട്ട കോഞ്ഞാക്ക് (Konjac) എന്ന കിഴങ്ങുവിള, നമ്മുടെ രാജ്യത്ത് കൃഷിയിറാക്കമെന്ന് ഗവേഷണത്തിലൂടെ തിരിച്ചറിഞ്ഞു. ‘അമോർഫോഫാലസ്’ എന്ന സസ്യജനുസ്സിൽ 200 ൽ പരം സ്പീഷീസുകൾ ലോകത്തുണ്ട്. ഇവ ട്രോപ്പിക്കൽ ഏഷ്യ, ആഫ്രിക്കൻ ഭാഗങ്ങളിലാണുള്ളത്. എന്നാൽ ഇതിൽ കൃഷി ചെയ്തു ഉപയോഗിച്ചു പോരുന്നത് “അമോർഫോഫാലസ് പെയ്നിഫോളിയസ് എന്ന നാടൻ ചേനയും (Elephant Footyam) കോഞ്ഞാക്ക് എന്നറിയപ്പെടുന്ന അമോർഫോഫാലസ് കോഞ്ഞാക്കുമാണ്. മറ്റ് സ്പീഷ്യസുകൾ വന്യമായവയും വളരെ ചുരുങ്ങിയ നിലയിൽ നട്ടുപിടിപ്പിക്കുന്നവയുമാണ്.

അമോർഫോഫലസ് കോഞ്ഞാക്ക് (Amorphophillus konjac) അമോർ ഫോഫാലസ് റിവിയേറി എന്നറിയപ്പെടുന്നു.

ജപ്പാൻ, ചൈന, ഇന്തോനേഷ്യയുടെ തെക്കുഭാഗങ്ങൾ എന്നിവിടങ്ങളിൽ ഇവ ഏറെയുണ്ട്. “കോഞ്ഞാക്ക്”. ചൈന, ജപ്പാൻ ഇന്തോനേഷ്യ, ഏഷ്യയുടെ മറ്റുഭാഗങ്ങൾ എന്നിവിടങ്ങളിൽ പ്രധാന വിളയായി മാറിയിട്ടുണ്ട്.

1500 വർഷങ്ങൾക്കു മുമ്പുതന്നെ കോഞ്ഞാക്ക് ചൈനയിൽ കൃഷിയിറക്കിയിരുന്നു. ഈ സമ്പ്രദായം ജപ്പാനിലേക്കും മറ്റു രാഷ്ട്രങ്ങളിലേക്കും പ്രചരിച്ചു വരികയുമാണുണ്ടായത്. “കോഞ്ഞാക്ക്” മികച്ച ഭക്ഷണാവശ്യത്തിനുള്ള കിഴങ്ങുവിളയാണ്. ഇതുപയോഗിച്ചുള്ള പൊടിയിൽ നിന്ന് ന്യൂഡിൽസും കോഞ്ഞാക്ക് ജെല്ലിയും തയ്യാറാക്കാം. കോഞ്ഞാക്കിന് നല്ല പോഷക-ഔഷധ ഗുണമുണ്ട്. ഇതുപയോഗിച്ച് മികച്ച ഭക്ഷ്യ-സംസ്കരണ മരുന്നുത്പാദിപ്പക്കാനുള്ള സാധ്യതയും കാണുന്നുണ്ട്.

കോഞ്ഞാക്കിന്റെ കിഴങ്ങിൽ ഉയർന്ന അളവിൽ “ഗ്ലൂക്കോമന്നാൻ” (Glucomannan) അടങ്ങിയിട്ടുണ്ട്. ഇത് വളരെ നല്ല ഭക്ഷ്യയോഗ്യമായ, ജലത്തിൽ ലയിക്കുന്ന ആഹാരമാണ്.

അനാരോഗ്യം തടയാൻ കോഞ്ഞാക്ക് നല്ലതാണ്. കോഞ്ഞാക്കിന്റെ കിഴങ്ങ് ഉണക്കപ്പൊടിയാക്കിയത് കയറ്റുമതി ചെയ്തുവരുന്നു. എന്നാൽ കോഞ്ഞാക്ക് ചേനയുടെ മാതിരി ഉഷ്ണമേഖലയിലല്ല നല്ല പ്രകടനം കാഴ്ച വെയ്ക്കുന്നത്. സമുദ്രനിരപ്പിന് 500 മീറ്റർ മുതൽ 1000 മീറ്റർ വരെ ഉയരത്തിലും തണുത്ത/ശൈത്യ കാലാവസ്ഥയിലുമാണ് കോഞ്ഞാക്ക് വളരുന്നത്.

ചൈനയിലെ 15 പ്രോവിൻസസിൽ കോഞ്ഞാക്ക് വിപുലമായി നട്ടുപിടിപ്പിച്ചു വരുന്നുണ്ട്. കോഞ്ഞാ

ക്കിന്റെ കാര്യത്തിൽ ചൈനയാണ് ലോകത്തിലെ ഏറ്റവും വലിയ ഉത്പാദകർ.

കോഞ്ഞാക്ക് പൗഡർ, കോഞ്ഞാക്ക് പശ, ഗ്ലൂക്കോമാൻ എന്നിവയ്ക്ക് അന്താരാഷ്ട്ര വിപണിയിൽ നല്ല ആവശ്യക്കാരുണ്ട്.

കുന്നിൻ ചരിവുകളിലും മല മടക്കുകളിലുമാണീ വിള നടുന്നത്. ശരിയായി ചരിവു നിലനിർത്തി മണ്ണ് -ജലസംരക്ഷണമുണ്ടാക്കി തട്ടായി തിരിച്ച കൃഷിയിടത്തിൽ "കോഞ്ഞാക്ക്" കൃഷിയിറക്കാം.

നല്ല തണുപ്പുള്ള കാലാവസ്ഥയിൽ "കോഞ്ഞാക്ക് മികച്ച വിളവു തരും. എന്നാൽ ഉയർന്ന താപനില ഈ വിളയെ നശിപ്പിക്കും. 15 ഡിഗ്രി സെൽഷ്യസിനും 30 ഡിഗ്രി സെൽഷ്യസിനും ഇടയിലുള്ള താപനില നല്ലതാണ്. വാർഷിക വർഷപാതം (മഴ) 1000 മില്ലി ലിറ്ററിനും 1500 മില്ലി ലിറ്ററിനും ഇടയ്ക്കായാൽ നന്നായിരിക്കും. നല്ല അന്തരീക്ഷ ആർദ്രതയും മണ്ണിലെ ശരിയായ നനവും നല്ല നീർവാർച്ചയും കോഞ്ഞാക്ക് കൃഷിയുടെ വിജയഘടകങ്ങളാണ്.

ഏപ്രിൽ മുതൽ നവംബർ മാസം വരെ മഴയെ ആശ്രയിച്ച് കോഞ്ഞാക്ക് കൃഷിയിറക്കാം. ഏപ്രിലിൽ തന്നെ നിലമൊരുക്കി ആദ്യമഴയ്ക്കു മുമ്പായി കിഴങ്ങ് നടണം. നവംബറിൽ വിളവെടുക്കാം. ഡിസംബർ മുതൽ മാർച്ചുവരെ വിത്ത് ആവശ്യത്തിനായി കിഴങ്ങ് ശേഖരിച്ച് സംഭരിക്കാൻ നല്ല അവസരമാണ്. മഞ്ഞുവീഴ്ച ഏറിയാൽ "കിഴങ്ങ് ചീയൽ" (Tuberrot) സാധ്യതയുള്ളതിനാൽ ഭദ്രമായി കിഴങ്ങ് സംരക്ഷിക്കണം.

മണൽ കലർന്ന പശിമരാശി മണ്ണാണ് നല്ലത്. നല്ല സൂര്യപ്രകാശം കിട്ടണം. നല്ലവണ്ണം അഴുകിയ കാലിവളം മണ്ണിൽ ചേർക്കണം. വരണ്ട കാലാവസ്ഥയിൽ "കോഞ്ഞാക്ക്" ഉണങ്ങി നശിക്കും.

ചേനയുടെ മാതിരി ചേനക്കിഴങ്ങ് ഉപയോഗിച്ചാണ് ഇത് നടേണ്ടത്. ചേനയുടെ മാതിരി കോഞ്ഞാക്ക് ചെടികൾ പുഷ്പിച്ച് വിത്തുണ്ടാവും. എന്നാൽ ഈ വിത്ത് ഉപയോഗിച്ചാൽ ജനിതക വ്യതിയാനം സംഭവിക്കുന്നു.

കോഞ്ഞാക്കിന്റെ പ്രധാന കിഴങ്ങിനു ചുറ്റിലും ചെറിയതരം കിഴങ്ങുകൾ (Cormels) നാലെണ്ണം വരെയുണ്ട്. ഇവയ്ക്ക് 10 ഗ്രാം മുതൽ 15 ഗ്രാം വരെയേ തൂക്കമുണ്ടാകു. 20 ഗ്രാമിൽ കുറഞ്ഞ തൂക്കം വരുന്ന കോഞ്ഞാക്കുകൾ നടീലിന് നല്ലതാണ്. 200 ഗ്രാമിലേറെ തൂക്കം വരുന്ന കിഴങ്ങുകൾ "ഗ്ലൂക്കോമന്നൻ" (Glucomannan) ഉത്പാദനത്തിന് ഉപയോഗിച്ചു വരികയാണ്.

10–15 ഗ്രാം തൂക്കമുള്ള കോഞ്ഞാക്കിന്റെ നടീൽ കിഴങ്ങുകൾ നട്ട് ആറേഴ് മാസത്തിനുള്ളിൽ 50 ഗ്രാം തൂക്കത്തിലെത്തും. ഇത് വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷിക്ക് മുതൽക്കൂട്ടാണ്. രോഗബാധയോ പ്രാണിശല്യമോ ഇല്ലായെന്ന് ഉറപ്പിക്കണം.

നടീൽ

നിലം 2–3 പ്രവശ്യം താഴ്ത്തി കൊത്തിയിളക്കിയിടണം. നന്നായി അഴുകിപ്പൊടിഞ്ഞ കാലിവളം അവസാന ഉഴവിൽ തന്നെ ചേർക്കണം. ചെറിയ കുഴിയിൽ കിഴങ്ങ് പാകി മുളപ്പിച്ചതിനു ശേഷം തവരണയാക്കിയോ വളർത്താം. നടീൽ വസ്തു

വിന്റെ തരമനുസരിച്ച് നടീലകലം വ്യത്യാസപ്പെടും.

10–15 ഗ്രാം തൂക്കുവരുന്ന നടീൽ കിഴങ്ങാണെങ്കിൽ രണ്ട് വരികൾ തമ്മിൽ 30 സെ.മീറ്ററും 2 ചെടികൾ തമ്മിൽ, 10 സെ.മീറ്ററും അകലം മതി.

വാണിജ്യാടിസ്ഥാനത്തിൽ "കോഞ്ഞാക്ക്" നടുമ്പോൾ നടീൽ വസ്തുവിന് 50 ഗ്രാം തൂക്കം വരും. ഈയവസരത്തിൽ 2 വരികൾ തമ്മിൽ 60 സെ.മീറ്ററും 2 ചെടികൾ തമ്മിൽ 30 സെ.മീറ്ററും നൽകിയിരിക്കണം.

രാസ-ജൈവവളങ്ങൾ നൽകുമ്പോൾ കോഞ്ഞാക്കിൽ നിന്ന് നല്ല വിളവ് കിട്ടും. 1 ഹെക്ടറിൽ 12 ടൺ കാലിവളം ചേർക്കണം. നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാഷ് (എൻ.പി.കെ) 1 ഹെക്ടറിൽ 100:8:100 കി.ഗ്രാം ലഭിക്കുന്ന തരത്തിൽ രാസവള ശുപാർശ്ശയുണ്ട്. പുതയിട്ടാൽ നല്ലതാണ്. ചൈനയിൽ പ്ലാസ്റ്റിക് പുതയിടൽ (Plastic Mulching) പ്രചാരത്തിലുണ്ട്.

കോഞ്ഞാക്കിന്റെ കൂടെ ചോളം നടുന്നത് നല്ലതാണ്. കോഞ്ഞാക്കിന്റെ ചുവട്ടിൽ നെൽ വൈക്കോൽ പുതയിടുന്നത് നല്ലതാണ്.

ഗുണങ്ങൾ

മികച്ച ഔഷധം പോഷക-വ്യാവസായിക ഗുണമുള്ള കിഴങ്ങുവിളയാണിത്. ചൈനയിലും ജപ്പാനിലും നൂറ്റാണ്ടുകളായി കോഞ്ഞാക്ക് ഭക്ഷ്യാവശ്യത്തിന് ഉപയോഗിച്ചു വരുന്നു.

പ്രകൃത്യാലുള്ള "ഗ്ലൂക്കോമന്നൻ" എന്ന ഘടത്തിന്റെ മികച്ച ഉറവിടമാണിത്. ഗ്ലൂക്കോസും മന്നോസും അടങ്ങിയതാണിത്. ഇതിന്റെ സ്ഥിരോപയോഗം വഴി കൊളസ്ട്രോൾ കുറയും. ശരീരത്തിന്റെ ആരോഗ്യം നിലനിർത്തുന്നു. മലബന്ധം വരെ തടയാൻ കോഞ്ഞാക്കിന് ശേഷിയുണ്ട്.

കൂടുതൽ വിവരങ്ങൾക്കായി :
ഡോ. ആർ.എസ് മിശ്ര (ശാസ്ത്രജ്ഞൻ കേന്ദ്രകിഴങ്ങുവിള ഗവേഷണ കേന്ദ്രം, റീജിയണൽ സെന്റർ, ഭൂവനേശ്വർ, ഒറീസ്സ) ◆

കൃഷി ക്ലിനിക്

എം. എ. സുധീർ ബാബു പട്ടാമ്പി

വാഴകൃഷിയിൽ വേനലിൽ എന്തെല്ലാം ശ്രദ്ധിക്കണം ? വാഴപ്പനി (Plantain Fever) എന്നാലെന്താണ്? ഇതിനുള്ള മുഖ്യകാരണവും പ്രതിവിധിയും അറിയാൻ ആഗ്രഹിക്കുന്നു.

"വാഴപ്പനി" രാസവള പ്രയോഗത്തിൽ സംഭവിക്കുന്ന ചില അപാകതകൾ വഴിയാണ് വരുന്നത്. വാഴയുടെ കൈയ്യുകൾ ഇടിഞ്ഞുവീഴുകയാണ് ഇതിന്റെ ലക്ഷണം. നൈട്രജൻ അടങ്ങിയ യൂറിയ പോലുള്ള രാസവളങ്ങൾ കൂടിയ തോതിൽ ചേർക്കുന്നതു വഴിയും ഫോസ്ഫറസ് അടങ്ങിയതും പൊട്ടാഷ് അടങ്ങിയതുമായ രാസവളങ്ങൾ കുറച്ചു മാത്രം നൽകുന്നതു വഴിയുമാണ് "വാഴപ്പനി" വരുന്നത്. വാഴയിൽ ജൈവ-ജീവാണുവളങ്ങൾ സംയോജിതമായ രീതിയിൽ രാസവളം ചേർക്കുകയും മണ്ണുപരിശോധന ഒരു ശീലമാക്കുകയും ചെയ്താൽ വാഴയിൽ വാഴപ്പനി വരുന്നത് നിയന്ത്രണവിധേയമാക്കാം.

ഫെറമോൺക്കെണി, നെല്ലിലെ "ഫണൽട്രാപ്പ്" എന്നിവയെപ്പറ്റി ചുരുക്കി പറയാമോ? ഇതെവിടെ നിന്ന് വാങ്ങിക്കാമെന്നും പറയാമോ?

കീടങ്ങളുടെ എതിർ ലിംഗത്തിൽ പെട്ടവയുടെ മണം കൃത്രിമമായി ഉത്പാദിപ്പിച്ച് അതിനെ കെണിയിൽ വച്ച് ശത്രു കീടങ്ങളെ മണത്തിലേക്ക് (Lure) ആകർഷിപ്പിച്ച് നശിപ്പിക്കുന്നതാണ് ഫെറമോൺക്കെണികൾ. ഇതുപയോഗിച്ച് മാവിലെ കായീച്ചകളേയും വെള്ളരി വർഗ്ഗത്തിലെ കായീച്ചകളേയും(മെലൺഫ്ളൈ) യും നിയന്ത്രിക്കാൻ നല്ലതാണ്. തൃശൂരിലെ കാർഷിക സർവകലാശാലയ്ക്കു പുറമേ ഇത് ലഭിക്കുന്നതിനുള്ള ചില നമ്പരുകൾ: 9946105331, 9544300925, 9072844855. "ഫണൽ ട്രാപ്പ് നെല്ലിലെ തണ്ടുതുരപ്പൻ പുഴുവിനെതിരെ നല്ലതാണ്. ഫെറമോൺകെണി 15 സെന്റിലേക്ക് 1 കെണി മതി. 60 ദിവസം കഴിയുമ്പോൾ കെണിയിലേക്ക് മണവസ്തു (Lure) മാറ്റിയിട്ടാൽ മതി. ഇതിനു പുറമെ കൃഷി വിജ്ഞാൻ കേന്ദ്രങ്ങൾ, കൃഷിവകുപ്പ് വിൽപ്പന കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിന്നും ഫെറമോൺ കെണികൾ വാങ്ങാം.

സമൃദ്ധിയുടെ നല്ല നാളെകൾ വാഗ്ദാനം ചെയ്ത്
സുകന്യ സമൃദ്ധി യോജന

പെൺകുട്ടികളുടെ സാമ്പത്തിക ശാക്തീകരണം ലക്ഷ്യമിട്ട് കേന്ദ്രഗവൺമെന്റ് നടപ്പിലാക്കുന്ന ലഘു സമ്പാദ്യ പദ്ധതിയായ സുകന്യ സമൃദ്ധി യോജനക്ക് കേരളത്തിൽ മികച്ച പ്രതികരണം. 2014 ഡിസംബർ 2 നാണ് പദ്ധതിക്ക് ഔപചാരിക തുടക്കമായതെങ്കിലും കേരളത്തിൽ 2015 ജനുവരിയിലാണ് പദ്ധതി ആരംഭിച്ചത്. തപാൽ വകുപ്പ് ഇതിനായി പ്രത്യേക പ്രചാരണ പരിപാടിതന്നെ നടത്തി. 2015 മാർച്ച് 31 വരെയുള്ള കണക്കനുസരിച്ച് കേരളത്തിൽ 122247 അക്കൗണ്ടുകളാണ് ആരംഭിച്ചിട്ടുള്ളത്. തൃശൂർ ജില്ലയിലാണ് ഏറ്റവും കൂടുതൽ അക്കൗണ്ടുകൾ ആരംഭിച്ചത്- 27596 എണ്ണം. തിരുവനന്തപുരത്ത് 16247 അക്കൗണ്ടുകളും കോട്ടയത്ത് 14285 അക്കൗണ്ടുകളും പദ്ധതിക്കുകീഴിൽ ആരംഭിച്ചു. ജില്ലതിരിച്ചുള്ള വിശദമായ പട്ടിക താഴെക്കൊടുക്കുന്നു.

ജില്ല	31.03.2015വരെ ആരംഭിച്ച അക്കൗണ്ടുകളുടെ എണ്ണം
തിരുവനന്തപുരം	16247
കൊല്ലം	5115
പത്തനംതിട്ട	2463
ആലപ്പുഴ	10052
ഇടുക്കി	5135
കോട്ടയം	14285
എറണാകുളം	10963
തൃശൂർ	27596
പാലക്കാട്	12435
കോഴിക്കോട്	5815
മലപ്പുറം	3912
വയനാട്	1770
കണ്ണൂർ	4647
കാസർകോഡ്	1812
ആകെ	122247

രാജ്യത്തെ ഏത് പോസ്റ്റ് ഓഫീസിലും സുകന്യസമൃദ്ധി പദ്ധതിയിൽ അക്കൗണ്ട് ആരംഭിക്കാം. പത്തു വയസ്സിനു താഴെയുള്ള പെൺകുട്ടികൾക്കാണ് അക്കൗണ്ട് ആരംഭിക്കാനാവുക. എന്നാൽ പദ്ധതിയുടെ പ്രാരംഭ ആനുകൂല്യമെന്നനിലയിൽ 02.12.2013 നുശേഷം ജനിച്ച കുട്ടികൾക്ക് 01.12.2015 നകം അക്കൗണ്ട് ആരംഭിക്കാനുള്ള അവസരമുണ്ട്. പെൺകുട്ടികളുടെ ഉന്നത വിദ്യാഭ്യാസം, വിവാഹം എന്നിവ സുഗമമായി നടത്താൻ സഹായിക്കാനും പദ്ധതി ലക്ഷ്യമിടുന്നു.

മാതാപിതാക്കൾക്കോ, നിയമപ്രകാരമുള്ള രക്ഷകർത്താവിനോ അക്കൗണ്ട് ആരംഭിക്കാം. പ്രായപൂർത്തിയെത്തിയശേഷം പെൺകുട്ടിക്കു മാത്രമേ അക്കൗണ്ടിലെ തുക പിൻവലിക്കാനാവൂ എന്നതാണ് പദ്ധതിയുടെ പ്രധാന സവിശേഷത.

ഒരു പെൺകുട്ടിയുടെ പേരിൽ ഒരു അക്കൗണ്ട് മാത്രമേ ആരംഭിക്കാനാവൂ. എന്നാൽ ഒരു രക്ഷിതാവിന് രണ്ട്പെൺകുട്ടികളുടെപേരിൽ രണ്ട്

വ്യത്യസ്ത അക്കൗണ്ടുകൾ ആരംഭിക്കാം. അക്കൗണ്ട് ആരംഭിക്കുന്നതിനാവശ്യമായ ഏറ്റവും കുറഞ്ഞ തുക 1000 രൂപയാണ്. തുടർന്നുള്ള നിക്ഷേപങ്ങൾ 100 ന്റെ ഗുണിതങ്ങളായാണ് സ്വീകരിക്കുക. ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 1000 രൂപയെങ്കിലും അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കണം. ഒരു വർഷം നിക്ഷേപിക്കാവുന്ന പരമാവധി തുക 150000 രൂപയാണ്.

ഒരു സാമ്പത്തിക വർഷത്തിൽ 1000 രൂപ നിക്ഷേപിക്കാത്ത അക്കൗണ്ടുകൾ പുനരുജ്ജീവിപ്പിക്കാനും അവസരമുണ്ട്. 50 രൂപ പിഴയും മുടങ്ങിയ കാലയളവിലെ മിനിമം നിക്ഷേപവും അടച്ച് അക്കൗണ്ട് വീണ്ടും പ്രവർത്തനക്ഷമമാക്കാം.

14 വർഷത്തേക്ക് മാത്രമേ സുകന്യ സമൃദ്ധി അക്കൗണ്ടിൽ പണം നിക്ഷേപിക്കാനാവൂ. എങ്കിലും തുടർന്നുള്ള 7 വർഷം അക്കൗണ്ട് പ്രവർത്തനക്ഷമമായിരിക്കും. ഇക്കാലയളവിൽ അക്കൗണ്ട് ഉടമകൾക്ക് പലിശ ലഭ്യമാകുകയുംചെയ്യും. 18 വയസ്സിനുശേഷം പെൺകുട്ടിയുടെ വിവാഹം കഴിയുകയാണെങ്കിൽ അക്കൗണ്ട് ക്ലോസ് ചെയ്യാം.

നിലവിൽ സുകന്യ സമൃദ്ധി പദ്ധതി വാഗ്ദാനംചെയ്യുന്ന പലിശ നിരക്ക് 9.2% ആണ്. പെൺകുട്ടിക്കു 18 വയസ്സു തികഞ്ഞാൽ തൊട്ടു മുൻ സാമ്പത്തികവർഷം അക്കൗണ്ടിലുള്ള തുകയുടെ 50% വരെ പിൻവലിക്കാം. അക്കൗണ്ട് ഉടമയുടെ മരണം കാരണം കാലാവധിയെത്തുന്നതിനു മുമ്പ് അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടി വന്നാൽ അവശേഷിക്കുന്ന തുക രക്ഷകർത്താവിന് നൽകുന്നതാണ്. സുകന്യ സമൃദ്ധി പദ്ധതിക്കുകീഴിലെ നിക്ഷേപങ്ങൾക്ക് സെക്ഷൻ 80 സി അനുസരിച്ച് ആദായനികുതി ഇളവ് അനുവദിക്കുന്നതാണ്.

ജനസംഖ്യയിൽ പെൺകുട്ടികളുടെ എണ്ണം കൂടുതലുള്ള കേരളത്തിൽ സുകന്യ സമൃദ്ധി പദ്ധതി അക്കൗണ്ടുകളുടെ എണ്ണം 10 ലക്ഷം ആക്കി ഉയർത്താനാണ് തപാൽ വകുപ്പ് ലക്ഷ്യമിടുന്നതെന്ന് സീനിയർ സൂപ്രണ്ട് ഓഫ് പോസ്റ്റ് ഓഫീസസ്, തിരുവനന്തപുരം (നോർത്ത്) ഡിവിഷൻ സി. ആർ രാമകൃഷ്ണൻ അറിയിച്ചു.

ലേഖകൻ : ഇൻഫർമേഷൻ അസിസ്റ്റന്റ്,
പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോ,
തിരുവനന്തപുരം

◆

ചേലോറ ഗ്രാമപഞ്ചായത്ത്

മികവിന്റെ കേന്ദ്രമായി പെരിങ്ങളായി ശിശുമന്ദിരം

ചേലോറ ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ അഭിമാന സ്തംഭമായി മാറുകയാണ് പെരങ്ങളായി ശിശുമന്ദിരം. ഗവൺമെന്റ്, എയിഡഡ് സ്കൂളുകളിൽ പലതും ആവശ്യത്തിന് കുട്ടികളെ കിട്ടാത്ത അവസ്ഥയുള്ളപ്പോഴാണ് ഇപ്രകാരം ഒരു ശിശുമന്ദിരം കുട്ടികളുടെ എണ്ണത്തിലും മികവിലും ശ്രദ്ധേയമാകുന്നത്. ഇവിടെ പഠിച്ചിറങ്ങുന്ന കുട്ടികളെ ഒന്നാം ക്ലാസിൽ ചേർക്കാൻ സമീപത്തെ എയിഡഡ് വിദ്യാലയങ്ങൾ മാത്രമല്ല, സി.ബി.എസ്.ഇ. സ്ഥാപനങ്ങൾ വരെ മത്സരമാണ്. ശിശുമന്ദിരത്തിൽ പ്രവേശനം കിട്ടാനും രക്ഷിതാക്കളുടെ തള്ളിക്കയറ്റമാണ്. നിലവിൽ 65 കുട്ടികൾ പഠിക്കുന്നുണ്ട്.

കേരള സർക്കാരിന്റെ പതിനൊന്നിന പരിപാടിയുടെ ഭാഗമായി 1990 ലാണ് ശിശുമന്ദിരം സ്ഥാപിതമായത്. 1993 ജൂണിൽ പ്രവർത്തനം ആരംഭിച്ചു.

3 വയസ്സ് മുതൽ 5 വയസ്സ് വരെയുള്ള കുട്ടികളുടെ മാനസികവും ശാരീരികവുമായ വളർച്ചയും പ്രോത്സാഹനവുമാണ് ശിശുമന്ദിരം ലക്ഷ്യമിടുന്നത്. പ്രൈമറി ക്ലാസുകളിലേക്ക് കുട്ടികളെ സജ്ജമാക്കുകയും ചെയ്യുന്നു. നല്ല സ്വഭാവ ശീലങ്ങളും നല്ല ചിട്ടകളും വളർത്തിയെടുക്കുന്നതിലും ഈ ശിശുമന്ദിരം പ്രധാന പങ്ക് വഹിക്കുന്നു. കുട്ടികളുടെ എല്ലാതരം സർഗവാസനകളെയും കഴിവുകളെയും കണ്ടെത്തി വികസിപ്പിക്കാൻ പര്യാപ്തമായ രീതിയിലാണ് ഇവിടുത്തെ അധ്യയനം. ഇതിന്റെ ഫലമായി ഇവിടെനിന്ന് പഠിച്ചിറങ്ങുന്ന കുട്ടികൾ ഒന്നാം ക്ലാസിൽ എത്തിയാൽ മറ്റ് കുട്ടികളെ അപേക്ഷിച്ച് കൂടുതൽ മികവ് പുലർത്തുന്നതായാണ് അനുഭവം.

എല്ലാ വർഷവും ഈ വിദ്യാലയത്തിൽ ചേരുന്ന കുട്ടികളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധന ഇതിന്റെ തെളിവാണ്. ഭൗതിക സാഹചര്യങ്ങൾ പരിമിതമായതിനാൽ പ്രവേശനം തേടിയെത്തുന്നവരെ മുഴുവൻ ചേർക്കാൻ സാധിക്കുന്നില്ലെന്നതാണ് അവസ്ഥ.

ഇവിടെ പഠിച്ചിറങ്ങുന്ന കുട്ടികൾക്ക് സി.ബി.എസ്.ഇ. ഇംഗ്ലീഷ് മീഡിയം ഒന്നാം ക്ലാസിലേക്കും കേരള സിലബസ് ഇംഗ്ലീഷ് മീഡിയം ഒന്നാം ക്ലാസിലേക്കും ഒരുപോലെ ചേരാൻ കഴിയുമെന്നതാണ് ഈ വിദ്യാലയത്തിന്റെ ഏറ്റവും പ്രധാന സവിശേഷത. സമീപ പ്രദേശങ്ങളിലെ എയിഡഡ് സ്കൂളിലേതിനേക്കാൾ കുട്ടികൾ ഈ ശിശുമന്ദിരത്തിൽ ചേർന്ന് പഠിക്കുന്നത് ഈ വിദ്യാലയത്തിന്റെ മികവ് സാക്ഷ്യപ്പെടുത്തുന്നു.

ശിശുമന്ദിരത്തിൽ നിന്നും 7 കി.മീ. മാത്രം അകലെയാണ് കണ്ണൂർ പട്ടണം. നിത്യേന നിരവധി സ്ക്കൂൾ വാഹനങ്ങളാണ് ഈ സ്ക്കൂളിനടുത്ത് കൂടി എൽ.കെ.ജി., യു.കെ.ജി.

പഠിക്കാൻ വേണ്ട കുട്ടികളുമായി കടന്ന് പോകുന്നത്. എന്നാൽ ഇംഗ്ലീഷ് മീഡിയത്തിലേക്കുള്ള കുട്ടികളുടെ കുത്തൊഴുക്ക് ഈ വിദ്യാലയത്തെ അശേഷം ബാധിച്ചിട്ടില്ല.

തങ്കമണി ടീച്ചറും ആയ രമാവതിയുമാണ് ശിശുമന്ദിരത്തിലെ ജീവനക്കാർ. എത്ര പിന്നോക്കം നിൽക്കുന്ന കുട്ടികളേയും കഠിനാധ്വാനത്തിലൂടെയും ക്ഷമയോടെയും നല്ല ശീലങ്ങൾ, പെരുമാറ്റങ്ങൾ, പാട്ടുകൾ, കഥകൾ, ചിത്രങ്ങൾ, അക്ഷരങ്ങൾ, വാക്കുകൾ വരെ എഴുതാനും വായിക്കാനും പ്രാപ്തി നേടിക്കൊടുത്താണ് ഇവിടെ നിന്ന് അദ്ധ്യയനം പൂർത്തിയാക്കി വിടുന്നത്.

കണ്ണൂർ ജില്ലയിലെ ചേലോറ ഗ്രാമപഞ്ചായത്തിലെ 10-ാം വാർഡിൽ പഞ്ചായത്ത് വാങ്ങി നൽകിയ 40 സെന്റ് സ്ഥലത്താണ് പെരിങ്ങളായിൽ ശിശുമന്ദിരം പ്രവർത്തിക്കുന്നത്. പഞ്ചായത്തിന്റെ വിവിധ പദ്ധതികളിലായി കോൺക്രീറ്റ് കെട്ടിടവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. എന്നിട്ടും 65 ഓളം കുട്ടികൾക്ക് ആവശ്യമായ സൗകര്യങ്ങളില്ല. ഒരു ടീച്ചർ മാത്രമാണ് ഇപ്പോൾ ഉള്ളത്. രണ്ട് അധ്യാപികമാരെങ്കിലും അനിവാര്യമാണ്. ഇതിനായി ടീച്ചറുടെ ഒരു അധിക തസ്തിക കൂടി സൃഷ്ടിക്കാൻ സർക്കാരിൽ നിന്ന് അനുവാദം ആവശ്യമാണ്. നിലവിൽ രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 3 മണി വരെയാണ് ശിശുമന്ദിരത്തിന്റെ പ്രവർത്തന സമയം. ടീച്ചറുടേയും ആയയുടേയും ശമ്പളം പഞ്ചായത്ത് നൽകുന്നു. ഉച്ചഭക്ഷണത്തിന് ആവശ്യമായ തുകയും പഞ്ചായത്ത് നൽകുന്നു. കുട്ടികളുടെ സർഗാത്മകതയ്ക്ക് ഏറെ പ്രാധാന്യം നൽകുന്നു. കഥപറയൽ, കവിതാപാരായണം, സംഘഗാനം തുടങ്ങി വ്യക്തിഗതവും സംഘം ചേർന്നുള്ളതുമായ കവിതാപാരായണം, കലാപരിപാടികൾ കണ്ണൂർ ആകാശവാണി നിലയത്തിൽ എല്ലാ വർഷവും നടത്തി വരുന്നു. ക്ലാസ് മുറിയിൽ വെച്ച് തന്നെ കലാപരമായ കഴിവുകൾ വളർത്തിയെടുക്കുന്നതിന് പരിശീലനം നൽകുന്നു. കായിക മത്സരങ്ങളിലും പരിശീലനം നൽകാറുണ്ട്.

അധ്യയന വർഷത്തിന്റെ അവസാനം നടത്തുന്ന ശിശു മന്ദിരത്തിന്റെ വാർഷികാഘോഷം നാട്ടുകാരുടെ ഗ്രാമോത്സവം കൂടിയാണ്. രണ്ട് ദിവസങ്ങളിലായി കലാ കായിക മത്സരങ്ങൾ - തുടർന്ന് സമാപന സമ്മേളനം, സാംസ്കാരിക സമ്മേളനങ്ങൾ എന്നിങ്ങനെ വിപുലമായ പരിപാടികളാണ് സംഘടിപ്പിക്കാറ്. കലാകായിക സമാപന സമ്മേളനങ്ങൾ നടത്തുന്നത് നാട്ടുകാരുടെ നേതൃത്വത്തിലുള്ള സംഘാടക സമിതിയാണ്. അമ്മമാർക്കും രക്ഷിതാക്കൾക്കും കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നതിലൂടെ കുട്ടികളും വിദ്യാലയവും രക്ഷിതാക്കളും, ശിശുമന്ദിരം ജീവനക്കാരും തമ്മിൽ നല്ല ബന്ധം കാത്ത് സൂക്ഷിക്കാൻ സാധിക്കുന്നു. 23-ാം വാർഷികത്തിലേക്ക് കടക്കുന്ന ഈ അറിവിന്റെ കേദാരത്തെ കൂടുതൽ ഉന്നതിയിലെത്തിക്കേണ്ടതുണ്ട്. ◆

(പ: ന്യൂ: സർവ്വീസ്)

പ്രധാനമന്ത്രിയുടെ പൊതുഭരണ അവാർഡ്

ഇരവിപേരൂർ ഗ്രാമപഞ്ചായത്തിന്

ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഡ്വ. എൻ. രാജീവ് പ്രധാനമന്ത്രിയിൽ നിന്നും അവാർഡ് ഏറ്റുവാങ്ങുന്നു

കേന്ദ്ര–സംസ്ഥാന സർക്കാർ സ്ഥാപനങ്ങളിലെ പൊതു ഭരണ വുമായി ബന്ധപ്പെട്ട് 2013–14 ലെ പ്രധാനമന്ത്രിയുടെ അവാർഡ് ഇരപിപേരൂർ ഗ്രാമപഞ്ചായത്തിന്. ആഫീസുകളിൽ നടപ്പാക്കിയ മാതൃകാപരവും വേറിട്ടതുമായ പ്രവർത്തനങ്ങൾക്കാണ് അവാർഡ് ഏർപ്പെടുത്തിയിട്ടുള്ളത്. കേരളത്തിലെ ഒരു സ്ഥാപനത്തിനും ദേശീയ തലത്തിൽ ഒരു പഞ്ചായത്തിനും ആദ്യമായാണ് ഈ അവാർഡ് ലഭിക്കുന്നത്. ഏപ്രിൽ 21 ന് വിജ്ഞാൻ ഭവനിൽ നടന്ന ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയിൽ നിന്നും പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. എൻ രാജീവ്, സെക്രട്ടറി സുജാകുമാരി എന്നിവർ അവാർഡ് ഏറ്റുവാങ്ങി.

വിവിധ പഞ്ചായത്തുകളുടേതടക്കം മറ്റു സർക്കാർ ഓഫീസുകളും ചേർത്ത് പതിനായിരത്തോളം നോമിനേഷനുകൾ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മറ്റി പരിശോധിച്ച് തെരഞ്ഞെടുക്കപ്പെട്ടവയാണ് ഡൽഹിയിൽ എത്തിച്ചത്. തുടർന്ന് രേഖകളുടെയും നേരിട്ട് സന്ദർശിച്ചുള്ളതുമായ പരിശോധനകൾ അവസാനഘട്ടത്തിൽ വിവിധ വകുപ്പു മേധാവികളുടെ സാന്നിദ്ധ്യത്തിലുള്ള വർക്ക്ഷോപ്പും കേന്ദ്ര–ക്യാബിനറ്റ് സെക്രട്ടറിമുൻപാകെയുള്ള അവതരണത്തിനും ശേഷമാണ് വിജയിയെ കണ്ടെത്തിയത്. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലെ വിവിധ വകുപ്പുകളുടേതായി 157 നോമിനേഷനുകളിൽ നിന്നാണ് സ്ഥാപന വിഭാഗത്തിൽ ഇരവിപേരൂർ ഗ്രാമപഞ്ചായത്തിനെ തെരഞ്ഞെടുത്തത്.

ഇരവിപേരൂർ എന്ന പ്രാദേശിക ഭരണകൂടത്തിന്റെ വിജയഗാഥ എന്ന പേരിൽ സമർപ്പിച്ച നോമിനേഷനിൽ പഞ്ചായത്തിൽ നടപ്പാക്കിയ പത്തു സോഫ്റ്റ് വയറുകളുടെ പ്രവർത്തനം,ആധുനിക റിക്കാർഡ് റൂം അടക്കമുള്ള ഇ–ഗവേണൻസ്,പ്ലാസ്റ്റിക് റോഡ് ടാറിംഗ് ഉൾപ്പെടെയുള്ള മാലിന്യ സംസ്ക്കരണ പരിപാടി, സിവിൽ സർവ്വീസ് കോച്ചിംഗ് അടക്കം സംഘടിപ്പിച്ചിട്ടുള്ള ഗ്രാമ വിജ്ഞാന കേന്ദ്രം, പട്ടികജാതി കോളനികളിൽ നടപ്പാക്കിയ 13 ചെറുകിട കുടിവെള്ള പദ്ധതികൾ, യോഗാ–പെയിൻ ആന്റ് പാലിയേറ്റീവ് അടക്കമുള്ള ആരോ

wanted to have their say on ... Rajesh Rai Express.

We do not endorse any statement which talks ... stitution makes it clear that nobody can be allo...

Political Intervention a Must, Modi Tells Babus

New Delhi: Asserting that "political intervention" is necessary in a democracy, Prime Minister Narendra Modi on Tuesday made it clear to bureaucrats not to view this as a hindrance for good governance.

Drawing a distinction between political interference and intervention, the Prime Minister said while the former would "destroy" the system the latter was "necessary" and "inevitable".

Addressing civil servants, the Prime Minister said bureaucratic temperament and political interference are often talked about as obstacles in moving the democratic process forward.

"In a democracy, bureaucracy and political intervention go hand in hand. This is the speciality of democracy. If we have to run this country, we do not require political interference. But political intervention is necessary and inevitable otherwise democracy will not work," the Prime Minister said.

"Political intervention is required in democracy as legislators are elected by people. Political interference destroys (the system)," Modi said.

He said there was a need to remove words such as obstacle and difficulty from within the bureaucratic system.

"One department is working but it is stopped somewhere. You will ask what has happened? It will say that is the bureaucratic way of functioning. Similarly if some work is stuck somewhere we say it is political interference," the Prime Minister said at the Civil Services Day function.

Emphasising on accountability and responsibility, Modi told the bureaucrats that every problem had a solution which had to be found out. "Accountability, Responsibility and Transparency; this ART is essential for good governance," he said.

Advocating reforms in bureaucracy, Modi said there was a need to give impetus to technology as the day is not far when the world will look at m-governance or mobile governance. PTI

Prime Minister Narendra Modi presents an award to Rajeev N of Kerala during the Civil Services Day function in New Delhi on Tuesday | PTI

Wed, 22 April 2015
epaper.newindianexpress.com/c/5067698

INDIAN EXPRESS

പ്രധാനമന്ത്രിയുടെ മികച്ച പൊതുഭരണ അവാർഡ് ഇരവിപേരൂരിന്

ഗ്യ സഭാ പ്രവർത്തനങ്ങൾ,സ്ത്രീകളുടേയും കുട്ടികളുടേയും പരാതികൾ പരിഹരിക്കുന്നതിന് പ്രാമുഖ്യം കൊടുക്കുന്ന ജാഗ്രതാ സമിതി, മഴപന്തൽ-തരിശ് ജൈവകൃഷി മുതലായവ ഉൾപ്പെടുന്ന ഹരിതഗ്രാമം, റോഡ് ടാറിംഗ് അടക്കം ആസ്തി ആർജ്ജിക്കുന്നതും സംരക്ഷിക്കുന്നതുമായ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പ്രവർത്തനം, പാരിസ്ഥിതിക-ആരോഗ്യ പ്രവർത്തനങ്ങൾ അജണ്ടയാക്കി സംഘടിപ്പിച്ച ഗ്രാമസഭകൾ, പഞ്ചായത്തിലെ സേവനങ്ങൾക്ക് ഗുണനിലവാര സംവിധാനം ഏർപ്പെടുത്തിയതിൽ വച്ച് ലഭിച്ച ഐ.എസ്സ്.ഒ സർട്ടിഫിക്കേഷൻ എന്നിവയൊക്കെയാണ് പ്രധാനമായും വിലയിരുത്തപ്പെട്ടത്.കൂടാതെ ഗ്രാമസഭാ നിർദ്ദേശങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പദ്ധതി രൂപീകരണവും നിർവ്വഹണവും,വിവിധ വകുപ്പുകളുടെ ഫണ്ട്, സേവനം,ആസ്തി എന്നിവയുടെ സംയോജനം എന്നിവയും വിലയിരുത്തപ്പെടും.

ചുരുക്കപ്പട്ടികയിൽ വന്ന 14 നോമിമേഷനുകളുടെ അവതരണം രാഷ്ട്രപതി ഭവനിൽ ക്യാബിനറ്റ് സെക്രട്ടറിയടക്കം 5 കേന്ദ്ര സെക്രട്ടറിമാരുടേയും, റെയിൽവേ ചെയർമാനടക്കം മൂന്നു പൊതുമേഖലാ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻമാരുടേയും മുൻപിൽ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ.രാജീവ് നടത്തിയ പദ്ധതി അവതരണത്തിൽ പ്ലാസ്റ്റിക്ക് മാലിന്യ സംസ്ക്കരണത്തിന്റെ ഭാഗമായി നടപ്പാക്കിയ പ്ലാസ്റ്റിക്ക് റോഡും, ഇതിനോടകം ലഭിച്ച 182 ൽ 173 പരാതികളും പരിഹരിച്ച ജാഗ്രതാ സമിതി പ്രവർത്തനവുമാണ് ഏറ്റവും അംഗീകരിക്കപ്പെട്ടത്.ഫണ്ടുകളുടെ സ്ഥിതി വിവരിച്ചപ്പോൾ തനതായി കണ്ടെത്തിയ ഫണ്ടുകളുടെ ഇനത്തിൽ പിഴയായി ഈടാക്കിയ രൂപ 2,73,000/- എന്നതു കണ്ടപ്പോൾ അങ്ങനെയെങ്കിൽ നിങ്ങൾ പ്രദേശത്തെ ജനകീയനായ പ്രസിഡന്റായിരിക്കുമല്ലോ എന്ന് ക്യാബിനറ്റ് സെക്രട്ടറി വക കുസൃതി ചോദ്യം. ലഭിച്ച പണത്തെ ജനങ്ങളുടെ ആവശ്യങ്ങൾക്ക് മുൻഗണന നൽകി വിനയോഗിക്കുമ്പോൾ പിഴ ചുമത്തപ്പെട്ടവരുടെ നീരസവും മാറും എന്ന് പ്രസിഡന്റിന്റെ മറുപടിയും ഉണ്ടായി.ഈ അവതരണത്തിനായി പഞ്ചായത്ത് പ്രസിഡന്റ് ഒഴികെയുള്ള 13 പേരും ഐ.എ.എസ്സ്, ഐ.പി.എസ്സ് ഉദ്യോഗസ്ഥരായിരുന്നു എന്നതായിരുന്നു പ്രത്യേകത.

ജനങ്ങളുടെ പിന്തുണയോടെ ഭരണസമിതിയുടെ കാഴ്ചപ്പാടും ഒറ്റക്കെട്ടായ തീരുമാനങ്ങളും നടപ്പാക്കുവൻ ഉദ്യോഗസ്ഥർ കൂടെനിന്നു എന്നതുകൊണ്ടാണ് പഞ്ചായത്തിന് ഈ അവാർഡ് ലഭിച്ചത്. കൂടാതെ ഒരു പ്രാദേശിക ഭരണകൂടം എന്ന നിലയിൽ പഞ്ചായത്തിന്റെ അധികാരങ്ങളുടേയും ഫണ്ടിന്റേയും വിനയോഗം കാര്യക്ഷ്യമമാക്കി നടപ്പാക്കി. പഞ്ചായത്തിലെ ജനങ്ങൾക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യം ഉറപ്പാക്കുവാൻ നടത്തിയ ശ്രമങ്ങൾക്കുള്ള അംഗീകാരമാണ് ഈ അവാർഡ്. ദേശീയ തലത്തിലെ ഒരു പൊതുഭരണഅവാർഡ് കേരളത്തിലെ ഒരു ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നതിൽ വച്ച് കേരളത്തിലെ ആകെയുള്ള പഞ്ചായത്ത് രാജ് സംവിധാനത്തിനും അഭിമാനിക്കാം എന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഡ്വ. രാജീവ് അറിയിച്ചു. ◆

ആണവോർജ്ജകോർപ്പറേഷനും പരിസ്ഥിതിയും

ജെ.ദേവപ്രകാശ്

ആണവോർജ്ജ കോർപ്പറേഷനെക്കുറിച്ച്

ആണവോർജ്ജഉൽപ്പാദനത്തിൽ ഏർപ്പെട്ടിട്ടുള്ളകേന്ദ്ര ആണവോർജ്ജവകുപ്പിന്റെ നിയന്ത്രണത്തിലുള്ളപൊതുമേഖലാസംരംഭമാണ് ന്യൂക്ലിയർ പവർ കോർപ്പറേഷൻ ഓഫ്ഇന്ത്യാലിമിറ്റഡ് (എൻ.പി.സി.എൽ) അഥവാ ആണവോർജ്ജ കോർപ്പറേഷൻ. രൂപകൽപ്പന, നിർമ്മാണം, നടത്തിപ്പ്എന്നിവയിൽകരുത്ത്തെളിയിച്ച ആണവോർജ്ജകോർപ്പറേഷനാണ്രാജ്യത്ത്ആണവോർജ്ജ നിലയങ്ങൾ നിർമ്മിച്ച് പ്രവർത്തിച്ചു വരുന്നത്. രാജ്യത്തിന്റെ ഏഴ് വ്യത്യസ്തസ്ഥലങ്ങളിലായിമൊത്തം 5780 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 21 ആണവോർജ്ജറിയാക്ടറുകളാണ് ഇപ്പോൾ കോർപ്പറേഷനു കീഴിൽ പ്രവർത്തനക്ഷമമായിട്ടുള്ളത്. രണ്ട് ബോയിലിംഗ്വാട്ടർറിയാക്ടറുകൾ (ബി.ഡബ്ല്യു.ആർ), 18 പ്രഷറൈസ്ഡ്ഹെവിവാട്ടർറിയാക്ടറുകൾ, ഒരു പ്രഷറൈസ്ഡ്വാട്ടർറിയാക്ടർ (പി.ഡബ്ല്യു.ആർ) എന്നിവയടങ്ങുന്നതാണ്റിയാക്ടറുകളുടെ ശ്രേണി. ഇതിനുപുറമെമൊത്തം 3,800 മെഗാവാട്ട്സ്ഥാപിതശേഷിയുള്ളഅഞ്ച്റിയാക്ടറുകൾകൂടി എൻ.പി.സി.ഐ.എൽ നിർമ്മിച്ചുവരികയാണ്.

പ്രകൃതിയോടുള്ള ഉൽക്കടമായ ആദരം

ഇന്ത്യയിലെആണവോർജ്ജ നിലയങ്ങൾക്ക്ചുറ്റുമുള്ള പ്രദേശങ്ങളിൽ വന്യമൃഗങ്ങളുടെ ബാഹുല്യമാണ്. ഇവിടങ്ങളിലെ പ്രശാന്തമായ പ്രകൃതിഭംഗി നിലനിർത്തുന്നതിന് ഉത്തരവാദിത്വമുള്ളഒരുകോർപ്പറേറ്റ്സ്ഥാപനമെന്ന നിലയ്ക്ക് നിർണ്ണായകമായഒട്ടേറെ നടപടികൾ എൻ.പി.സി.ഐ.എൽകൈക്കൊണ്ടിട്ടുണ്ട്.2006-ൽ പ്രകൃതിസ്നേഹികളായജീവനക്കാരെഅംഗങ്ങളാക്കി എൻവയോൺമെന്റ് സ്റ്റുവർഡ്ഷിപ്പ് പ്രോഗ്രാം അഥവാ ഇ.എസ്.പി എന്ന പേരിൽഒരു പ്രത്യേകസംരംഭത്തിന് തുടക്കംകുറിച്ചു. ഇതിന്റെ ഭാഗമായി നേച്ചർ ക്ലബ്ബുകൾസ്ഥാപിക്കുകയും പക്ഷി നിരീക്ഷണം, ആവാസവ്യവസ്ഥയുടെ പരിപാലനം തുടങ്ങിയവയ്ക്ക്തുടക്കമിട്ടു. ഈ നേച്ചർ ക്ലബിലെഅംഗങ്ങൾ പരിസ്ഥിതിസംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽഏർപ്പെട്ട് വരുന്നു. പകൽ സമയത്ത്ആണവനിലയത്തിനുള്ളിൽവൈദ്യുതിഉല്പാദിപ്പിക്കുന്ന തൊഴിലാളികൾ വൈകുന്നേരങ്ങളിലും പുലരികളിലും തങ്ങളുടെതൊഴിലിടത്തിന് ചുറ്റുമുള്ള പ്രകൃതിയിലെ വന്യജീവികളുടെസ്വഭാവ നിരീക്ഷണത്തിൽവ്യാപൃതരാകും. പരിസ്ഥിതിസംരക്ഷണ പരിപാടിയിൽഒരു ത്രിമുഖ തന്ത്രമാണ്അവലംബിച്ചിട്ടുള്ളത്. സാങ്കേതികഅറിവുകൾക്കായിഏതെങ്കിലും പ്രമുഖ പ്രകൃതിസംരക്ഷണസ്ഥാപനവുമായുള്ളസഹകരണം, പ്രകൃതിനിരീക്ഷണത്തിലുംസംരക്ഷണത്തിലും നേച്ചർ ക്ളബംഗങ്ങൾക്ക് പരിശീലനം നൽകൽ, പ്രകൃതിസംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങൾക്ക്അറിവ് പകരൽഎന്നിവയാണിവ.

പ്രത്യേക മേഖലകൾ

കളങ്കമേല്ക്കാത്ത പ്രകൃതിയുമായി ആധുനികശാസ്ത്രംവേദി പങ്കിടുന്ന സ്ഥലങ്ങളാണ്ഇന്ത്യയിൽ ആണവോർജ്ജ നിലയങ്ങൾസ്ഥിതിചെയ്യുന്ന പ്രദേശങ്ങൾ.ഏഴ്ആണവോർജ്ജ നിലയങ്ങൾ നിലകൊള്ളുന്ന സ്ഥലങ്ങളിലുംപ്രധാനപ്പെട്ട രണ്ട് ഭാഗങ്ങളെ നേർത്ത മതിലുകളാണ്വേർതിരിക്കുന്നത്. മതിൽക്കെട്ടിനുള്ളിലെ പടുകൂറ്റൻ ആണവനിലയത്തിൽവൈദ്യുതിഉല്പാദനത്തിനായികണികകൾ ഭിന്നിക്കുന്ന ഒരിടവും, പ്രകൃതിഅതിന്റെഎല്ലാ നൈസർക്ഷിക ഭാവങ്ങളോടുംകൂടി നിലകൊള്ളുന്ന മറ്റൊരിടവും. ഈ രണ്ട് പ്രതിഭാസങ്ങളുംസമഞ്ജസമായി പോകുന്നതിന് പിന്നിൽയുക്തിസഹമായവസ്തുതകൾഉണ്ട്. ആണവ നിലയങ്ങളുടെഏതാണ്ട്ഒരുമൈൽചുറ്റളവിലുള്ള പ്രദേശത്ത് മാത്രമാണ് പ്ലാന്റുകളും അനുബന്ധ റോഡുകളും നിർമ്മിക്കാനായി ഉപയോഗിക്കുന്നത്. ബാക്കി ഭാഗംഅതേപടി നിലനിർത്തിയിരിക്കുകയാണ്. വേണ്ടുവോളം ജലസമൃദ്ധമായ ഈ മേഖലജൈവ സമ്പത്താൽ സമ്പന്നമാണ്. കേന്ദ്ര വ്യവസായസംരക്ഷണസേനയുടെകാവലുള്ള ഈ പ്രദേശത്ത്ഒരുതരത്തിലുള്ള മനുഷ്യ ഇടപെടലുകളും ഇല്ല.ഇതിനെല്ലാം ഉപരിപ്രകൃതിയുമായിതികഞ്ഞ സ്വരചേർച്ചയോടെയാണ്ആണവോർജ്ജ ഉൽപാദനം നടക്കുന്നത്. ആണവ നിലയങ്ങൾഒരിക്കലും ഹാനികരമായഏതെങ്കിലുംവാതകമോമറ്റോ പുറന്തള്ളാത്തതിനാൽഅന്തരീക്ഷത്തെ ഒരുതരത്തിലുംദോഷകര

മായി ബാധിക്കുന്നില്ല. മലിനീകരണംഇല്ലാത്തതുമൂലംഇവിടങ്ങളിൽ സസ്യജാലങ്ങൾതഴച്ചുവളരുകയും പ്രദേശത്തിന്റെ വന്യതഅതേപടി നിലനിർത്തുകയുംചെയ്യുന്നു.

അഭയം, ഭക്ഷണം, വെള്ളം, ശുദ്ധവായു എന്നിവസുലഭമായിലഭ്യമായ ഇന്ത്യൻ ആണവ നിലയങ്ങൾ നിലകൊള്ളുന്ന പ്രദേശംവന്യമൃഗ സമ്പത്തിനെ വൻതോതിൽ ആകർഷിക്കുന്നു. ഇവയിൽ പല ജീവികളും ഈ മേഖലയെതങ്ങളുടെവാസസ്ഥലമായിമാറ്റിയതിൽയാതൊരുഅത്ഭുതവുമില്ല. രാജ്യത്തെ പ്രമുഖ പ്രകൃതിസംരക്ഷണസ്ഥാപനങ്ങളുമായിചേർന്ന് നടത്തിയ പഠനപ്രകാരം ഇന്ത്യയിലെആണവ നിലയങ്ങളുടെ പരിസരങ്ങൾ നൂറുകണക്കിന് സസ്യജാലങ്ങൾക്കും,ഇരുന്നൂറോളംതരം പക്ഷികൾക്കും, എഴുപതിലേറെ ഇനം ചിത്രശലഭങ്ങൾക്കും, നിരവധി സസ്തന ജീവികൾക്കും, ഉരഗങ്ങൾക്കുംവിപുലമായ ശ്രേണിയിൽപ്പെട്ട മത്സ്യഇനങ്ങൾക്കുംവാസസ്ഥലമൊരുക്കുന്നു.

ഈ അമൂല്യമായആവാസവ്യവസ്ഥയെ പരിരക്ഷിക്കുകയാണ് ആണവോർജ്ജകോർപ്പറേഷന്റെ പരിസ്ഥിതി പരിപാടികളുടെലക്ഷ്യം. ഓരോആണവ നിലയത്തിനും ചുറ്റുമുള്ളപ്രദേശത്തെ പ്രകൃതിസംരക്ഷണചുമതലഅതാത് ഇടങ്ങളിലെജീവനക്കാർക്കാണ്. പക്ഷികൾ, ശലഭങ്ങൾ, ദേശാടന പക്ഷികൾഎന്നിവസംബന്ധിച്ച് പഠനം നടത്തുക, നീർത്തടങ്ങൾ വറ്റിപ്പോകാതിരിക്കാൻ നോക്കുക, കീടനാശിനി പ്രയോഗമില്ലാത്ത പൂന്തോട്ടങ്ങൾവച്ചു പിടിപ്പിക്കുക, വന്യമൃഗ സമ്പത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളിൽഅവബോധം വളർത്തുകതുടങ്ങിയവയുംഇവരുടെചുമതലകളിൽപെടും.

പരിസ്ഥിതിസംരക്ഷണത്തിന് നേച്ചർ ക്ലബ്ബുകൾ

ആണവോർജ്ജ കോർപ്പറേഷൻ അതിന്റെഏഴ്ആണവ നിലയങ്ങളിലും നേച്ചർ ക്ലബുകൾക്ക്രൂപം നൽകിയിട്ടുണ്ട്. അതാത് പ്രദേശത്ത്വംശ നാശ ഭീഷണി നേരിടുന്ന പക്ഷിയുടെ പേരാണ് ഈ ക്ലബുകൾക്ക് നൽകിയിട്ടുള്ളത്. ഉദാഹരണമായിനറോറആണവോർജ്ജ നിലയിത്തിലെ നേച്ചർ ക്ലബിന് അവിടങ്ങളിൽകണ്ടുവരുന്ന മീൻകൊത്തി പക്ഷിയുടെ പേരാണ് നൽകിയിട്ടുള്ളത്. അതുപോലെരാജസ്ഥാൻ ആണവോർജ്ജ നിലയത്തിലെ നേച്ചർ ക്ലബിന് ജിപ്സ്കഴുകന്റെ പേരാണ് നൽകിയിട്ടുള്ളത്. ഇതേരീതിയിലാണ്മറ്റ് നേച്ചർ ക്ലബുകൾക്കുംപേര് നൽകിയിട്ടുള്ളത്. കക്രപാർആണവോർജ്ജ നിലയത്തിലെനേച്ചർ ക്ലബിന് വെളുത്ത ഞാറപക്ഷിയെന്നും, താരാപൂർ നിലയത്തിലെനേച്ചർ ക്ലബിന് മുയൽവേട്ട നായെന്നും, കൈഗ നിലയത്തിലെ നേച്ചർ ക്ലബ്ബിന് മാക്കച്ചികാടയെന്നും, കൂടംകുളത്തിലെ നേച്ചർ ക്ലബിന് പെലിക്കൻ എന്നും, മദ്രാസ്ആണവനിലയത്തിലെ നേച്ചർ ക്ലബിന് കൊറ്റിയെന്നുമാണ് നാമകരണംചെയ്തിട്ടുള്ളത്.

അതാത്ആണവ നിലയങ്ങളിലെതൊഴിലാളികളാണ് ഈ ക്ലബ്ബുകളിലെഅംഗങ്ങൾ. പ്രകൃതിയോടുള്ളഉത് ഘടമായഅഭിനിവേശവും പ്രകൃതിസംരക്ഷണ പ്രവർത്തനങ്ങളിൽഏർപ്പെടാനുള്ള സന്നദ്ധതയുമാണ് അംഗത്വത്തിനുള്ളയോഗ്യത. ആണവോർജ്ജകോർപ്പറേഷന്റെഇരുന്നോറളംജീവനക്കാർ ഈ നേച്ചർ ക്ലബ്ബുകളുമായിസഹകരിച്ച് പ്രവർത്തിക്കുന്നു.തുടക്കത്തിൽ പക്ഷിനിരീക്ഷണകേന്ദ്രീകൃതമായിരുന്നു ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ. കാലംകടന്നു പോകവെമറ്റ്ജീവജാലങ്ങളെക്കുറിച്ചുള്ള പഠനങ്ങൾ ആവാസവ്യവസ്ഥിതിയുടെസംരക്ഷണ പ്രവർത്തനങ്ങൾ ശലഭോദ്യാനങ്ങളുടെയുംകടലാമവളർത്തൽകേന്ദ്രങ്ങളുടെയും നിർമ്മാണം എന്നിവയും നേച്ചർ ക്ലബ്ബുകളുടെ പ്രവർത്തനങ്ങളുടെ ഭാഗമായി.ആണവോർജ്ജ കോർപ്പറേഷൻ മാനേജ്മെന്റിന്റെ പിന്തുണയോടെവിപുലമായ പരിസ്ഥിതിസംരക്ഷണ പ്രവർത്തനങ്ങളിലാണ് നേച്ചർ ക്ലബ്ബംഗങ്ങൾ ഏർപ്പെട്ടിട്ടുള്ളത്. പ്രകൃതി നിരീക്ഷണത്തിൽതുടങ്ങിആവാസവ്യവസ്ഥിതി മെച്ചപ്പെടുത്തൽ, ശലഭങ്ങളുടെയും ദേശാടന പക്ഷികളുടെയുംസർവ്വെ, നീർമറി പ്രദേശങ്ങളെക്കുറിച്ചുള്ള പഠനം, കടലാമകളുടെസംരക്ഷണം തുടങ്ങിയവഇവയിൽചിലതുമാത്രം.

ലേഖകൻ (മാസ്മീഡിയ), കോർപ്പറേറ്റ് കമ്മ്യൂണിക്കേഷൻസ്, ന്യൂക്ലിയർ പവർ കോർപ്പറേഷൻ ഓഫ്ഇന്ത്യലിമിറ്റഡ്, മുംബൈയിൽ മാനേജരാണ്.

◆

10-ാം പേജിൽ നിന്നും തുടർച്ച

മുതൽ തന്നെ ടെക്നിക്കൽ സെഷനുകൾ ആരംഭിച്ചു. വേദി ഒന്നിൽ “പ്രാദേശിക സർക്കാരുകളും, പട്ടണത്തിന്റെ അവകാശവും” എന്ന വിഷയത്തെ അടിസ്ഥാനമാക്കി നടന്ന സെമിനാറിൽ സാങ്കേതിക പ്രവർത്തക മുത്ത് മനോരമ പങ്കെടുത്തു. വേദി രണ്ടിൽ നടന്ന സെമിനാർ പ്രാദേശിക സർക്കാരുകളും, Right to Scheduled caste എന്ന വിഷയത്തെ കുറിച്ചായിരുന്നു. വേദി മൂന്നിലെ പ്രാദേശിക സർക്കാരുകളും, പട്ടിക വർഗ അവകാശങ്ങളും എന്ന വിഷയത്തെ അടിസ്ഥാനമാക്കി നടന്ന ആദ്യ സെഷനിൽ സോഷ്യൽ ആക്ടിവിസ്റ്റ് ദയാ ഭായി പങ്കെടുത്തു. വേദി നാലിൽ നടന്ന ആദ്യ സെഷൻ പ്രാദേശിക സർക്കാരുകളും, അംഗപരിമിതരുടെ അവകാശങ്ങളും എന്ന വിഷയത്തെ അടിസ്ഥാനമാക്കിയായിരുന്നു.

രണ്ടാം ദിവസത്തെ രണ്ടാം സെഷൻ എല്ലാ വേദികളിലും ഉച്ചയ്ക്ക് 2.30 ന് തന്നെ ആരംഭിച്ചു. വേദി ഒന്നിൽ “പ്രാദേശിക സർക്കാരുകളും, Right to food” എന്ന വിഷയത്തെ അടിസ്ഥാനമാക്കിയും, വേദി രണ്ടിൽ Local Governments and Right to Service എന്ന വിഷയത്തെ സംബന്ധിച്ചും, വേദി മൂന്നിൽ Local Governments and Child Rights എന്ന വിഷയത്തെക്കുറിച്ചും, വേദി നാലിൽ Local Governments and Gender Right എന്ന വിഷയത്തിലൂന്നിയും സെമിനാറുകൾ നടന്നു.

വൈകിട്ട് 5.30 മുതൽ Local Governments and Rights based development and media എന്ന വിഷയത്തിൽ നടന്ന പാനൽ ചർച്ച (Panel Discussion) പ്രശസ്ത പത്ര പ്രവർത്തകനും മഗ്സസെ അവാർഡ് ജേതാവുമായ പി. സായ്നാഥ് ആണ് നയിച്ചത്. ഹിന്ദു പത്രത്തിലെ ജേർണലിസ്റ്റായ ഗൗരീദാസൻ നായർ ചടങ്ങിൽ പങ്കെടുത്തു. അന്താരാഷ്ട്ര സമ്മേളനത്തിൽ തന്നെ പ്രേക്ഷകരുടെ ഏറ്റവും കൂടുതൽ കൈയ്യടി ഏറ്റുവാങ്ങിയ ചടങ്ങിൽ സായ് നാഥ് തന്റെ സ്വത സിദ്ധമായ പ്രസംഗ ശൈലി കൊണ്ട് വേ



കർണാടക മന്ത്രി എച്ച്.കെ. പാട്ടീൽ

സിക്കിം മന്ത്രി എസ്.കെ. സുബേദി

ദിയെ കൈയിലെടുത്തു. പാർശ്വവൽക്കരിക്കപ്പെട്ടവരുടെ വിഷയങ്ങൾക്ക് മാധ്യമങ്ങൾ കൂടുതൽ പ്രാധാന്യം നൽകേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗം.

മൂന്നാം ദിനത്തിലെ ടെക്നിക്കൽ സെഷനുകൾ രാവിലെ 9.30 ന് തന്നെ ആരംഭിച്ചു. വേദി ഒന്നിൽ പ്രാദേശിക സർക്കാരുകളും, ലൈവ്‌ലിഹുഡ് റൈറ്റ് സ് എന്ന വിഷയത്തെ അടിസ്ഥാനമാക്കി നടന്ന സെമിനാറിൽ പി. സായ്നാഥ് ചെയർ പേഴ്സൺ ആയിരുന്നു. വേദി രണ്ടിലെ സെമിനാർ Local Governments and Environmental Rights എന്ന വിഷയത്തെ അടിസ്ഥാനമാക്കിയും, വേദി 4-ൽ Local Governments and Right Labour Rights എന്ന വിഷയത്തെ അടിസ്ഥാനമാക്കിയും ഉള്ള സെമിനാറുകളും നടന്നു.

മൂന്നാം ദിവസം ഉച്ച തിരിഞ്ഞ് 2.30 മണിമുതൽ സമാപന സമ്മേളനം ആരംഭിച്ചു. ഡോ. എം. കെ. മുനീർ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ പഞ്ചായത്ത് ഡയറക്ടർ സി.എ. ലത, ഐ.എ.എസ് സ്വാഗതം ആശംസിച്ചു. മുഖ്യ മന്ത്രി ഉമ്മൻ ചാണ്ടി ഉത്ഘാടനം നിർവ്വഹിച്ച ചടങ്ങിൽ സിക്കിം പഞ്ചായത്ത് രാജ് മന്ത്രി എസ്. ബി. സുബേദി, Local Government Commission Chairman കുട്ടി അഹമ്മദ് കുട്ടി, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് പി. റ്റി. മാത്യു, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് അഡ്വ. എം. മണികണ്ഠൻ, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറി സൂപ്പി നരിക്കാട്ടേരി എന്നിവർ സംസാരിച്ചു. ഉഗാണ്ടയിൽ നിന്നും എത്തിയ അലിമാൻസോ വൈസവാ VALEDICTORY പ്രസംഗം നടത്തിയ സമ്മേളനം ചീഫ് കോർഡിനേറ്റർ ദിവാകരൻ പിള്ള നന്ദി ആശംസിച്ചതോടെ തിരശ്ശീല വീണു. മൂന്ന് ദിവസങ്ങളിലായി നടന്ന സമ്മേളനം അതിൽ ഏറ്റെടുത്ത വിഷയങ്ങളെക്കൊണ്ടും പങ്കെടുത്ത വ്യക്തികളുടെ പ്രാധാന്യം കൊണ്ടും അവതരിപ്പിക്കപ്പെട്ട പ്രസംഗങ്ങളുടേയും പ്രബന്ധങ്ങളുടേയും മികവ് കൊണ്ടും സംഘാടന മികവുകൊണ്ടും ഉന്നത നിലവാരം പുലർത്തിയായതായി വിലയിരുത്തപ്പെട്ടു. ◆

അവകാശങ്ങളും വികസനവും

കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് 2015 ഒക്ടോബറിലാണ്; നവംബർ 1 ന് പുതിയ ഭരണസമിതികൾ അധികാരമേൽക്കും. രണ്ട് ദശകങ്ങൾ പിന്നിട്ട അധികാര വികേന്ദ്രീകരണ പ്രക്രിയ ആരംഭിച്ച ശേഷം ജനിച്ചവർ സ്ഥാനാർത്ഥികളും വോട്ടർമാരും ആകുന്ന തെരഞ്ഞെടുപ്പ് എന്ന സവിശേഷത ഇതിനുണ്ട്. ഇത് ഒരു വഴിത്തിരിവ് ആണ്. ഇവിടെ നിലനിന്ന പഞ്ചായത്ത് ഭരണ സമ്പ്രദായത്തെപ്പറ്റി പരിജ്ഞാനം ഉള്ളവരായി ക്കൊള്ളണം എന്നില്ല ഈ പുതുതലമുറ. അവർക്ക് അത് ചരിത്രത്തിന്റെ ഭാഗം മാത്രമാണ്. സ്വാതന്ത്ര്യപൂർവ ഭാരതത്തിൽ നിലനിന്ന വ്യവസ്ഥ പിന്നീടുള്ള തലമുറകൾ ചരിത്രം വായിച്ചും ക്ലാസ്സ്മുറികളിൽ പഠിച്ചും രക്ഷകർത്താക്കളിലൂടെ കേട്ടും മനസ്സിലാക്കിയപോലെയാവും അവരും ഇത് ഉൾക്കൊള്ളുക.

പട്ടികജാതി - പട്ടികവർഗ്ഗക്കാർ, പാർശ്വവൽക്കൃതർ, സ്ത്രീകൾ എന്നിവർ മുൻനിരയിൽ എത്തുകയും അവർ ശാക്തീകരിക്കപ്പെടുകയും ചെയ്തു എന്നതാണ് അധികാര വികേന്ദ്രീകരണ ത്തിന്റെ പ്രധാന നേട്ടങ്ങളിൽ ഒന്നായി ഞാൻ കാണുന്നത്. കുടുംബശ്രീ അംഗവും തുടർന്ന് പഞ്ചായത്തംഗവുമായിക്കൊണ്ട് പൊതുപ്രവർത്തന രംഗത്തെത്തിയ വനിത കേരളത്തിൽ ക്യാബിനറ്റിൽ എത്തിയത് പിന്നോക്കജനവിഭാഗങ്ങളിൽ നിന്നുള്ള സ്ത്രീമുന്നേറ്റത്തിന്റെ സൂചക മാണ്. അധികാരവികേന്ദ്രീകരണവും സ്ത്രീശാക്തീകരണ പ്രയത്നങ്ങളും ഇല്ലായിരുന്നു വെങ്കിൽ ഈ വിഭാഗങ്ങൾ മുന്നണിയിൽ എത്തുമായിരുന്നില്ല. തദ്ദേശഭരണ സ്ഥാപനങ്ങളിൽ 50% സ്ത്രീ പ്രാതിനിധ്യം ഉണ്ട് എന്ന് മാത്രമല്ല സ്ഥാപന അദ്ധ്യക്ഷരിലും 50% സ്ത്രീകളാണ്. സ്ത്രീ തുല്യത പൂർണ്ണമായും പ്രാതിനിധ്യത്തിൽ പാലിക്കപ്പെട്ടിരിക്കുന്നു. സ്ത്രീകൾ നേതൃത്വം നൽകുന്ന പഞ്ചായത്തുകൾ കാര്യക്ഷമത, സുതാര്യത, ഉത്തരവാദിത്തം എന്നിവയിലും മുന്നിലാണെന്ന അഭിപ്രായം ജനങ്ങൾക്കുണ്ട്. കേരളത്തിലെ സ്ത്രീകൾ സമൂഹത്തിന്റെ മുഖ്യധാരയിലാണിന്ന്. എല്ലാ രാഷ്ട്രീയ കക്ഷികളിലും നിന്നായി മത്സരിക്കുന്ന സ്ത്രീകളുടെ മൊത്തം സംഖ്യ ഗണ്യമാണ്. എന്നാൽ ഈ രാഷ്ട്രീയ കക്ഷികളുടെ നേതൃനിരയിലും നിർണ്ണായക തീരുമാനം കൈക്കൊള്ളുന്ന സമിതികളിലും സ്ത്രീ സാന്നിധ്യം ശുഷ്കമായത് എന്തുകൊണ്ട്? പുരുഷമേധാവിത്തത്തിൽ നിന്ന് രാഷ്ട്രീയ പ്രസ്ഥാനങ്ങൾ വിമുക്തമല്ല എന്ന് അനുമാനിക്കുന്നവരുണ്ടാകാം.

തദ്ദേശഭരണസ്ഥാപനങ്ങളിൽ ഭരണത്തിലുള്ള സ്ത്രീകൾ സാധാരണക്കാരോട് കൂടുതൽ അടുപ്പം പുലർത്തുന്ന മനോനില ഉള്ളവരാണ്. അവരുടെ സങ്കടങ്ങളും പരാതികളും ക്ഷമാപൂർവം കേൾക്കാനുള്ള മനോഭാവവും ഉണ്ട്. ജനാധിപത്യ സമ്പ്രദായം ദാരിദ്ര്യ നിർമ്മാർജ്ജനം ഫലപ്രദമായി നടപ്പാക്കാൻ കഴിയുന്ന ഭരണക്രമമാണ്. ഉദാഹരണം നമ്മുടെ കുടുംബശ്രീ. ദാരിദ്ര്യ നിർമ്മാർജ്ജനവും ശാക്തീകരണവും കാര്യക്ഷമമായി പ്രാവർത്തികമാക്കി ലോകത്തിന് കാണിച്ചുകൊടുത്ത 41.5 ലക്ഷം അംഗസംഖ്യയുള്ള കുടുംബശ്രീ കേരളത്തിലെ 50% ജനങ്ങളെ പ്രതിനിധീകരിക്കുന്നു. സ്വയം സഹായ സംഘങ്ങളിലൂടെ നിരവധി സൂക്ഷ്മ സംരംഭങ്ങൾ, തൊഴിലുറപ്പ് പദ്ധതികൾ, സാന്ത്വന പദ്ധതികൾ, ജാഗ്രതാ സമിതികൾ, അങ്കണവാടികൾ, വിദ്യാലയങ്ങൾ, കുടുംബക്ഷേമ കേന്ദ്രങ്ങൾ, കാർഷിക പുനരുദ്ധാരണം, മാധ്യമ പ്രവർത്തനം എന്നിങ്ങനെ സമൂഹത്തിന്റെ മിക്ക മേഖലകളിലും ഇന്ന് പ്രസ്ഥാനത്തിന്റെ ശക്തമായ സാന്നിധ്യമുണ്ട്. ഉൽപ്പാദന-

ക്ഷേമ രംഗങ്ങളിലെ കുടുംബശ്രീ പ്രവർത്തനം പുതിയ മാതൃകയാണ്. ജനാധിപത്യ പ്രക്രിയയിലെ ശാക്തീകരിക്കപ്പെട്ട സ്ത്രീ സാന്നിധ്യം രാഷ്ട്രീയ നേതൃത്വങ്ങളിൽ മതിയായ പ്രാതിനിധ്യം തങ്ങൾക്ക് വേണമെന്ന ശബ്ദം സ്ത്രീകളിൽ നിന്ന് തന്നെ ഉയരാൻ നിമിത്തമാകും. അധികാര വികേന്ദ്രീകരണത്തിന്റെ ഈ പരിണിതഫലം അധികമാരും മുൻകൂട്ടി കണ്ടിരുന്നില്ല.

എ.ഡി.എസ്, സി.ഡി.എസ്, ജാഗ്രതാ സമിതികൾ ജീവനോപാധി പദ്ധതികൾ എന്നിവയിൽ ശക്തമായ സ്ത്രീ പങ്കാളിത്തം ഉണ്ട്. പക്ഷേ ഇവിടെ പുരുഷന്റെ റോൾ എത്രത്തോളം? കുടുംബത്തിന്റെ വരുമാന ദായകത്വം സ്ത്രീകൾ ഏറ്റെടുത്തപ്പോൾ പുരുഷന്മാർ പതുക്കെ പിൻവാങ്ങുകയാണോ? ബിരുദതലത്തിൽ ആൺകുട്ടികളുടെ പ്രവേശനം 30% മാത്രമേ ഉള്ളൂ എന്നതും ഇതുമായി ചേർത്ത് വച്ച് അപഗ്രഥന വിഷയമാക്കേണ്ടതാണ്.

പ്രദേശിക സർക്കാരുകളും അവകാശാധിഷ്ഠിത വികസനവും എന്ന ഈ രാജ്യാന്തര കോൺഫറൻസിന്റെ പ്രധാന വിഷയം വികേന്ദ്രീകരണ പ്രക്രിയയിലെ ഒരു പുതിയ പാതയിലേക്ക് വിരൽ ചൂണ്ടുന്നു. ഇനിയുള്ള മുന്നേറ്റം അവകാശം ഊട്ടിയുറപ്പിച്ചു കൊണ്ടാവണം എന്നത് പങ്കാളിത്ത ഭരണത്തിന്റെയും മനുഷ്യാവകാശത്തിന്റെയും സുനിശ്ചിത ഗതിയാണ്. പ്രാധാന്യം ഗുണഭോക്തൃത്വത്തിൽ നിന്നും അവകാശ അർഹതയിലേക്ക് പരിവർത്തിക്കപ്പെടുന്നു. അഗതികളിലേക്കും ഹതഭാഗ്യരിലേക്കും തദ്ദേശഭരണം കൂടുതൽ ആഴ്ന്നുചെല്ലേണ്ടതുണ്ട് എന്ന് കഴിഞ്ഞ ഇരുപതിലധികം വർഷത്തെ അനുഭവം നമ്മെ പഠിപ്പിക്കുന്നു. അർഹമായ സഹായത്തിനായി തദ്ദേശഭരണ പ്രതിനിധിയുടെ സമീപത്തേക്ക് ഈ ദുർബലർ എത്തുന്നതിന് പകരം പ്രതിനിധി അവരുടെ അടുത്തേക്ക് പോകുന്ന രീതിയാണ് അനുവർത്തിക്കേണ്ടത് സാമൂഹ്യസുരക്ഷിതത്വത്തിനായി തദ്ദേശഭരണ സ്ഥാപനങ്ങൾ ചെയ്യേണ്ടത് എന്തൊക്കെയാണ്? ഒരു പഞ്ചായത്തിൽ 25,000–30,000 ജനങ്ങൾ അധിവസിക്കുന്നു എന്ന് കരുതുക, അവരിൽ 500–600 പേരെങ്കിലും പ്രത്യേക ശ്രദ്ധയും പരിചരണവും ആവശ്യമുള്ളവരായിരിക്കും. അവരിൽ വൃദ്ധരുണ്ടാവാം, ഒറ്റപ്പെട്ടവരുണ്ടാവാം, ദരിദ്രരുണ്ടാവാം, രോഗികൾ ഉണ്ടാവാം, സ്മൃതിനാശം വന്നവർ ഉണ്ടാവാം, സ്ഥിരം കിടപ്പിലായവരുണ്ടാവാം. ഇവരുടെ കരുതൽ എവിടെ നിന്ന് ഉണ്ടാവണം? നമ്മൾ തന്നെ കരുതലോടെ അവരെ പരിരക്ഷിക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കേരള ഗവൺമെന്റ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്ന 2 ലക്ഷം സന്നദ്ധപ്രവർത്തകരുടെ സജീവ പങ്കാളിത്തത്തോടെയുള്ള 'വീകെയർ വോളന്റിയർ കോർ' പ്രസക്തമാവുന്നത് ഇവിടെയാണ്. തദ്ദേശഭരണ പ്രതിനിധികൾക്ക് അവകാശാധിഷ്ഠിത പ്രവർത്തനം അർഹരിൽ എത്തിക്കാൻ കഴിയുന്ന ഫസിലിറ്റേറ്റർമാർ ആവാൻ ഈ സംവിധാനം പ്രയോജനപ്പെടും.

വികേന്ദ്രീകരണത്തിന്റെ ഭാഗമായ സമഗ്രവികസനം ചില രംഗങ്ങളിൽ അഭിലഷണീയമല്ലാത്ത സ്ഥിതി സംജാതമാക്കി എന്നതും വിസ്മരിക്കാൻ കഴിയുകയില്ല. പരിസ്ഥിതി രംഗത്താണ് ഇത് കൂടുതലായി പ്രകടമാക്കുന്നത്. നമ്മുടെ നദികളും ജലസ്രോതസ്സുകളും കൂടുതൽ മലിനമായി. വൻതോതിലുള്ള ഭവനനിർമ്മാണം മൂലം കാർഷിക ഭൂമിയുടെ വിസ്തൃതി കുറഞ്ഞുപോയി. നമ്മുടെ മണ്ണും വനവും കുന്നുകളും ഒരു പുനരുജ്ജീവനം വേണ്ട സ്ഥിതിയിലാണിന്ന്. പ്രകൃതിയുടെയും പ്രകൃതി വിഭവങ്ങളുടെയും പരിപാലനത്തിനും സംരക്ഷണത്തിനും ആയി വരുംകാലങ്ങളിൽ കൂടുതൽ പ്രാധാന്യം തദ്ദേശ സ്ഥാപനങ്ങൾ നൽകേണ്ടതായി വരും.

ഭരണസമിതിയുടെ അമരത്തേക്കും അംഗങ്ങളായും പുതിയതായി എത്തുന്നവർ സാമൂഹ്യസേവനം എന്ന സന്ദേശം ഉയർത്തിപ്പിടിക്കേണ്ടവരാണ്. അവകാശാധിഷ്ഠിത വികസനം അവരിലൂടെ സാക്ഷാത്കൃതമാകാൻ അത്യാവശ്യമാണ്. ◆

(ഐക്കോഡ് 2015, 'അനുഭവങ്ങൾ പങ്കുവയ്ക്കൽ' സെഷനറിൽ ബഹു. മന്ത്രി നടത്തിയ പ്രഭാഷണത്തിന്റെ സംക്ഷിപ്തം)

INTERNATIONAL CONFERENCE ON DEEPENING DEMOCRACY
LOCAL GOVERNMENTS AND RIGHTS BASED DEVELOPMENT
May 15-17, Hotel Samudra,Kovalam
ICODD
KTDC Samudra KOVALAM

ICODD



INTERNATIONAL CONFERENCE ON DEEPENING DEMOCRACY

INTERNATIONAL CONFERENCE
ON DEEPENING DEMOCRACY
LOCAL GOVERNMENTS AND RIGHTS BASED DEVELOPMENT

VIP

വാർത്തകളും വിശേഷങ്ങളും

ബാലസഭയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 35,000/ രൂപ വരെ വകയിരുത്താൻ അനുമതി

കുട്ടികളുടെ അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിനായി കുടുംബശ്രീ രൂപീകരിച്ചിട്ടുള്ള ബാലസഭയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി 35000/- രൂപ വരെ ഫണ്ട് അനുവദിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് യഥേഷ്ടാനുമതി നൽകി ഉത്തരവായി.

സ.ഉ. (സാധാ) നം. 1363/2015/തസ്വഭവ തീയതി: 06-05-2015

കൈവശാവകാശം രേഖയുള്ളവർക്ക് ആനുകൂല്യം നൽകാം

ഭവന നിർമ്മാണ ധനസഹായത്തിന് ഗ്രാമസഭ തെരഞ്ഞെടുത്തിട്ടുള്ള വ്യക്തികൾക്ക് അവർക്ക് ഭൂമിയുടെ കൈവശാവകാശ രേഖയുള്ള പക്ഷം ആനുകൂല്യങ്ങൾ നൽകാവുന്നതാണെന്ന് നിർദ്ദേശം പുറപ്പെടുവിച്ചു.

സർക്കുലർ നമ്പർ. 7135/ഡി.ബി.1/14/തസ്വഭവ തീയതി: 25-03-15

വസ്തുനികുതി പരിഷ്കരണ ഉത്തരവ് ഭേദഗതി ചെയ്തു

14-1-2011ലെ 18/2011/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നഗരസഭകളിൽ വസ്തുനികുതി പരിഷ്കരിച്ചുകൊണ്ട് 2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർ ചാർജും) ചട്ടങ്ങളും 15-03-2013ലെ 100/2013/തസ്വഭവ ഉത്തരവനുസരിച്ച് 2013ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർ ച്ചാർജ്ജും) ഭേദഗതി ചട്ടങ്ങളും പുറപ്പെടുവിച്ചിരുന്നു.

14-1-2011ലെ 20-2011/തസ്വഭവ നമ്പർ ഉത്തരവനുസരിച്ച് 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളും 13-03-2013ലെ 88/2013/തസ്വഭവ ഉത്തരവ് പ്രകാരം 2013ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ഭേദഗതി ചട്ടങ്ങളും പുറപ്പെടുവിച്ചു. 14-01-2011ലെ 19/2011/തസ്വഭവ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ വസ്തു നികുതി നിരക്കുകൾ നിശ്ചയിച്ചുകൊണ്ട് പുറപ്പെടുവിച്ച വിജ്ഞാപനത്തിന് 24-02-2015ലെ 36/2015/തസ്വഭവ നമ്പർ ഉത്തരവിലൂടെ ഭേദഗതിയും വരുത്തി 4-6-2013ലെ 210/13 തസ്വഭവ നമ്പർ ഉത്തരവ്, 2-12-2013ലെ 371/13/തസ്വഭവ നമ്പർ ഉത്തരവ്, 18-02-2015ലെ 33/15/തസ്വഭവ നമ്പർ ഉത്തരവ് എന്നിവ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വസ്തുനികുതി പരിഷ്ക്കരണം സംബന്ധിച്ച് സ്പഷ്ടീകരണം നൽകിയും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തുകളിലെയും മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷനുകളിലേയും വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി നൽകി ഉത്തരവ് പുറപ്പെടുവിച്ചു.

1. 2000 സ്ക്വയർ ഫീറ്റ് വരെ തറ വിസ്തീർണ്ണമുള്ളതും വിസ്തീർണ്ണം വർദ്ധിപ്പിച്ചിട്ടില്ലാത്തതുമായ വീടുകൾക്ക് പുതുക്കിയ ചട്ടപ്രകാരമുള്ള നികുതി വർദ്ധന ബാധകമാക്കേണ്ടതില്ല. അവർക്ക് 1-04-2013ന് മുമ്പ് നിലവിലുണ്ടായിരുന്ന നികുതി തന്നെ ഈടാക്കിയാൽ മതിയാകുന്നതാണ്. വിസ്തീർണ്ണം വർദ്ധിപ്പിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് വർദ്ധനക്ക് ആനുപാതികമായി നിലവിലുള്ള സ്ക്വയർ ഫീറ്റ് നിരക്കനുസരിച്ച് നികുതി വർദ്ധിപ്പിക്കേണ്ടതാണ്.
2. വിസ്തീർണ്ണം 2000 സ്ക്വയർ ഫീറ്റിൽ അധികരിക്കുന്ന കെട്ടിടങ്ങൾക്ക് 1-04-2013 മുതൽ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിശ്ചയിക്കുമ്പോൾ അപ്രകാരമുള്ള വീടുകൾക്ക് നികുതി വർദ്ധന ഉണ്ടാകുന്നുണ്ടെങ്കിൽ ആയത് നിലവിലുള്ള നികുതിയുടെ 25%-ൽ അധികരിക്കാൻ പാടില്ലാത്തതാണ്. നികുതി നിർണ്ണയിച്ച ശേഷം പുതിയതായി കെട്ടിടം നിർമ്മിച്ചിട്ടുണ്ടെങ്കിൽ അതിന് ആനുപാതികമായി വർദ്ധനവ് വരുത്തേണ്ടതാണ്.

   ഏറ്റവും ഒടുവിൽ നടത്തിയ വാർഷിക വസ്തു നികുതി നിർണ്ണയത്തിനോ പുനർനിർണ്ണയത്തിനോ ശേഷം പ്രസ്തുത കെട്ടിടത്തിന് വിസ്തൃതി വർദ്ധിപ്പിച്ചിട്ടില്ലെങ്കിൽ ആ കെട്ടിടങ്ങളെ വസ്തു നികുതി വർദ്ധനയിൽ നിന്ന് ഒഴിവാക്കുമ്പോൾ അവരിൽ നിന്നും ഇതിനകം ഈടാക്കിയിട്ടുള്ള തുകകൾ ഭാവി വരവുകളിലേക്ക് അഡ്ജസ്റ്റ് ചെയ്യേണ്ടതാണ്.
3. തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വാണിജ്യ, വ്യവസായ കെട്ടിടങ്ങളുടെ വാർഷിക വസ്തു നികുതി ആദ്യമായി നിശ്ചയിക്കുമ്പോൾ വാർഷിക വസ്തു നികുതിയിൽ വർദ്ധനവ് ഉണ്ടാകുന്നുവെങ്കിൽ അപ്രകാരമുള്ള വർദ്ധനവ് 100% ൽ അധികരിക്കാൻ പാടില്ല. പുതിയ നിർമ്മാണം ഉണ്ടെങ്കിൽ ആനുപാതിക വർദ്ധനവ് അധികമായി ചുമത്തേണ്ടതാണ്.
4. 660 സ്ക്വയർഫീറ്റ് വരെ വിസ്തീർണ്ണമുള്ള എല്ലാ വാസഗ്രഹ കെട്ടിടങ്ങളേയും വസ്തു നികുതിയിൽ നിന്നും ഈ സാമ്പത്തിക വർഷം (2015-16) മുതൽ ഒഴിവാക്കേണ്ടതാണ്.
5. മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ എല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ബാധകമായിരിക്കുന്നതാണ്.
6. ഈ ഉത്തരവിനനുസരണമായി ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതാണ്.

സ.ഉ (എം.എസ്) നം. 144/15/തസ്വഭവ തീയതി: 27-04-2015

തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണ രൂപം www.lsgkerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.

Edited and Published by C.A. Latha IAS, Director of Panchayats, Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Akshara Offset, Thiruvananthapuram



പഞ്ചായത്ത്‌രാജ്

പരസ്യ നിരക്ക്

	തുക രൂപയിൽ
കവർ (അവസാനപുറം) കളർ	12000/
കവർ (ഉൾവശം) കളർ	10000/
കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ്	8000/
മറ്റു പേജുകൾ (കളർ)	8000/
മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്)	6000/
അര പേജ് (കളർ)	5000/
അര പേജ് (ബ്ലാക്ക് & വൈറ്റ്)	3000/

PANCHAYATRAJ (Monthly) **May 2015**
Annual Subscription ₹120/-, Published on 20th **May 2015**
Posted at Trivandrum RMS on 25th & 26th of every month

RNI. No.: 7959/64
Postal Reg. No. KL/TV(N) 391/**2015-17**
Licensed to Post without Prepayment No. KL/TV(N) WPP-85/**2015-17**

Printed & Published by **C.A. Latha IAS**, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Akshara Offset (for GLM), Vanchiyoor,Thiruvananthapuram, Kerala - 695 035 and Published at Directorate of Panchayats,
Museum P.O., Thiruvananthapuram - 695 033, Kerala. Editor: **C.A. Latha IAS**